
നിജാനന്ദവിലാസം

ശ്രീ ചട്ടമ്പിസ്വാമികൾ



നിജാനന്ദവിലാസം

ശ്രീ ചട്ടമ്പിസ്വാമികൾ

E-book Published By
http://hinduebooks.blogspot.com
November 2010

ഉള്ളടക്കം

ആമുഖം

അദ്വൈതവേദാന്തം പഠിച്ചു തുടങ്ങുന്ന ഒരു വിദ്യാർത്ഥി ആദ്യം പഠിക്കുന്നത് പ്രകരണഗ്രന്ഥങ്ങളെയാണ്. വേദാന്ത ശാസ്ത്രത്തെ സംക്ഷിപ്തവും, ലളിതവും, സമഗ്രവുമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളാണ് പ്രകരണഗ്രന്ഥങ്ങൾ. (ഇതു കൂടാതെ വേദാന്തത്തിലെ ഏതെങ്കിലും ഒരു വിഷയത്തെ മാത്രമെടുത്ത് അതിനെ ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥ ങ്ങളുമുണ്ട് ആത്മബോധം, ദൃഗ്ദൃശ്യവിവേകം, തുടങ്ങിയവ. അവയെക്കുറിച്ചുള്ള ഒരു ചർച്ച ഈ സന്ദർഭത്തിൽ പ്രസക്തമല്ല). ഇവയിൽ ഒന്നാമത്തെ വിഭാഗത്തിൽ സാധാരണയായി പ്രചാരത്തിലുള്ള ചില പ്രകരണഗ്രന്ഥങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു.

വിവേകചൂഡാമണി – ശങ്കരാചാര്യസ്വാമികൾ
ഉപദേശസാഹസ്രി – ശ്രീ ശങ്കരാചാര്യസ്വാമികൾ
പഞ്ചദശി – വിദ്യാരണ്യസ്വാമികൾ
വേദാന്തസാരം – സദാനന്ദ യോഗീന്ദ്രൻ
വേദാന്തപരിഭാഷ – ധർമ്മരാജ അധ്വരീന്ദ്രൻ
ലഘുവാസുദേവമനനം – വാസുദേവൻ

ഇവയെല്ലാം സംസ്കൃതഭാഷയിൽ രചിക്കപ്പെട്ടവയായ തിനാൽ ഭാരതമൊട്ടുക്കും സംസ്കൃതത്തിലും, ചിലപ്പോൾ ഇവയുടെ പ്രാദേശികഭാഷകളിലുള്ള തർജ്ജമകളുപയോഗിച്ചും പഠനപാഠനം നടക്കുന്ന പതിവുണ്ട്. മേൽ പറഞ്ഞ പ്രകരണഗ്രന്ഥങ്ങൾ കൂടാതെ പലരും പ്രാദേശികഭാഷകളിൽ സ്വതന്ത്രമായി പ്രകരണഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

നിജാനന്ദവിലാസം

നിജാനന്ദവിലാസം: തമിഴിൽ കൊടകനല്ലൂർ സുന്ദരസ്വാമികൾ എഴുതിയ ഒരു പ്രകരണഗ്രന്ഥത്തിന്റെ മലയാളപരിഭാഷയാണു ശ്രീ ചട്ടമ്പിസ്വാമികളുടെ "നിജാനന്ദവിലാസം" എന്നാണ് ഡോ. കെ. മഹേശ്വരൻ നായർ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ശ്രീ നിത്യചൈതന്യയതിയുടെ ആമുഖത്തോടുകൂടി പ്രസ്തുത പുസ്തകത്തിന്റെ ഒരു പുതിയ പതിപ്പ് 1978–ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ ആമുഖത്തിൽ ഈ കൃതി തമിഴിൽ നിന്നുള്ള പരിഭാഷയാണെന്ന കാര്യം സ്മരിച്ചുകാണുന്നില്ല.

ഈ പുസ്തകത്തെക്കുറിച്ച് ശ്രീ നിത്യചൈതന്യയതി ഇപ്രകാരം പറയുന്നു, "ഈ ഒരൊറ്റ കൃതി മനസ്സിലാക്കുന്നതുകൊണ്ടുതന്നെ അവിദ്യ ഒഴിഞ്ഞു പരമാർത്ഥത്തെ പകൽപോലെ കാണുവാനിട വരും". സംസ്കൃതത്തിലെ വേദാന്തഗ്രന്ഥങ്ങൾക്കുള്ള കാഠിന്യം ഈ കൃതിക്കില്ല. തമിഴിലെ വേദാന്തകൃതിയുടെ പൊതുസ്വഭാവം ലാളിത്യമാണ്. അത് അപ്പാടെ നിലനിർത്തുവാൻ ചട്ടമ്പിസ്വാമികൾക്ക് നിജാനന്ദവിലാസത്തിൽ കഴിഞ്ഞിട്ടുണ്ട്.

അവസ്ഥാത്രയശോധനാ സമ്പ്രദായപ്രകരണം

ശിഷ്യൻ: സർവ്വജ്ഞകരുണാമൂർത്തിയായും പരമഗുരുവായും പ്രകാശിക്കുന്ന പ്രാണനാഥ! അടിയൻ പരമഗതി അടയാനുള്ള മാർഗ്ഗത്തെ ലളിതമായി മനസ്സിന് ധരിക്കത്തക്കവിധത്തിൽ ഉപദേശിച്ചരുളേണമേ!.

ആചാര്യൻ: ജീവൻ ദേഹേന്ദ്രിയാന്തഃകരണങ്ങളേയും അവ യിൽ അവസ്ഥാത്രയത്തേയും അവറ്റിൽ പ്രതിബിംബിച്ച ചൈതന്യത്തേയും ഇവറ്റിന്നധിഷ്ഠാനാമായ അംസഗോദാസീന നിത്യശുദ്ധ മുക്ത പരിപൂർണ്ണ കൂടസ്ഥ ബ്രഹ്മചൈതന്യത്തേയും വിവേകാഭാവഹേതുവായിട്ട്, സ്വയം വെണ്മയായ സ്ഫടികം ജവാകുസുമസന്നിധിവശാൽ രക്തസ്ഫടികമെന്ന് കാണപ്പെടും പോലെ, ഞാൻ, എന്റേത് എന്ന് തിരിച്ച് വിപരീതമായി കണ്ടു കൊള്ളുന്നതിനെ തള്ളി ഉള്ളപ്രകാരം പരമാത്മാവായി തന്നെ ദർശിച്ചാൽ, അതു തന്നെയാകുന്നു പരമഗതി.

ശിഷ്യൻ: സ്വാമിൻ, വെണ്മയായ ഒരു വസ്ത്രത്തിൽ നിജമായിട്ട് കറുപ്പ് മുതലായ ഭേദമാകുന്ന അഴുക്ക് പറ്റിയാൽ അതിനെ മറ്റൊരു ക്രിയാതന്ത്രത്താൽ എടുത്തു മാറ്റാം. സ്ഫടികത്തിൽ ഇല്ലാതെ തോന്നി അഭേദമായി കലർന്നിനിന്ന രക്തവർണ്ണമെന്നതു പോലെ ഛേദിക്കൻ പാടില്ലാതെ ഇരിക്കു ന്നതിനെ എങ്ങനെ പിരിച്ചു കൂടും?

ആചാ: അപ്രകാരം ഇല്ലാതിരുന്നാലും ദേഹേന്ദ്രിയാന്തഃകരണ ചിദാഭാസകൂടസ്ഥ മുതലായവറ്റിൻ വിവേകാനുഭൂതിയാൽ പിരിച്ചെടുക്കാം.

ശി: ആ വിവേകാനുഭൂതി എപ്രകാരമുള്ളതാകുന്നു?

ആചാ: ദേഹം, ഇന്ദ്രിയം, അന്തഃകരണം, ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി, ഇവയിൽ വിഷയമായ ഭാവാഭാവരുപമായിരിക്കുന്ന ജഗത്ത്, സർവ്വവും ജഡമാകുന്നു. അവറ്റെ പ്രകാശിപ്പിക്കുന്ന ചിത്തു ചിദാഭാസനാകുന്നു. അതിനും അധിഷ്ഠാനമായിരിക്കുന്ന ചിത്ത് കൂടസ്ഥനിത്യബോധമായ പരമാത്മാവാണ്. അവയിൽ പിരിച്ചെടുത്തുകൂടാത്ത വിധത്തിൽ കലർന്നു തോന്നുന്ന ആ തത്ത്വങ്ങളെ പിരിച്ചുനോക്കുന്ന വിചാരം:

ജാഗ്രത്തിൽ പിരിച്ചു കാണിക്കുന്നു.

ഉണങ്ങിയ ഒരു ചാമ്പൽക്കുന്നിൽ ജലകണസംബന്ധം ഉണ്ടാകുമ്പോൾ ആ ചാമ്പലിൽ എങ്ങിനെ ജലവ്യാപകം (ഈർപ്പം) കാണപ്പെടുന്നുവോ അപ്രകാരം, ജ്ഞാനേന്ദ്രിയ കർമ്മേന്ദ്രിയങ്ങളോടുകൂടിയ ഈ സ്ഥൂലദേഹം ജാഗ്രദവസ്ഥ യിൽ ഭാവാഭാവരൂപമായ ഘടപടാദി പ്രത്യക്ഷജഗത്തായി കാണ പ്പെടുമ്പോൾ, നിർവാതദീപംപോലെ കരണേന്ദ്രിയങ്ങളെ വിക്ഷേപിക്കാതെ ഒരേ നിലയിൽ നിറുത്തി ശിവപെരുമാന്റെ കരുണയോടുകൂടിയ, പരമഗുരുപ്രസാദത്തോടുകൂടിയ, വിവേകാ നുഭൂതിയാൽ നോക്കുകിൽ, സപ്തധാതു[1] സമൂഹമായ ദേഹം. രണ്ടു വകയോടു കൂടിയ ഇന്ദ്രിയം, അവറ്റിൻ വിഷയമായ ജഗത്ത്, ഇവകളെ അതാതു നാമരൂപങ്ങളോട് ഭിന്നഭിന്നമായി തോന്നിപ്പിച്ച് അവയേ ഉള്ളും വെളിയും വ്യാപിച്ചു പ്രകാശിപ്പി ക്കുന്ന തന്നെ ആത്മാവായും അവകളെ ദൃശ്യമായ അനാത്മാ വായും അനുഭവിപ്പാറാകും.

[1] ത്വക്, മാസം, രക്തം, അസ്ഥി, മജ്ജ, രസം, ശുക്ലം എന്നിവയത്രേ സപ്തധാതു ക്കൾ.

ജലസംബന്ധമുള്ള ചാമ്പല്‍ക്കുട്ടം ഉണങ്ങിയാല്‍ അതില്‍ ജലസ്വഭാവം കാണപ്പെടാതെ ജലവ്യാപകാഭാവം അനുഭവിക്കപ്പെടും. അപ്പോള്‍ ആ ചാമ്പല്‍ക്കൂട്ടത്തിനും ഉള്ള ഭേദം എപ്രകാരം ഗ്രഹിക്കപ്പെടുന്നുവോ അതുപോലെ, സ്ഥൂലദേഹത്തെ വിട്ട് ജാഗ്രദാദി വ്യവഹാരത്തില്‍ നിന്നു നീങ്ങി ആ ആത്മചൈതന്യം സ്വപ്നദേഹത്തില്‍ പ്രവേശിക്കുമ്പോള്‍, ഇത് സ്ഥൂലദേഹം, ഇതു രണ്ടു വകയോടുകൂടിയ ഇന്ദ്രിയം, ഇത് ഭാവാഭാവരൂപമായ ഘടപടാദി ജഗത്ത് എന്നുള്ള ജ്ഞാനം എന്നിങ്ങനെ ഇവകളെ കണ്ട് അനുഭവിക്കുമ്പോള്‍ ദേഹാദികളില്‍ നിന്നു ആത്മചൈതന്യം വേറാകുന്നുവെന്നു പിരിച്ചനുഭവിക്കപ്പെടും.

സ്വപ്നത്തില്‍ പിരിച്ചു കാണിക്കുന്നു.

സ്വപ്നാവസ്ഥയില്‍ സൂക്ഷ്മശരീരത്തില്‍ ഇരുന്നുകൊണ്ട് ആ ആത്മചൈതന്യം പ്രകാശിക്കുമ്പോഴും, അപ്രകാരം തന്നാല്‍ കല്പിക്കപ്പെട്ട തന്റെ ദേഹാദി സകല ജഗത്തിലും വ്യാപിച്ചു പ്രകാശിക്കുമ്പോഴും, മേഘമണ്ഡലം, നക്ഷത്രമണ്ഡലം, ചന്ദ്രമണ്ഡലം ഇവകളില്‍ വ്യാപിച്ചു ഇവയെ പ്രകാശിപ്പിക്കുന്ന ചന്ദ്രജ്യോതിസ്സ് ചെറുത്. വലിയത്, വട്ടം മുതലായ ആകൃതികളോടുകൂടിയ ആ മേഘാദികളില്‍ നിന്നും അന്യമാകുന്നുവെന്നു അനുഭവിക്കപ്പെടുന്നതുപോലെ, സ്വപ്നത്തില്‍ കണ്ട തന്റെ ദേഹാദി സകല ജഗത്തും സ്വാത്മചൈതന്യവ്യാപകത്തില്‍ ദൃശമായി കാണപ്പെടുകയാല്‍ അവകള്‍ അനാത്മാവെന്നും അവകളില്‍ വ്യാപിച്ചു കണ്ട തന്നെ അനാത്മവിലക്ഷണ സ്വപ്നദ്രഷ്ടാവായ ആത്മാവെന്നും വിവേകത്താല്‍ നിദാനിച്ചു നോക്കുമ്പോള്‍ അപ്രകാരം തന്നെ അനുഭവത്തിനു വരും.

അല്ലാതെയും ഈ ആത്മചൈതന്യവ്യാപകം അവിദ്യയായും സുഷുപ്തിയായും ഇരിക്കുന്ന കാരണശരീരത്തിൽ പ്രവേശിക്കുമ്പോൾ മുൻപറയപ്പെട്ട സൂക്ഷ്മശരീരവും അതിന്റെ വ്യവഹാരത്തിൽ കണ്ട സ്വപ്നപ്രപഞ്ചവും ഈ ആത്മചൈതന്യവ്യാപകത്തെ വിട്ടു നീങ്ങിയതുകൊണ്ടു താന്താങ്ങളെ ഉള്ള പ്രകാരം ജഡങ്ങളായിട്ട് കല്പിച്ച് കാണത്തക്കവണ്ണം ഭവിക്കും. അതുകൊണ്ടും അവകളിൽ നിന്നും ആത്മാവു അന്യനാകുന്നുവെന്നുള്ള അനുഭവം വരാം.

സുഷുപ്തിയിൽ പിരിച്ചു കാണിക്കുന്നു.

സുഷുപ്തിയിൽ അവിദ്യയാകുന്ന കാരണശരീരത്തിൽ ആത്മചൈതന്യവ്യാപകം പ്രാപിച്ച സമയത് താൻ അന്യമാകുന്നു എന്നുള്ള ഭേദകല്പന വിട്ട് അഭേദമായിട്ടുപോലും കല്പിച്ചതായി കാണപ്പെടാതെ ശൂന്യംപോലെ പ്രകാശിച്ചുകൊണ്ടിരിക്കും. തദ്ദശയിലും അവന്റെ വിലക്ഷണതയെ കണ്ടനുഭവിക്കണം.

ശി: ജാഗ്രത്ത്, സ്വപ്നം ഈ രണ്ടവസ്ഥകളിലും സ്ഥൂല സുക്ഷ്മങ്ങളാകുന്ന രണ്ടു ശരീരങ്ങളോടും കൂടി സകല ജഗത്തും ദൃശ്യമായി കാണപ്പെട്ടതുകൊണ്ട് ഇതു ആത്മവസ്തു, ഇതു അനാത്മവസ്തു എന്നിങ്ങനെ വിവേകിച്ച് അറിയാൻ കഴിയും. സുഷുപ്ത്യവസ്ഥയിൽ ദൃശ്യം, ദ്രഷ്ടാ, ദർശനം എന്നുള്ള ഭേദം അനുഭവിക്കപ്പെടാത്ത സ്ഥിതിക്കു ആത്മാനാത്മ വിവേകാനുഭൂതി എങ്ങനെ ഘടിക്കും?

ആചാ: ദൃഷ്ടിയിൽ കാണപ്പെട്ട ഒരു രജ്ജുവെ ഇതെന്ന് സാമാന്യജ്ഞാനത്താൽ കുറിക്കുമ്പോൾ അതിന്നു വേറായി കല്പന ഹേതുവായിട്ട് തോന്നിയ സർപ്പം ബുദ്ധി വഴിയായി അനുഭവിക്കപ്പെടുമ്പോൾ ഏറിയ ഭയത്തോടുകൂടി ആ

കയറ്റിന്മേൽ വീണു മൂർച്ഛ അടഞ്ഞിട്ടും, അപ്പോൾ കണ്ണു വഴിയായി കയറ്റിനെപ്പറ്റി ബുദ്ധിയിലുദിച്ച ഇതെന്ന സാമാന്യ ജ്ഞാനവും ഭ്രാന്തി നിമിത്തം രജ്ജുവിൽ കല്പിക്കപ്പെട്ട ബുദ്ധിയിൻ വഴിയെ സർപ്പമായി പ്രകാശിച്ച സർപ്പജ്ഞാനവും തമ്മിൽ ഐക്യപ്പെട്ടു. അപ്പോൾ അവ വേറെ ആകുന്നുവെന്നുള്ള വിവേകത്തിനു അവസരമില്ലാതിരുന്നു. എങ്കിലും മൂർച്ഛ തെളിയുമ്പോൾ ഇത്, സർപ്പം എന്ന രണ്ടു ജ്ഞാനവും പ്രത്യക്ഷത്തെ മുന്നിട്ടു മുമ്പിലത്തെപ്പോലെ ബുദ്ധിയിൻ വഴിയിലൂടെ രജ്ജുവിൽ ഉദിക്കയാൽ ആ ഉദിച്ച അവസ്ഥയെ ക്കൊണ്ടു വിവേകിക്കിൽ ഭേദഭാവന അറും. മൂർച്ഛയുടെ മുമ്പും പിമ്പും ആയി ഉദിച്ച രണ്ടു ജ്ഞാനത്തിൽ, ഇതെന്ന ജ്ഞാനാനുഭവം വസ്തുതന്ത്രമായ കയറ്റിനെ ചേർന്ന വിവേക ജ്ഞാനമെന്നും, സർപ്പജ്ഞാനം കർത്തുതന്ത്രമായ ആരോപിത സർപ്പവിഷയവിവേകജ്ഞാനമെന്നും വിവേകാനുഭൂതി ഉണ്ടാകു മാറുപോലെ, സുഷുപ്തിയിൽ കാരണശരീരത്തോട് ഐക്യപ്പെട്ട് ഭേദാഭേദകല്പന കൂടാതെ ശൂന്യംപോലെ കാണപ്പെട്ട് ജ്ഞാനസ്വരൂപമായ ആത്മവ്യാപകം ഉണരുമ്പോൾ, ഞാൻ ഒന്നുമറിയാതെ സുഖമായി ഉറങ്ങിയെന്നുള്ള അനുഭവം ആകട്ടെ, ആ ആത്മാവ് സുഷുപ്തിയിൽ സ്ഥിതിചെയ്യുമ്പോൾ അന്യനാ ലുണ്ടായ ചില വാക്കുകൾ നിമിത്തം ഉണരുന്ന ഇവറ്റ ശോധിച്ചാൽ ആ അവസ്ഥാത്രയങ്ങളുടെ വിവേകം ഉദിക്കാ വുന്നതാണ്. അതായത് ഉറങ്ങുമ്പോൾ ചില ചൊല്ലുകൾ കേൾക്കപ്പെടാതെയും ചിലതു കേൾക്കപ്പെട്ടും, അപ്പോൾ കരണേന്ദ്രിയങ്ങളെ ഒഴിഞ്ഞു ശൂന്യം പോലെയിരുന്ന ആ ആത്മവ്യാപകം യാതൊരു കല്പനയോടു അഭിമുഖപ്പെടാതെ തെളിവായി ഉദിച്ച്, അനന്തരം മറ്റൊരു

ചൊല്ലാൽ അതിന്റെ പൊരുളോടു കൂടിയ കല്പനയോടു കൂടുന്ന ആ അവസ്ഥയെ വിവേകത്താൽ അനുഭവിച്ചു നോക്കുകിൽ ശൂന്യത്താൽതന്നെ അസത്തുപോലെ കണ്ടുകൊണ്ടുള്ള കുറിപ്പും, ശൂന്യത്തിനു വേറായി കല്പനയോടെതിരിടാതെ ചില ശബ്ദവിശേഷങ്ങളാൽ കരണേന്ദ്രിയങ്ങളുടെ സംബന്ധം കൂടാതെ സാമാന്യമായി ഉള്ളിൽ ഒരു ഉണർവ്വു മാത്രമായി ഉദിച്ചു പ്രകാശിച്ച കുറിപ്പും അനന്തരം ചില ശബ്ദങ്ങളാൽ ഉണ്ടായ അതിന്റെ അർത്ഥമായ കല്പനയോടുംകൂടി പ്രകാശിച്ചതാകട്ടെ, ഇവറ്റിനും, ഇവകളെ ദൃശ്യമായ അനാത്മവസ്തുക്കളായി പ്രകാശിപ്പിക്കുന്ന ദ്രഷ്ടാവായ ജ്ഞാനസ്വരൂപമായ തനിക്കും തമ്മിലുള്ള ഭേദജ്ഞാനാനുഭൂതി ഉണ്ടാകും.

ആകയാൽ ആകാശത്തൊരിടത്തിൽ പതിവായിരിക്കുന്ന ചന്ദ്രമണ്ഡലം ദൃഷ്ടിചലനഭേദത്തോടു കൂടി നോക്കപ്പെടുമ്പോൾ ആ സ്ഥലത്ത് ചന്ദ്രമണ്ഡലം ഇല്ലാത്തതുപോലെയും ഒരു നാലു കോലിനകലമായി രണ്ടു മണ്ഡലമായിട്ട് ഉദിച്ചു പ്രകാശിക്കുന്നതുപോലെയും അവയിലും ദൃഷ്ടിയുടെ ചലനഭേദത്താൽ ഒരു മണ്ഡലം കണ്ടും കാണാതെയായും മറ്റൊരു മണ്ഡലം നല്ലപോലെ വട്ടം തികഞ്ഞു പ്രകാശിച്ചും കാണപ്പെടുമ്പോൾ അവന്റെ സ്ഥാനത്ത് അവന്റെ ശൂന്യവും മറ്റൊരു സ്ഥലത്ത് മണ്ഡലത്തിന്റെ കുറിപ്പുകൂടാതെയുള്ള അവന്റെ ഉദയവും വേറൊരു സ്ഥലത്ത് മണ്ഡലം തികഞ്ഞ വിശേഷമായ ഉദയവും ഒരു ദൃഷ്ടിയിൽ കാണപ്പെടുന്നതുപോലെ, കരണേന്ദ്രിയങ്ങൾ അടങ്ങി ആത്മാ മാത്രമായി ശേഷിച്ച സ്ഥലത്ത് ശൂന്യം പോലെയുള്ള അവന്റെ അഭാവവും അതിൽ നിന്ന് ഭേദമായി വിശേഷം കൂടാതെ ഉണർവ് മാത്രമായ സാമാന്യ ഉദയവും സങ്കല്പത്തോടുകൂടിയ വിശേഷ ഉദയവും ഏതു

ആത്മചൈതന്യ വ്യാപകത്തിൽ ഭേദിച്ച് കാണപ്പെടുന്നുവോ, ആ ആത്മചൈതന്യ വ്യാപകത്തെ വേറായിട്ടു കണ്ട് അതിനെ വസ്തുതന്ത്രമായ അഹം പദാർത്ഥമായിട്ട് നിർണ്ണയമായനുഭവിച്ച്, അവനു ദൃശ്യമായിത്തോന്നിയ ശൂന്യസാമാന്യ വിശേഷക്കുറിപ്പുകളെ കർതൃതന്ത്രമായ കല്പിത വസ്തുവായിട്ടും തെളിഞ്ഞ് ആ കല്പിതങ്ങളും ഭേദമായി അനുഭവിക്കപ്പെടും. വിവേകത്താൽ ബാധിക്കപ്പെടും. രണ്ടു കാലത്തും തന്റെ അധിഷ്ഠാനത്തീന്നു വേറായിരിക്കയില്ലെന്ന് മതിച്ച രജ്ജുവിൽ തോന്നിയ സർപ്പത്തേ രജ്ജുസത്തയാൽ വ്യാപിക്കെ ആ സത്തയാൽ സർപ്പസത്ത കാലത്രയത്തിലും വേറായില്ലാതെ വിട്ടുനീങ്ങി രജ്ജുവിന്റെ വ്യാപകസന്മാത്രമായി പ്രകാശിക്കുന്നതുപോലെ ജ്ഞാനരൂപമായ ആത്മാവിന്റെ സത്തയാൽ ഈ ശൂന്യം, സാമാന്യം, സങ്കല്പമായ വിശേഷം, അപ്രകാരം സ്വപ്നജഗത്ത്, സ്ഥൂലദേഹത്തോടു കൂടിയ ജാഗ്രത്പ്രപഞ്ചം, ഇവറ്റെ വ്യാപിക്കുന്നതിന് സാധനമായ ഇന്ദ്രിയകരണങ്ങൾ, ഇതുകളെ എല്ലാവറ്റെയും അനുഭവിച്ച പ്രകാരം ഓർമ്മയാൽ ഒരു കാലത്ത് അഭിമുഖപ്പെടുകിൽ അക്കാലത്ത് ആദ്യന്തമറ്റ ആത്മപ്രകാശസമുദ്രത്തിൽ നാമരൂപങ്ങളായ അല, കുമിള, നുര മുതലായ ഈ പ്രപഞ്ചമശേഷവും ഇതിങ്കൽ അടങ്ങുന്നതായി അനുഭവത്തിനു വരും. ആകയാൽ കാറ്റ് ശമിച്ച വ്യാപകസമുദ്രത്തിലുണ്ടായ അലനുരകുമിളകൾ അതാതു സ്ഥാനത്തിൽ ജലമാത്രമായി അടങ്ങി വ്യാപകസമുദ്രമായി കാണുന്നതുപോലെ, അനേക നാമരൂപവിചിത്രങ്ങളായി ദൃശ്യഭേദത്തോടു കൂടിയ അനേക ബ്രഹ്മാണ്ഡമണ്ഡലങ്ങളായി ഭവിച്ച സ്ഥൂല സൂക്ഷ്മകാരണങ്ങളെന്ന ജഡപ്രപഞ്ചങ്ങൾ വാസനയെന്ന കല്പനയാകുന്ന ചലനവായു അടങ്ങവേ അവകൾ തത്തത് സ്ഥാനത്തിൽ തന്നെ ആധാരവൃത്തിജ്ഞാന സമുദ്രമാത്രമായിട്ട് അടങ്ങിക്കാണും. ആവിധ വൃത്തിസമുദ്രത്തെ ഉറ്റു നോക്കു

മ്പോൾ ആദിമദ്ധ്യാന്തശൂന്യമായി സ്ഥൂലസൂക്ഷ്മകാരണാദി ഭേദം കൂടാതെ ഏകാകാരമായി, ജ്ഞാനാനന്ദഘനമായി, അനുഭവത്തിന്നു വരും. ആ അനുഭവവും കരതലാമലകം പോലെ തന്റെ ജ്ഞാനപ്രകാശത്തിൽ ദൃശ്യമായി ഗ്രഹിക്കപ്പെടുകയാലും ദൃശ്യമശേഷവും അനാത്മവാകയാലും അതു അഹംപദാർത്ഥമല്ലെന്നും അതിനെ വ്യാപിച്ചു പ്രകാശിക്കുന്ന സ്വരൂപജ്ഞാനവഹ്നിയിൽ ദൃശ്യമായ വൃത്തിക്കു സുമം ഭവിപ്പാൻ കാരണമില്ലയെന്നും നിഷേധിക്കുമ്പോൾ അതും അധിഷ്ഠാനാത്മസ്വരൂപ ഭാനമാത്രമായി നീങ്ങിപ്പോകും. ഈ ആത്മസ്വഭാവത്തെ അഹംകാരവൃത്തിസംബന്ധം കൂടാതെ താനായി പ്രകാശിക്കുന്ന പ്രകാരം അനുഭവിച്ചാലും.

ശിഷ്യൻ: അപ്രകാരമേ സ്ഥൂലസൂക്ഷ്മകാരണങ്ങളായി തോന്നിയ ബ്രഹ്മാണ്ഡമണ്ഡലങ്ങളെ സ്വാനുഭവത്തിൽ കണ്ട പ്രകാരം, ബഹിരിന്ദ്രിങ്ങളാൽ വ്യാപിക്കപ്പെട്ട പദാർത്ഥങ്ങളെ ബഹിരിന്ദ്രിയ വ്യാപാരോപയോഗിയായ വിഷയാധാര അഖണ്ഡവൃത്തിയിലും, അന്തരിന്ദ്രിയങ്ങളാൽ വ്യാപിച്ചു പ്രകാശിക്കപ്പെട്ട സൂക്ഷ്മപ്രപഞ്ചങ്ങളെ സൂക്ഷ്മവിഷയ ഗ്രഹണോപയോഗിയായ വിഷയാധാരഅഖണ്ഡവൃത്തിയിലും, കാരണപ്രപഞ്ചത്തെ, അതിനെ വ്യാപിച്ച് പ്രകാശിപ്പിക്കുന്ന കാരണപ്രപഞ്ചവിഷയ ഗ്രഹണസാമഗ്രിയായ വിഷയധാര അഖണ്ഡവൃത്തിയിലുമായിട്ടു ലയിപ്പിച്ച്, മുമ്പിൽ വിക്ഷേപ വൃത്തിയാൽ തോന്നിയ സ്ഥൂല സൂക്ഷ്മ പഞ്ചഭൂതങ്ങളുടെ വികാരങ്ങളായ സ്ഥൂലസൂക്ഷ്മ ശരീരങ്ങളോടും കൂടിയ പ്രപഞ്ചാഭാവമാകട്ടെ, അവിദ്യയാൽ തോന്നിയ ഭാവാഭാവപ്രകാശ ആത്മപ്രകാശത്തെ മറയ്ക്കുന്ന കാരണ പ്രപഞ്ചാഭാവമാകട്ടെ, ഇവറ്റെ തനിക്കഭേദമായി കാണിച്ച അഖണ്ഡ പരിപൂർണ്ണവൃത്തി മാത്രമായിട്ട് തനതനുഭവത്തിൽ വന്ന സമയത്ത് അതിനെയും,

ആചാര്യരുടെ ഉപദേശപ്രകാരം അതിസൂക്ഷ്മമായ തനത് ത്രിപുടിശൂന്യ സ്വരൂപജ്ഞാനത്തെ ആ വൃത്തിയിൽ ഉള്ളും വെളിയും ഇടവിടാതെ നിറഞ്ഞു പ്രകാശിക്കുന്ന ഭാനന്റെ വൃത്തിസംബന്ധംകൂടാതെ താനായി അനുഭവിക്കെ മുൻപറയപ്പെട്ട വൃത്തിയും കാലത്രയത്തിലും ഇല്ലാത്തതായി നീങ്ങി ഭാവാഭാവാത്മകവൃത്തികളില്ലാത്ത സ്വപ്രകാശമായ തനതാത്മസ്വഭാവത്തെ സ്വാനുഭവത്തിനാൽ അടഞ്ഞ്, സ്വാത്മാനന്ദസമുദ്രത്തിൽ മുഴുകി, വാസനാത്രയമറ്റവനായി ഭവിച്ചു.

ഗുണാധിക്യജന്യ ആരോപ സൂക്ഷ്മനിരൂപണപ്രകരണം

ശിഷ്യൻ ആചാര്യരെ വന്ദിച്ച വണക്കത്തോടു കൂടി ചോദിച്ചു: ഇപ്രകാരം ഭാവാഭാവവൃത്തിസംബന്ധം കൂടാതെ, സ്വപ്രകാശ പരമാത്മ ആവിർഭാവതിരോഭാവം കൂടാതെ ഏകമായി എക്കാലത്തും എങ്ങും പ്രകാശിക്കയാൽ, അദ്ധ്യാരോപ അപവാദങ്ങൾക്കു ആദരവായി നിന്ന പ്രപഞ്ചാദ്ധ്യാസം ആഭാസമായിട്ടെങ്കിലും വരാൻ കാരണമെന്ത്? ഞാൻ ഒന്നുമറിയാതെ സുഖമായി ഉറങ്ങി എന്നതിനെ പരിശോധിക്കുന്ന വിധം എങ്ങിനെ? ഇവറ്റെ അരുളിചെയ്യേണമേ!

ആചാര്യൻ: ഞാൻ എന്നും, സുഖം എന്നും, ഒന്നുമറിയാതെ ഉറങ്ങി എന്നും കാണപ്പെട്ടതിൽ, '"ഇതു സർപ്പ"മെന്നതിൽ പ്രത്യക്ഷമായി അനുഭവിക്കപ്പെട്ട രജ്ജുവിൽ ഇതെന്ന ജ്ഞാനം സാമാന്യജ്ഞാനമായിരുന്നു എങ്കിലും സർപ്പാനുഭവജ്ഞാന മാകുന്നതു പോലെ, ഞാനെന്ന ജ്ഞാനം സാമാന്യജ്ഞാന മായിരുന്നുവെങ്കിലും ബ്രഹ്മാനുഭവജ്ഞാനമാകും. കയറ്റിൽ സർപ്പമെന്ന ജ്ഞാനമായിരുന്നുവെങ്കിലും ബ്രഹ്മാനുഭവജ്ഞാന മാകും. കയറ്റിൽ സർപ്പമെന്ന ജ്ഞാനം വിശേഷജ്ഞാന മായിരുന്നാലും വിവേകാനുഭൂതിയാൽ ബാധിക്കപ്പെടുകകൊണ്ട് അപ്രമാണജ്ഞാനമാകുന്നതുപോലെ, ഒന്നുമറിയാതെ ഉറങ്ങി എന്ന ജ്ഞാനം വിശേഷജ്ഞാനമായിരിക്കിലും അപ്രമാണ ജ്ഞാനാനുഭവമാകും.

ശി: അതെങ്ങനെ?

ആചാ: ജന്മാന്തരത്തിൽ ശൂദ്രനായിരുന്ന ഒരുവൻ മറ്റൊരു ജന്മത്തിൽ ബ്രാഹ്മണനായിരിക്കുമ്പോൾ, ശിഖായജ്ഞോപവീത

ത്തോടുകൂടിയ തന്റെ ദേഹത്തെ കണ്ട് അതിനെ മറന്ന് തന്നെ ബ്രാഹ്മണനെന്നു നിർണ്ണയമായി സ്വീകരിച്ചതുപോലെ ജാഗ്രദവസ്ഥയിൽ രക്തമൂത്രമാംസാദികളാലുണ്ടായ സ്ഥൂല ശരീരത്തെ ഞാനെന്നഭിമാനിച്ച അവസ്ഥ വിട്ട് സ്വപ്നാവസ്ഥയെ പ്രവേശിക്കയാൽ മനോമാത്രത്താൽ കല്പിക്കപ്പെട്ട ഞാൻ എന്ന ബിന്ദുവിൽ വാസനയാൽ തോന്നിയ ശരീരം കാണപ്പെട്ട്, അതിനെത്തന്നെ ഞാനെന്ന് അനുഭവിച്ച്, അനന്തരം ആ അവസ്ഥ വിട്ട് സുഷുപ്തിയിൽ പ്രവേശിച്ച് അവിടെ ഇന്ദ്രിയവാസന മനോവാസന ഈ രണ്ടും അഹംകാരമാകുന്ന ബിന്ദുവിൽ നിന്ന് വേർപെട്ടതിനാൽ സ്ഥൂലസൂക്ഷ്മ ക്കുറിപ്പാകുന്ന വിശേഷാഭാവവും കാരണസംബന്ധാഭാവവും നിമിത്തം അവിദ്യാന്ധകാരത്താൽ വിഴുങ്ങപ്പെട്ട്, ഭണമാത്രത്തിൽ അതും ലയിച്ച്, ഇന്ധനമില്ലാത്ത അഗ്നികണംപോലെ അഹംകാരപ്രതിബിംബിതജീവജ്ഞാനവും തനത് ബിംബമായ കൂടസ്ഥ ചൈതന്യത്തിൽ അതു മാത്രമായടങ്ങിയിരുന്ന്, അനന്തരം കർമ്മവാസനാവശത്താൽ നിരാകാരമായ വൃത്തി ഉദിച്ച്, അതിൽ കൂടസ്ഥൻ ജീവരൂപപ്രതിബിംബമായി തോന്നി, ആ വൃത്തിയിൽ പ്രതിബിംബപ്രകാശത്താൽ ആ അഹങ്കാരമെന്ന ബിന്ദു പൂർവ്വംപോലെ അഹം എന്നു പ്രതിഫലിച്ച്, ആ അഹങ്കാരവൃത്തിയിൽ നിരാകാരവൃത്തിയിങ്കൽ മുൻ പ്രതിബിംബിച്ച ചൈതന്യം തന്നെ പ്രതിബിംബിച്ച്, ആ ആത്മപ്രകാശത്തോടുകൂടിയ അഹങ്കാരവും അക്ഷണത്തിൽ തനിക്കു വിഷയഗ്രഹണസാമഗ്രിയായുള്ള ദേഹേന്ദ്രിയാദികളുടെ വാസന തന്നിലുദിക്കാത്തതുകൊണ്ട് അഹം അഹം എന്നു താൻ പ്രകാശിച്ചിടും.

അവിടെ നിർവികാസവിശേഷ കൂടസ്ഥനായ തന്റെ ബിംബചൈതന്യം തനിക്കാശ്രയമായി പ്രകാശിച്ചുകൊണ്ടി

രുന്നിട്ടും വിവേകാഭാവം നിമിത്തം അതിനെയും, ഈ അഹംകാരവൃത്തിക്ക് സാക്ഷിയായി കുറിച്ചറിയുന്നതിന് സാമർത്ഥ്യമില്ലാതെ, ഈ അഹംകാരവൃത്തിയിൽ പ്രതിബിംബിച്ച് പ്രകാശിക്കുന്ന തന്നെയും, അഹങ്കാരവൃത്തിക്കു ചിജ്ജഡ വിവേകമില്ലായ്കയാൽ ഇതു അഹംകാരം. താൻ അഹംകാരി എന്നറിയുന്നതിന്ന് വല്ലഭമില്ലാതെ നിർവിഷയമായിരുന്ന നിർവൃത്തിക നിരാകാര കൂടസ്ഥ ചൈതന്യമാകട്ടെ, നിരാകാരശുദ്ധസത്ത്വവൃത്തി പ്രതിബിംബിത വിശേഷകൂടസ്ഥ ചൈതന്യമാകട്ടെ, അഹംകാരവൃത്തി പ്രതിബിംബിത അഹങ്കാരിചൈതന്യമാകട്ടെ, ഇമ്മൂന്നും അഹങ്കാരവൃത്തിയിൽ വിഷയവാസന ഉദിക്കായ്ക യാൽ നിർവിഷയമായ അഹംകാരം ഇരുന്നിട്ടും ഇല്ലാത്തതു പോലെ ഇതെന്നു നിർണ്ണയിപ്പാൻ പാടില്ലാത്തതിനാൽ നിരാലംബമായി വാടി മയങ്ങി. ആ സമയത്ത് തന്നിലടങ്ങിയ തമോഗുണം ആ അഹങ്കാരവൃത്തിയിൽ പ്രകാശിച്ചിരിക്കുന്ന അഹങ്കാര ചൈതന്യത്തേയും അതിനു ബിംബസ്ഥാനമായി രിക്കുന്ന കൂടസ്ഥ ചൈതന്യത്തേയും ജ്ഞാനമായി സിദ്ധി ക്കാത്ത വിധത്തിൽ ലയരൂപമായിരുന്നു മയക്കി. ആ അവസ്ഥയിൽ ലയരൂപമായ തമോഗുണത്തലുണ്ടായ അഹംകാരത്തിന്റെ ഘോരമായ മയക്കിന് അഹംകാരത്തിൽ പ്രതിബിംബിച്ച അഹംകാരചൈതന്യവും മയക്കിന് അഹംകാരത്തിൽ പ്രതിബിംബിച്ച അഹംകാരചൈതന്യവും പ്രാപിച്ചതുപോലെ ഭവിച്ച് പ്രകാശിക്കേ, ആ അഹംകാരവൃത്തിക്കുള്ളടങ്ങിയ രജോഗുണം തനതുശക്തിയാൽ അതിസൂക്ഷ്മമായ, വാസനാരൂപമായ സ്ഥൂലസൂക്ഷ്മ കരുവികാരങ്ങളാകട്ടെ അവയുടെ വിഷയങ്ങളാകട്ടെ, അവയുടെ സ്ഫൂർത്തിയെ പ്രജ്ഞാമാത്രമായി ഉദിപ്പിച്ച അക്ഷണത്തിൽ ആ അഹങ്കാരവൃത്തിക്കുള്ളതുമായ സത്ത്വഗുണം അഹംകാര

വൃത്തിക്കു വിവേകലേശംപോലും ഇല്ലാത്തതിനാൽ രജോഗുണത്താൽ തോന്നിയ അതിസൂക്ഷ്മങ്ങളായ ആ വിഷയങ്ങളെ അതിസൂക്ഷ്മങ്ങളായി കാണിച്ച അവകളെത്തന്നെ അതു അവലംബനമായിട്ട് അഭിമാനിച്ചിരിക്കേ, ആ അനുഭൂതിയിൽ ആവിധ അവലംബനത്തോടു കൂടിയ അഹംകാരം ആ സത്ത്വഗുണത്തിൻ സഹായത്താൽ അതിസൂക്ഷ്മമായി വാസനാരൂപഭോഗഭോഗ്യഭോക്തൃ ത്രിപുടിയെ കൊടുക്കുന്ന കരുവികരണങ്ങളോടുംകൂടി, അതിൽ നിന്ന് മുമ്പുള്ള അനുഭവത്തെയും വർത്തമാനത്തിന്റെ അനുഭവത്തെയും ഭേദമായി കണ്ട്, ഈ വർത്തമാനാനുഭവത്തിന്റെ തോറ്റമില്ലായ്മ തന്നെ ഭൂതകാലാനുഭവത്തിൽ ജ്ഞാനത്തിന്റെ അഭാവമായി കല്പിക്കപ്പെട്ട ആ കല്പനയാൽ കൂടസ്ഥ പരമാത്മ ചൈതന്യമായ തനതധിഷ്ഠാനചൈതന്യം തന്നെ, ഒരു സ്ഥാണു ചോരനായി തോന്നുന്നതുപോലെ, അജ്ഞാനമായി തോന്നി, അപ്രകാരം തന്നെ തന്റെ സ്വരൂപം സഹജമായി മറപ്പെട്ട് സ്ഥൂലസൂഷ്മോപാധികളിൽ ആത്മബുദ്ധി തടിച്ച്, ആ അനാത്മവസ്തുവിൽ തടിച്ച ആ ആത്മബുദ്ധിയാൽ ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മുന്നവസ്ഥകളുലും ആവരണം, വിക്ഷേപം എന്ന രണ്ടു ശക്തികളാൽ സ്വരൂപ ജ്ഞാനപ്രകാശവിവേകജ്ഞാനം കൂടാതെ ഭ്രാന്തനെപ്പോലെ ചുഴലുന്നു.

ഇതിനെ വിവേകിച്ച് ശോധിച്ചു തള്ളുന്നതിനുള്ള വിവരം:

സ്ഥൂലവ്യാപകമായ അഹന്തയെ സ്ഥൂലത്തിന്നു വേറായിട്ടും, അപ്രകാരം സ്ഥൂലത്തിന്നു വേറായി സൂക്ഷ്മത്തെ വ്യാപിച്ചതായി ഇരിക്കുന്ന ആ അഹന്തയെത്തന്നെ സൂക്ഷ്മത്തിന്നു വേറാക്കി അതിനെതന്നെ ആ സൂക്ഷ്മത്തിന്നു കാരണമായും, സ്ഥൂലസൂക്ഷ്മബീജമായ ആ കാരണത്തെ

വ്യാപിച്ച അഹന്തയെ ആ കാരണത്തീനു വേറായും, അഹംപദാർത്ഥമെന്നു കാണണം. അപ്രകാരം കാണുകിൽ ആ ആവരണവിക്ഷേപ ശക്തികളും അവറ്റാൽ തോന്നിയ മൂന്നവസ്ഥകളും തന്നിൽ നിന്നു വേറായിട്ടു തോന്നി അനാത്മവസ്തുക്കളായി നിഷേധിക്കപ്പെടും. ശ്രോത്രത്തിനാൽ രൂപം കാണാൻ കഴിയാത്തതുപോലെ ആവരണവിക്ഷേപങ്ങൾ വിട്ടുനീങ്ങിയ ആത്മാ ദൃഷ്ടാ മാത്രമായി നില്ക്കയാൽ, മുൻ പറയപ്പെട്ട അനാത്മവസ്തുക്കൾ തോന്നാതെ നിരാധാരമായി നശിച്ചു പോകും. അക്കാലത്തു ദ്വൈതവസ്തുക്കളില്ലയ്കയാൽ അഹം പദാർത്ഥമായി അനുഭവത്തിനു വരും.

ആ അനുഭൂതിയിൽ "സ്ഥൂല സൂക്ഷ്മ കാരണമായ സകല പ്രപഞ്ചവും കൂടസ്ഥ പരമാത്മ സ്വരൂപ ചൈതന്യവും വ്യാപക ചൈതന്യമാത്രമായിട്ട്, ജലബുദ്ബുദതരംഗാദികളോടു കൂടിയ ഒരു വിസ്താരമായ തടാകത്തിൽ സഹജമായി ഇടവിടാതെ നിറഞ്ഞ വ്യാപകാകാശം മറഞ്ഞു കാണുകിലും തടാകത്തെ പ്രതിബിംബിച്ച ആകാശം നോക്കപ്പെടുമ്പോൾ ജലവികാരമായ ഫേനബുദ്ബുദതരംഗാദികളും അതുകൾക്ക് ആധാരമായ ജലവും ബിംബകാരണത്തെ മറയ്ക്കുന്നതിന് വല്ലഭമില്ലാതെ, അനുഭൂതിയിൽ കാണപ്പെടാതെ, പ്രതിബിംബാകാശസത്തയെ തനിക്കു വേറായിട്ടു കാണിക്കാതെ, ബിംബാകാശസത്ത തന്നെ എങ്ങിനെ അനുഭവിക്കപ്പെടുന്നോ അങ്ങിനെ തന്നെ, അനുഭവിക്കപ്പെടുന്നതാണ്. ഇങ്ങനെ അനുഭവംവരുകിൽ അദ്ധ്യാസത്തിന്റെ വിവരവും സുഷുപ്തിയിൽ ആത്മാനാത്മ വിവേകമുദിക്കുന്ന വിധവും ലളിതമായി അറിയാറാകും.

ശി: അഹന്ത മൂന്നുവിധ ഉപാധികളെ വ്യാപിച്ച വിധത്തെയും, അതിനെ അവകളിൽനിന്നും അപ്പുറപ്പെടുത്തുന്ന

മാതിരിയേയും, വിവരമായി വിസ്തരിച്ചറിയത്തക്കവണ്ണം ഉപദേശിച്ചരുളേണമേ!

ആചാ: സുഷുപ്തിയിൽ നിന്നും ഉദിച്ച അഹന്ത തനതു സത്ത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളിൽ, തമോഗുണത്താൽ അഹംപൊരുളിനെ അജ്ഞാനമായി കൊണ്ട് രജോഗുണത്താൽ അതിസൂക്ഷ്മമായിട്ട് വാസനാമയങ്ങളായ കരുവികരണങ്ങളെ കല്പിച്ച്, സത്ത്വഗുണത്താൽ അവയെ അവലംബിച്ച്, ആ അവലംബപ്രകാരം അതിൽ പ്രതിഫലിച്ച അഹംകാരിചൈതന്യവും അപ്രകാരം തന്നെ പ്രകാശിച്ചതെന്നു മുമ്പേതന്നെ നിരൂപിക്കപ്പെട്ടിരിക്കുന്നതിനെ ഇനിയും വിചാരിക്കാം: അതായത്, തമോഗുണമെന്നത് തന്നിൽ പ്രതിബിംബിച്ച ചൈതന്യത്തെ തെളിവായി കാണിക്കാതെ മറഞ്ഞതുപോലെ കാണിക്കുന്ന വല്ലഭത്തോടുകൂടിയതാകുന്നു. രജോഗുണം തന്നിൽ പ്രതിബിംബിച്ച ചൈതന്യത്തെ മറയാതെയും ചൈതന്യമായി കാണിക്കാതെയും നാനാരൂപ ങ്ങളായി തോന്നിച്ച് പ്രകാശിപ്പിക്കും. സത്ത്വഗുണം മുൻ രണ്ടു ഗുണങ്ങൾക്കും ഉൾപ്പെട്ടുപോയതിനാൽ നാമരൂപവിഷയാകാര പ്രതിഫലനങ്ങളേയും, ജഡം പോലയുള്ള തമഃപ്രതിഫലന ത്തെയും അഹംവൃത്തിയിൽ പ്രതിഫലിച്ച ചൈതന്യത്തിനു തന്നിൽ പ്രതിഫലിച്ച ചൈതന്യസത്താബലത്താൽ വെവ്വേറെ യായി നല്ലപോലെ കാണിച്ച് അപ്രകാരം പ്രകാശിപ്പിക്കും. അഹന്തസത്ത്വത്തിൻ ബലത്താൽ തന്നിൽ പ്രതിബിംബിച്ച ചൈതന്യപ്രകാശംകൊണ്ടു അവറ്റെ വെവ്വേറെയായി കാണി ക്കിലും, തനതു സ്വഭാവമായ സ്വന്തസ്ഥിതി (തന്മ) എന്ന തദാത്മ്യസംബന്ധത്താൽ അവയിൽ താദാത്മ്യപ്പെട്ടു നിൽക്കും.

ഈ മൂന്നു ഗുണങ്ങളാൽ കല്പിക്കപ്പെടുന്ന വിഷയ ങ്ങളെയും അവകളെ അഹന്ത താദാത്മ്യപ്പെടുത്തും മാതിരി

യേയും പറയാം. മൂന്നാമത്തെ അവസ്ഥയിൽനിന്നും അഹന്ത ഉദിച്ച്, അതിൽ പ്രതിബിംബിച്ച ചൈതന്യപ്രകാശത്താൽ തന്നുള്ളടങ്ങിയ സത്ത്വഗുണത്തിന്റെ ബലത്താൽ അഹന്തയ്ക്കു വർത്തമാനത്തിൽ അഹമർത്ഥജ്ഞാനവും, ഭൂതകാലത്തിൽ അഹമർത്ഥജ്ഞാനാഭാവവും. അതുതന്നെ അജ്ഞാനവും ആയി ഭേദിച്ച് കാണപ്പെടും. അങ്ങനെ തന്റെ സ്ഥൂർത്തിക്കഭേദമായി സത്ത്വഗുണത്താൽ കാണിക്കപ്പെട്ട തന്റെ സ്ഥൂർത്ത്യഭാവ ജ്ഞാനരൂപമായ അജ്ഞാനത്തെ തന്റെ സ്വഭാവമായ തനതാത്മത്വത്താൽ സംബന്ധിച്ച് താദത്മ്യപ്പെട്ട്, തദ്ദശയിൽ തന്റെ അഭാവത്തെ താദാത്മ്യമായി പ്രാപിച്ച് തന്നിൽ പ്രതിബിംബിച്ച ചൈതന്യവും, അഹംകാരം നീങ്ങിയ തനതു സ്ഥൂർത്തിക്കു മുമ്പായ തനതു തദാത്മ്യത്തിനു അവലംബമായുള്ള തനതു അധിഷ്ഠാനവൃത്തിയിൽ പ്രതിബിംബിച്ച ചൈതന്യം അവിടെ പ്രകാശിച്ചു നിൽക്കയാൽ ആ താദാത്മ്യദശയിലുദിച്ച ലയരൂപതമോഗുണത്തിന്റെ ആധിക്യത്താൽ അധിഷ്ഠാനവൃത്തി പ്രതിബിംബിത ചൈതന്യവും, അതിനെ താദാത്മ്യമായടഞ്ഞു അവിടുന്ന് ആ വൃത്തിപ്രതിബിംബിതചൈതന്യവും, അഹന്താവൃത്തിക്കു തദ്ദശയിൽ സത്ത്വത്തിന്റെ സഹായം തമസ്സാൽ ബാധിക്കപ്പെട്ട് ആ തമോഗുണത്തിൽ പ്രതിബിംബിച്ച ചൈതന്യം പ്രകാശരുപമായിരിക്കിലും അതും, ആ ഉപാധിബലത്താൽ ജഡം പോലെ തന്നെ പ്രകാശിക്കും. അങ്ങിനെ പ്രകാശിക്കെ, ആ ഉപാധിയേയും അതിന്റെ മയമായ തന്നെയും തന്നാൽ തനതഭാവമായി കല്പിക്കപ്പെട്ട തനതധിഷ്ഠാനവൃത്തിയേയും അഭേദമായിക്കൊണ്ട്, ഇതധിഷ്ഠാനം. ഇതു ലയരൂപതമോഗുണം എന്നു പിരിച്ചറിയുന്നതിനുള്ള വിവേകമില്ലാതെ ലയരൂപതമോ ഗുണത്തിൻ മയക്കത്താൽ മയങ്ങി നിൽക്കും. ഇതാകുന്നു

അഹന്ത താദാത്മ്യപ്പെടുന്ന വിധം. ഇനി ഇതിനെ അപ്പുറപ്പെടുത്തുന്ന വിവരം പറയാം:

നീ ഉണർന്നിരിക്കുമ്പോൾ സുഷുപ്തിദശയെ പ്രാപിക്കാതെ പ്രാപിച്ച്, അനന്തരം അതിൽ നിന്നും അഹന്തയും ഉദിപ്പിച്ച്, എങ്ങനെ ഘടപടാദികളെ ഇന്ദ്രിസത്തയാൽ വ്യാപിച്ച് അനുഭവിക്കുമ്പോൾ ഘടപടാദി നാമരൂപങ്ങളോടുകൂടി അനുഭവിക്കപ്പെടുന്നതുപോലെ തന്നെ അവറ്റിൻ നാലു പാർശ്വങ്ങളിലും നാമരൂപങ്ങളില്ലാതെ നിരാകാരമായൊരു വ്യാപകചൈതന്യം നിർവിഷയമായനുഭവിക്കപ്പെട്ട് അതിൽ ഘടപടാദി നാമരൂപങ്ങൾ കാണപ്പെടാത്തതുകൊണ്ട് ഘടപടാദ്യഭാവം കല്പിക്കപ്പെട്ട്, ആ വ്യാപകചൈതന്യാനുഭവം തന്നെ കല്പിക്കപ്പെട്ട ആ അഭാവവൃത്തിയിൽ പ്രതിബിംബിച്ച്, ആ അഭാവവൃത്തിയെ അഭാവമായി പ്രകാശിപ്പിച്ച് കാണപ്പെടുന്നോ അങ്ങനെതന്നെ, ആ അഹംകാരവൃത്തി പ്രതിബിംബിതചൈതന്യപ്രകാശബലത്താൽ ആ അഹംകാര വൃത്തി സ്ഫുരിച്ചു പ്രകാശിപ്പിക്കേ അതിനെ പ്രകാശിപ്പിക്കുന്ന ചൈതന്യം അതിങ്കൽ ഉള്ളടങ്ങിയതാകാതെ, ആ അഹങ്കാരം ഘടപടാദികളെപ്പോലെ ജഡമായും ഖണ്ഡമായും ഉള്ള വിധത്തോടുകൂടിയതാകയാൽ, ഖണ്ഡമായ ജഡത്തെ പ്രകാശിപ്പിക്കുന്ന ചൈതന്യം അഖണ്ഡമാകയാൽ ആ അഖണ്ഡചൈതന്യം ആ അഹന്തയുടെ ഉല്പത്തിക്കു മുമ്പും ഉല്പത്തിക്കു പിമ്പും ഉല്പത്തിദശയിലും ആയ സകല പാർശ്വങ്ങളിലും അറിഞ്ഞ് വ്യാപിച്ചനുഭവിപ്പതിനാൽ അപ്രകാരം വ്യാപിച്ചനുഭവിക്കേ ഈ അഹന്ത ഉദിച്ചതുകൊണ്ട് ഈ അഹന്തയുടെ അനുഭവവും ഈ അഹന്ത ഉദിക്കാത്തതു കൊണ്ട് മുൻ സ്ഥലത്തു ഇതിന്റെ അഭാവാനുഭവവും കാണപ്പെടും.

ഘടാഭാവം കല്പിക്കപ്പെടണമെങ്കിൽ ഘടത്തിൽ കല്പിക്ക പ്പെടുകയില്ല. ഘടത്തിനും ഘടാഭാവത്തിനും ആധാരമായ ആധാരമായ പൃഥ്വിയിൽ തന്നെ കല്പിക്കപ്പെടണം. ഇപ്രകാരമാകിൽ, ഉദിച്ച സ്ഥാനത്തു ഈ അഹന്തയുതെ ഇരിപ്പും ഉദയത്തിനു മുമ്പായ സ്ഥാനത്തു ഈ അഹന്തയുടെ അഭാവവും കല്പിക്കപ്പെടണമെങ്കിൽ ഒരാധാരത്തെപറ്റി കല്പിക്കണം. അല്ലാതെ നിരാധാരമായി കല്പിക്കപ്പെടുകയില്ല; എന്നിങ്ങനെ അനുഭവദൃഷ്ടിയിനാൽ ആലോചിച്ച്, ആ അഹന്താ സ്ഫൂർത്തിയേയും, മുമ്പിലെ ദശയിൽ ആ അഹന്ത അഭാവമായി കാണപ്പെടുകയാൽ അതിന്റെ അഭാവത്തേയും അനുഭവദൃഷ്ടി യിനാൽ നിദാനിച്ച്, ആ അഹന്തയുടെ ഇരിപ്പും അതിന്റെ അഭാവവും ഏതൊരാധാരത്തിൽ കല്പിക്കപ്പെട്ടു തോന്നുന്നു വെന്ന് നോക്കുകിൽ ഈ രണ്ടു തങ്ങൾക്കാധാരമായ ഭാവാഭാവത്തോന്നലറ്റ ശൂന്യത്തെ കാരണമായിട്ടു കാണിച്ചു കൊണ്ടു നിൽക്കും. അങ്ങിനെ, ഭാവാഭാവത്തോന്നലറ്റ ശൂന്യാനുഭവത്താൽ വ്യാപിക്കപ്പെടുകയിൽ ആ ശൂന്യവും തന്നെ പ്രകാശിപ്പിക്കുന്ന അധിഷ്ഠാനപ്രകാശസത്തയെത്തന്നെ തനിക്കാധാരമായി കാണിചുകൊണ്ടു നിൽക്കുമെന്നല്ലാതെ നിരാധാരമായിരിക്കുകയില്ല. അങ്ങനെ ഭാവാഭാവത്തോന്നലറ്റ ശൂന്യാനുഭവമാകട്ടെ. അഹംകാരാഭാവത്തോന്നലിന്റെ അനുഭവ മാകട്ടെ, അഹങ്കാരത്തോന്നലിന്റെ ഈ മൂന്നും മുൻപറഞ്ഞ പ്രകാരം ഭിന്നഭിന്ന പ്രകാരമായിട്ട്, അണു, മേരു ഇവ പോലെ, ദൃശ്യത്തിന്റെ ഭേദത്തെ പ്രാപിച്ച ജാഗ്രദവസ്ഥയിൽ ഭാവാഭാവദൃശ്യത്തോന്നൽ താനായി കാണപ്പെടാതെ തനിക്കന്യമായി കാണപ്പെടുന്നതുപോലെ. സുഷുപ്തിക്കു പോകുമ്പോഴും അതിൽ നിന്നുണരുമ്പോഴും ദൃശ്യരൂപത്തെ പ്രാപിച്ച അഹന്ത, തദഭാവം ഈ രണ്ടു തോന്നലുമില്ലാത്ത ശൂന്യം, ഈ മുന്നു തോന്നലും കാണപ്പെടാതെ തനിക്കന്യമായി

അനുഭവിക്കപ്പെടും. എന്നാൽ, ഈ മൂന്നു തോന്നലും അഹംകാരത്തിൻ ഗുണവികാരമെന്നല്ലാതെ, ഈ മൂന്നിനേയും പ്രകാശിപ്പിച്ച ആത്മചൈതന്യത്തിന്റെ വികാരമെന്നു വരുകയില്ല. ഇതിനെ അനുഭവത്തിൽ പറയാം.

അഹംകാരം മുന്നു ഗുണത്തോടു കൂടിയതാകയാൽ ആ മുന്നു ഗുണത്തെയും പിരിച്ചുനോക്കുകിൽ ആ അഹംകാരം സ്വരൂപമറ്റ് ആത്മചൈതന്യമാത്രമായ അഹംപദത്തിന്റെ പരമാർത്ഥപ്പൊരുളായി ശേഷിക്കും. അത് എങ്ങിനെയെന്നാൽ, തോന്നിയതിനെ തോന്നാത്ത വിധത്തിൽ ചെയ്ക, ഇല്ലാത്തതിനെ ഉള്ളതുപോലെ തോന്നിക്ക, തോന്നിയതിനെ പരിപാലിക്ക, ഈ മൂന്നിനെയും, വെണ്മ, ചെമപ്പ്, കറുപ്പ്, ഈ മൂന്നിനെയും ഒരു മൃത്ഘടത്തിൽ ഗുണങ്ങളായി കണ്ട് അവയെ ബുദ്ധികൊണ്ടു പിരിച്ചെടുത്താൽ ഗുണങ്ങൾക്കാധാരമായ ഘടവും നശിച്ച് അതിൽ ആധേയങ്ങളായിരുന്ന ഗുണങ്ങളും നിരാധാരമായഴിഞ്ഞ്, അഗ്ഗുണങ്ങളായും മൃത്ഘടമായും പ്രകാശിച്ച പ്രകാശമാത്രമായി ശേഷിച്ച് അനുഭവത്തിനു വരും. അതുപോലെ, ഈ ഗുണങ്ങൾക്കാധാരമായിരുന്ന അഹംകാര വുമഴിഞ്ഞ്, അതിൽ ആധേയങ്ങളായിരുന്ന ആ ഗുണങ്ങളും ആധാരം കൂടാതെ നശിച്ച്, ആധാരധേയങ്ങളായിരുന്ന അഹംകാരം, അവറ്റിൻ ഗുണം ഇവകളായി പ്രകാശിച്ച പ്രകാശം താനേയായിട്ട് ശേഷിച്ച്, ഭാനമാത്രമായി അനുഭവത്തിനു വരും.

(ശിഷ്യൻ അപ്രകാരമേ ആ അഹങ്കാരത്തിൻ വ്യാപാര ഭേദത്താൽ പ്രകാശിക്കപ്പെട്ട ആ മൂന്നു ഗുണങ്ങളെയും ഒരു കയറ്റിനു ചേർന്ന പിരികളെ പിരിച്ചെടുക്കുന്നതുപോലെ, മൂന്നു തൊഴിലുകളെയും അതിൻനിന്നു നീക്കവേ നിർവ്യാപാരമായ തിനാൽ ഗുണങ്ങളും തനിയേ ഒഴിഞ്ഞ്, അഹങ്കാരമായി തോന്നൽ, ഇല്ലാതെ മറയൽ, അപ്രകാരമായി പ്രകാശിക്കൽ ഈ

മൂന്ന് സ്വഭാവവുമില്ലാതെയായിട്ട്, അഹന്ത നശിച്ച്, അപ്രകാരമേ ആധാരം കൂടാതെ ഗുണങ്ങളും നഷ്ടമായി അഹങ്കാരവും ഗുണങ്ങളുമില്ലാത്ത ഭാനമാത്രമായ അനുഭൂതി പുരാതനമായ തനതു സ്വരൂപമായിരുന്നിട്ടും നൂതനംപോലെ നിരഹങ്കാരമെന്ന ഉപശാന്തി പദവിയിൽ മുഴുകി നിന്ന് വിജ്ഞാപിക്കുന്നു:)

പ്രാണനാഥനായ പരമഗുരോ! നല്ലതുപോലെ അറിഞ്ഞ്, ഒരുവന്റെ നാമത്തെയും, ലക്ഷണത്തെയും മറ്റൊരുവൻ വേഷമായി പൂണ്ടു മോഹിപ്പിക്കൽ പോലെ, അഹം എന്ന നാമവും അഹം എന്ന പ്രകാശിക്കലുമായ വേഷമാത്രത്താൽ ഈ അഹന്ത ആത്മവസ്തുവെന്നപോലെ മോഹിപ്പിച്ചു. ഇപ്പോൾ വിവേകിച്ച് അനുഭവമായി നോക്കുകിൽ ഒരു വൃക്ഷത്തിൽ തോന്നിയ ബ്രഹ്മരക്ഷസ്സു പോലെ മിഥ്യയായിപ്പോയി. അപ്രകാരമേ അഹന്തയുടെ തിരോധാനത്താൽ അഖണ്ഡാത്മ ജ്ഞാനനിരോധനമായ അജ്ഞാനവും അഹന്തയായി പ്രകാശിച്ച വിപരീതജ്ഞാനവും ഈ രണ്ടു വിധമായും കൂടെ തോന്നായ്കയായ ശൂന്യജ്ഞാനവും, ഇല്ലാതവയായ ഈ ത്രിഗുണങ്ങളുടെ സാമ്യവൈഷമ്യങ്ങളാൽ തോന്നിയതെന്നും, ഇവയും മിഥ്യയത്രേയാകുന്നുവെന്നും അറിഞ്ഞു എങ്കിലും, ഇല്ലാത്ത ഈ അഹന്ത ഉള്ളതുപോലെ തോന്നി, ഇല്ലാത്ത് ഗുണങ്ങളാൽ സ്ഥൂലസൂക്ഷ്മങ്ങളായ വിഷങ്ങളെ കല്പിച്ച് സ്വന്തമായി കാണിക്കുന്ന സ്വഭാവമെങ്ങനെ?

ആചാ: സുഷുപ്തിയിൽ നിന്നും ത്രിഗുണങ്ങളാലുദിച്ച അഹന്ത താൻ മാത്രമായി തനിച്ചു നിൽക്കുമ്പോൾ, ആത്മാ അദൃശ്യനകയാൽ അതിനെ താദാത്മ്യപ്പെടുത്തുന്നതിനു ഉപകാരപ്പെടാതെ വാടി നിൽക്കേ, രജോഗുണം മുമ്പ് അഹങ്കാരത്തെ തോന്നിപ്പിച്ചതു പോലെ, അതിസൂക്ഷ്മമായ വാസനയിനാൽ ആ അഹന്തയിൽ ശബ്ദഗ്രഹണ സാമർത്ഥ്യ

ത്തോടുകൂടിയ ശ്രോത്രമെന്നു ഒരു പ്രജ്ഞയായി കല്പനപ്പെട്ട് അതിനെ ആ അഹന്ത രജോഗുണത്തിന്റെ മുമ്പിലത്തെ സ്ഥൂലവാസനാസംബന്ധത്തെ താദാത്മ്യപ്പെട്ട് ശഷ്കുലി[2] പോലെയുള്ള രക്തമാംസാദികളാലുണ്ടായ ചെവിയെ അഭിമാനിച്ച്, അതിന്റെ മദ്ധ്യത്തിൽ ശ്രവണവല്ലഭത്തോടു കൂടിയ ശ്രോത്രേന്ദ്രിയമായി ഭവിച്ച്, അതിൽ പ്രതിബിംബിച്ച ചൈതന്യപ്രകാശം അതിനു ശ്രവണശക്തിയായി പ്രകാശിച്ചു നിന്നു. അപ്രകാരം തന്നെ, രജോഗുണം അഹന്തയ്ക്കു അതി സൂക്ഷ്മമായ വാസനാവിശേഷത്താൽ രൂപഗ്രഹണ സാമർത്ഥ്യ മുള്ള ദൃഷ്ടിയാകെ കല്പിക്കപ്പെട്ട്, അതിനെ രജോഗുണത്തിൻ പൂർവ്വവാസനരൂപമായ സ്ഥൂലമാകുന്ന രക്തമാംസാദിവികാര മായുള്ള ബുദ്ബുദതുല്യമായ നേത്രങ്ങളെ അഭിമാനിച്ച, ഞാൻ കാണുന്നു എന്നിങ്ങനെ പ്രകാശിക്കെ, അതിൽ പ്രതിബിംബിച്ച ആത്മചൈതന്യ പ്രകാശവും അതിനു ദർശന വല്ലഭമായി പ്രകാശിച്ചുനിന്നു. ഇങ്ങനെതന്നെ രണ്ടുവക സൃഷ്ടികളായ ഇന്ദ്രിയങ്ങളും, രജോഗുനത്തിൻ അതിസൂക്ഷ്മ വാസനയാൽ അഹന്തയുദിച്ച് അവയേ പൂർവ്വംപോലെ ആ അഹന്ത താദാത്മ്യ പ്പെടുകയാൽ അതതിൽ പ്രതിബിംബിച്ച ആത്മചൈതന്യ പ്രകാശവും അതതിനു അതാതുവല്ലഭമായി പ്രകാശിച്ചു നിന്നു. അപ്രകാരമേ രജോഗുണത്തിൻ സ്ഥുലവാസനയെ മുന്നിട്ടു ഇന്ദ്രിയഗോളകങ്ങളിൽ താദാത്മ്യത്തോടുകൂടിയ അഹന്തയ്ക്കു രജോഗുണത്തിൻ സൂക്ഷ്മ വാസനാവിശേഷത്താൽ അഹന്ത യിൽ രജോഗുണം ശബ്ദസ്പർശരൂപരസഗന്ധാദികളായി കല്പിക്കപ്പെട്ടു. അവ സ്ഥൂലമായി ഗോളാകദ്വാരാ ബഹിർമുഖ മായി വിഷയീകരിക്ക പ്പെട്ടു. അവറ്റെ ആ അഹന്ത ഇന്ദ്രിയ

[2] ചെവിയുടെ ഉൾഭാഗം/മുറുക്ക് എന്ന പേരുള്ള വൃത്താകൃതിയിലുള്ള ഒരു പലഹാരം

ഗോളകങ്ങളോടുകൂടിയ സ്ഥൂലദേഹത്തിൽ വ്യാപിച്ച് അതിനെ ഞാൻ എന്നഭിമാനി ച്ചതുകൊണ്ട് പുറമേയായി തോന്നിയ ആ വിഷയങ്ങളെ താൻ വ്യാപിച്ചിരുന്ന്, അവയിൽ ശരീരേന്ദ്രിയ ഗോളകക്കുറിപ്പ് കാണപ്പെടാത്തതിനാൽ എന്റെ വിഷയമെന്നു താദാത്മ്യപ്പെട്ട്, അവയിൽ പ്രതിബിംബിച്ച ആത്മചൈതന്യ പ്രകാശവും അവയ്ക്കു ആവക ശക്തികളായി പ്രകാശിച്ചു നിന്നു. അപ്രകാരമേ, സ്വപ്നാവസ്ഥയിലെന്നും അറിയേണ്ട താണ്.

ശി: അയ്യാ! ജ്ഞാനേന്ദ്രിയങ്ങൾ സത്ത്വഗുണത്തിൻ വികാര ങ്ങളാകുന്നുവെന്നും, കർമ്മേന്ദ്രിയങ്ങൾ രജോഗുണ വികാരങ്ങ ളാകുന്നുവെന്നും, ശാസ്ത്രങ്ങളിൽ കാണപ്പെട്ടിരിക്കെ, ഈ രണ്ടു വക ഇന്ദ്രിയങ്ങളേയും രജോഗുണവാസനാവികാരങ്ങളെന്നു അരുളിച്ചെയ്തത് എങ്ങനെയാണ്?

ആചാ: രണ്ടു വക ഇന്ദ്രിയങ്ങളിലും ത്രിഗുണങ്ങൾ ഇരിക്കുന്നുണ്ട്. എങ്കിലും രണ്ടു വക ഇന്ദ്രിയങ്ങളായി കല്പിക്കപ്പെട്ട സൃഷ്ടികൾ മാത്രം രജോഗുണത്തിൽ വാസനാ മയങ്ങളാകും. തോന്നിയവകളേ അതാതു ധർമ്മങ്ങളോടു കൂടി വെവ്വേറെ പ്രകാശിപ്പിക്കൽ സത്ത്വഗുണത്തിന്റെ വാസനാ മയമാകും. അതു പ്രധാനമായതു കൊണ്ട്, അവ സത്ത്വത്തിന്റെ വികാരങ്ങളായി പറയപ്പെടും. ആ ഇന്ദ്രിയങ്ങൾക്കു ഒവ്വോരു കാലത്തിൽ തങ്ങൾ തങ്ങളുടെ വ്യാപാര സ്ഫൂർത്തി തിരോധാനപ്പെടുംവണ്ണം അനുഭവത്തിനു വരുകയാൽ നിരന്തര മായില്ലാത്തതുകൊണ്ട് അതു അപ്രധാനമായാലും അവകളിൽ തമോഗുണവും ഉള്ളതു തന്നെയാകും.

ഇങ്ങനെയാകിൽ, അഹന്തയുടെ മൂന്നു ഗുണങ്ങളും വെവ്വേറെയായ സൂക്ഷ്മവാസനകളേയും പിരിക്കിൽ, ബീജശക്തി

യിൽ പൃഥ്വീ ജലാംശങ്ങളെ ബുദ്ധികൊണ്ടു പിരിച്ചു നോക്കുമ്പോൾ ബീജം, വൃക്ഷം എന്ന വികാരം[3] നശിച്ച്, ബീജമായും വൃക്ഷമായും പ്രകാശിച്ച ബീജശക്തിയായ ആത്മചൈതന്യ പ്രകാശമാത്രമായി ശോഭിക്കുന്നതുപോലെ, ആ ഗുണങ്ങളാകട്ടേ, അവറ്റിൻ വാസനകളാകട്ടെ, വാസനമയങ്ങളായ സ്ഥൂലസൂക്ഷ്മ വകുപ്പോടുകൂടിയ ദേഹേന്ദ്രിയാദി വിഷയങ്ങളാകട്ടെ, ഇവ സർവ്വവും അഭാവമായി, ഇവകളെല്ലാമായി പ്രകാശിച്ച ആത്മ ചൈതന്യപ്രകാശമാത്രമായി, അനുഭവിക്കപ്പെടും.

ശിഷ്യൻ: അപ്രകാരമേ, വിഷയങ്ങളെ ഇന്ദ്രിയങ്ങളിലടക്കി, ആ ബഹിരിന്ദ്രിയങ്ങളുടെ ശക്തികളെ അവറ്റെ വ്യാപിച്ച അഹന്തയോടും ഗുണങ്ങളുടെ സൂക്ഷ്മവാസനാമാത്രമായടക്കി, ആ വാസനകളെയും അവയ്ക്കു ആധാരമായ ഗുണങ്ങളിൻ ചലനവിശേഷങ്ങളിലടക്കി, ആ ചലനങ്ങളെയും തങ്ങൾക്കു ആധാരമായ ആ ഗുണങ്ങളിലടക്കി നിൽക്കേ, നിരാകാരമായി യാതൊരു, തോന്നി മറവറ്റ സഹജമായ ദൃഗനുഭവത്തെ, ഭൂമി യിങ്കലിരുന്ന് സൂര്യ മണ്ഡലതെ വ്യാപിച്ച് പ്രകാശിക്കുന്ന ദൃഗനുഭൂതിയാൽ ഊർദ്ധ്വഭാഗത്തിലുള്ള സൂര്യമണ്ഡലവും അധോഭാഗത്തിലുള്ള ദൃഷ്ടിഗോളകവും ഗ്രഹിക്കപ്പെടാതെ യിരുന്നാൽ ആ അനുഭൂതി എപ്രകാരം ഗ്രഹിക്കപ്പെടുന്നോ അപ്രകാരം, പ്രാപിച്ച ആയനുഭൂതിയിൽ നിന്നും, വെണ്മചേർന്ന ഒരു ഭിത്തിയിൽ മറ്റൊരു നിറത്തെ ഇട്ടാൽ ആ നിറം മാറി ഈ നിറമായിട്ടു വരുന്നതുപോലെ, ദൃശ്യമായ മുമ്പറഞ്ഞവയും, അതാതു സ്വഭാവത്തോടും കല്പനപ്രകാരം കണ്ട നാമരൂപ ത്തോടും കൂടിയ പ്രകാശമാകുന്ന ഭിത്തിയിൽ തനതനുഭവമായി

[3] രൂപാന്തരം; നാമവും രൂപവും കൊണ്ടുമാത്രമുള്ള വകഭേദം. സ്വർണ്ണത്തിന്റെ വികാരമത്രേ വളയും മാലയും.

കണ്ട പഞ്ചവർണ്ണങ്ങളും, നെടിയത്കുറിയത്, ചെറുത്വലുത്, നീളംഘനം, ഇവകൾ കൂടാതെ, പ്രത്യക്ഷപ്പെടാതെ താനായി പ്രകാശിപ്പിക്കും ജ്ഞാനാനുഭവം എന്ന ആത്മാനുഭൂതിയാകുന്ന നിറഞ്ഞാൽ അഴുത്തി വ്യാപിച്ചു നോക്കിയാൽ ആ നാമരൂപങ്ങൾ വിട്ടൊഴിഞ്ഞ് ഭാനമാത്രമായി, അഖണ്ഡമായി പ്രകാശിച്ച പ്രകാരം അനുഭവിച്ച്, അങ്ങിനെ അഖണ്ഡപ്രകാശാനുഭൂതി മാത്രമായ തന്നിൽ കാലത്രയത്തിലും, ശുക്തിയിൽ രജതമെന്ന പോലെ, പ്രപഞ്ചം യാവും[4] ഇല്ലയെന്നു തെളിഞ്ഞ്, നിർഭയമാകുന്ന പരമാനന്ദസമുദ്രത്തിൽ മുഴുകി.

[4] എല്ലാം

ബ്രഹ്മേശജീവജഗദ്വിശേഷണ നിരൂപണപ്രകരണം

ആചാര്യൻ ശിഷ്യനെ മൂർദ്ധാവിൽ ചുംബിച്ച് ആലിംഗനം ചെയ്ത്, നിജാനന്ദോത്സാഹപരവശനായി അരുളിച്ചെയ്തു!

അഖണ്ഡപരിപൂർണ്ണാത്മാനന്ദ സുധാസമുദ്രത്തിൽ ഇല്ലാതെ അടങ്ങിയ പ്രപഞ്ചകോലാഹലത്തോടുകൂടിയ, നിർഭവമാകുന്ന[5] മാഹാത്മ്യത്തെ അടഞ്ഞ പുരുഷധൗരേയ![6] നീ കൃതകൃത്യനായി ഭവിച്ചു. ഈ മാഹാഭാഗ്യോദയം മറ്റൊരുത്തർക്കും ദുർലഭം തന്നെയാണ്.

ഇപ്രകാരം പുകഴ്ന്നു ബഹിർമുഖനാക്കിച്ചെയ്തപ്പോൾ ഏറിയ വണക്കത്തോടെ അഞ്ജലി ചെയ്ത് വാപൊത്തി വിലക്കി നിന്ന ആ ശിഷ്യനെ നോക്കി ആചാര്യൻ:

സംശയമെന്യേ ഉള്ളപ്രകാരം പ്രത്യഗഭിന്നബ്രാഹ്മാനുഭൂതിയെ പ്രാപിച്ചിരിക്കിലും യുക്തിവിശേഷത്താൽ ആ അനുഭൂതിയെ ഉല്ലസിച്ച് അനുഭവിപ്പാൻ വിചാരിക്കുന്നതിന് ഇച്ഛയുണ്ടായിരുന്നാൽ വിചാരിക്കാം.

ശി: മേലായ പ്രിയത്തോടുകൂടിയ ഭക്തിസഹിതം ഇപ്രകാരമുള്ള മാഹാത്മ്യത്തെ ബ്രഹ്മാനുഭവത്തെ അടയുന്ന മാർഗ്ഗം ജ്ഞാനരൂപമായ ഒന്നു തന്നെയാകുന്നു. എങ്കിലും ജ്ഞാനസാധനമായ അനുസന്ധാനവും അതിനെ ചേർന്ന മനനവിശേഷ

[5] ഭവം – സംസാരം (ജനനവും മരണവും), നിർഭവം – ഭവത്തിന്റെ അഭാവം
[6] നൈപുണ്യമുള്ളവൻ

വും ബഹുഭേദങ്ങളായിരിക്കുന്നതിനാൽ അതിനെ ഏകദേശ മെങ്കിലും വിസ്തരിച്ചു ഉപദേശിക്കേണമേ!

ആചാ: ബ്രഹ്മം, ഈശൻ, ജീവൻ, പ്രപഞ്ചം, എന്നിങ്ങനെ നാലു വിധമായിട്ട് ശാസ്ത്രങ്ങളിൽ പറയപ്പെടും. അവയിൽ ബ്രഹ്മമെന്നതു നിത്യനിർവികാരാസംഗോദാസീന അഖണ്ഡ പരിപൂർണ്ണ സച്ചിദാനന്ദസ്വഭാവമായി പ്രകാശിക്കുന്ന നിർഗുണ ചൈതന്യമാകും. ഈശൻ എന്നത് സർവജ്ഞസർവസമ്പൂർണ്ണ സർവ്വകല്യാണഗുണാധാര സർവകർത്താവായ സോപാധിക ചൈതന്യമാകും. ജീവൻ എന്നത് പുണ്യപാപകർമ്മ വാസനാമിശ്രകിഞ്ചിജ്ഞത്വാദിഗുണാധാര പരതന്ത്രസോപാധിക ചൈതന്യമാകും. പ്രപഞ്ചം എന്നതു വിചിത്രതരാനേക നാമരൂപഭേദഭിന്ന ജഡാജഡ ഗുണാധാരദൃശ്യവസ്തുവാകും. ഈ ദൃശ്യമായ നാമരൂപപ്രപഞ്ചം ദൃശ്യമായ സ്ഥൂലപഞ്ചഭൂത പാഞ്ചഭൗതിക ഭേദക്കുറിപ്പിനെ[7] ചേർന്നിരിക്കുമ്പോൾ ആ ഭാഗത്തെ ജഡമെന്നും, സൂക്ഷ്മപഞ്ചഭൂത പാഞ്ചഭൗതിക ഭേദലക്ഷണത്തെ ചേർന്നിരുന്നാൽ ആ ഭാഗത്തെ അജഡമെന്നും, ഈ ജഡാജഡമായ ഇരു വകുപ്പും ഉദിക്കത്തക്ക സ്ഥാനമായും ഒടുങ്ങത്തക്ക സ്ഥാനമായും ഒടുങ്ങുമ്പോൾ (അസ്തമിക്കുമ്പോൾ), പ്രപഞ്ചം, ജീവൻ, ഈശൻ, ബ്രഹ്മം എന്നുള്ള ജ്ഞാനോദയം കൂടാതെ മഹാശൂന്യംപോലെയുള്ള നിരാകാര ലക്ഷണത്തെ ചേർന്നതാകുമ്പോൾ, ആ ഭാഗത്തെ മായ എന്നും പറയും. ഈ മായയിൽ നിർഗുണ ബ്രഹ്മചൈതന്യം പ്രതിബിംബിക്കേ മഹാശൂന്യംപോലെയുള്ള സർവവ്യാപക നിരാകാരമായി മറഞ്ഞിരുന്ന ആ മായ ചൈതന്യപ്രകാശബലം കൊണ്ട് തനതു ലക്ഷണത്തോടുകൂടിയതായി പ്രകാശിക്കും.

---

[7] ഭേദലക്ഷണത്തെ

നിത്യകല്യാണഗുണശീലരായ ഉത്തമനായകനായകികൾ ഏകാന്തത്തിൽ സന്ധിക്കേ ആ രണ്ടു പേരുടെ ഹൃദയവും പ്രിയ മാത്രമായി തടിച്ചു ബിന്ദുമാത്രമായി ഉരുകി നിൽപതുപോലെ, സൃഷ്ട്യാദിയാകുന്ന ആദ്യപരിപാലനം, അരശാക്ഷിയായ നായകന്റെ സൗന്ദര്യവടിവിൻമയമായ രതീവിലാസം പ്രിയമായി തടിച്ച സംസ്കാരമായ ബിന്ദുവായുരുകി നിൽക്കേ, തുരുത്തിയിലടപ്പെട്ട[8] കാറ്റ് അതിനകത്തു പ്രകാശിക്കുന്ന ചലനമറ്റ ആകാശം പോലെ ചലനം കൂടാതെ നിരാകാരമായി അഭേദമായി കാണപ്പെട്ടു എങ്കിലും, തുരുത്തിയിലെ വീക്കത്താൽ (ഹംബുതൻ) ആകാശത്തിനു വേറായിട്ടു ചലനധർമ്മത്തോടു കൂടിയ കാറ്റിൻ ഭേദം അനുഭവിക്കപ്പെടുന്നതു പോലെ, ആ പ്രകൃതി പുരുഷസന്നിധാനത്തിൽ ജനിച്ച ആ സംസ്കാരം പ്രകൃതിപുരുഷന്മാരെ അഭേദമായി കലർന്നു നിൽക്കുമ്പോഴും അതിൽ പ്രതിബിംബിച്ചു പ്രകാശിച്ച ചൈതന്യപ്രകാശബലത്താൽ പാണി പാദ മസ്തക ഊരു മുതലായ പരിണാമഭേദത്തിനു കാരണമായ ഗർഭക്കുറിയായി അനുഭവിക്കുന്നതു പോലെ, പ്രപഞ്ചമാതാവായ പ്രകൃതിയുടെ ഉദരത്തിൽ എണ്ണത്തിലടങ്ങാത്ത അനേക പാണി പാദ മസ്തക ഊരു മുതലായ പരിണാമഭേദത്തിനു കാരണമായിരുന്ന പ്രപഞ്ചാകാരം ഗർഭക്കുറി[9]യായിട്ടു പ്രകാശിച്ചിരിക്കും.

ഈ വിധ പ്രപഞ്ചാകാരഗർഭമായി ഭവിച്ച സംസ്കാരമായ ബിന്ദു, ഒരു കുക്കൂടത്തിന്റെ വിന്ദു ഗർഭമായി ധരിക്കപ്പെടുമ്പോൾ തന്നുള്ളിലുണ്ടായ ജന്തുവിന്റെ ശരീരമായും അതിന്നാവരണമായ അണ്ഡമായും ഭവിച്ചിരിക്കുംപോലെ, വിരാൾ പുരുഷശരീരമായും

---

[8] തുരുത്തി – വെള്ളംകൊണ്ടുപോകാനായി തോലുകൊണ്ടുണ്ടാക്കിയ ഒരു പാത്രം.
[9] ഗർഭക്കുറി – ബീജരൂപം

അതിന്നാവരണമായ ബ്രഹ്മാണ്ഡമായും ഭവിച്ചിരിക്കും. ആ ബ്രഹ്മാണ്ഡശരീരത്തിൽ പ്രതിഫലിച്ച ചൈതന്യം പ്രപഞ്ചത്തിൽ ഫലഭോഗദശയെ പ്രദാനം ചെയ്യത്തക്ക വിചിത്രതരങ്ങളായ കർമ്മവാസനയെ മുന്നിട്ട് പ്രപഞ്ചരൂപമായ വിരാൾ ശരീരത്തെ കരണങ്ങളിൽ വികാരത്തോടുദിപ്പിച്ച്, അങ്ങിനെ ഉദിപ്പിച്ച പ്രപഞ്ചരൂപമായ വിരാൾ ശരീരം വിരിഞ്ഞ് അനേക അവയവാവയവിയോടുകൂടിയ കാരണവികാസോദയത്തെ പ്രാപിച്ച അവന്റെ കേശമായിട്ട് ആകാശവും, പാദമായി ഭൂമിയും, ശ്രോത്രമായി അഷ്ടദിക്കുകളും, നേത്രമായി സൂര്യനും, വാക്കായിട്ട് വൈഖരീ ശബ്ദങ്ങളും, രസനയായി അഗ്നിയും, ഉദരമായി സമുദ്രങ്ങളും അസ്ഥികളായി പർവതങ്ങളും, നാഡി കളായി നദികളും, രോമങ്ങളായി വൃക്ഷങ്ങളും, മുഖബാഹൂരു ചരണങ്ങളായിട്ട് ബ്രാഹ്മണക്ഷത്രിയ വൈശ്യശുദ്രവർണ്ണഭേദ ങ്ങളും, കടിതലത്തിന്നു[10] കീഴ് ചരണം വരെ അതല വിതല സുതല രസാതല തലാതല മഹാതല പാതാളം എന്നിങ്ങനെ ഏഴു ലോകവും, കടിതലത്തിന്നു മേല്പോട്ട് ശിരസ്സു വരെ ഭൂർ ഭുവ സ്വർ മഹർ ജനസ്തപസത്യ എന്നിങ്ങനെ ഏഴു ലോകവും, വീണാദണ്ഡമായി മഹോമേരുവും, മനസ്സായി ചന്ദ്രനും, മറ്റുള്ള കരണേന്ദ്രിയങ്ങളായിട്ട് ശാസ്ത്രങ്ങളിൽ പറയപ്പെട്ട തത്ത്വങ്ങളും, അവന്റെ ശരീരത്തിൽ നിന്ന് ഭിന്നഭിന്നമായി വികസിച്ചിരിക്കും.

ആ വിധമായ മഹാവ്യാപകത്തെ ചേർന്ന വിചിത്രമായ വിരാൾ ശരീരത്തിന്റെ സംബന്ധത്തെ പ്രാപിച്ചില്ലെങ്കിൽ വിചിത്രങ്ങളായ വിഷയങ്ങൾ നിറഞ്ഞിരുന്നിട്ടും അവയെ ഗ്രഹിക്കുന്നതിനു സാധനങ്ങൾ പോലെയുള്ള, ഭൂതവികാരങ്ങളാൽ ചെയ്യപ്പെട്ട, ദേവതിര്യങ് മനുഷ്യാദി

[10] കടിതലം = അരക്കെട്ട്

രൂപങ്ങളോടുകൂടിയ പുത്രികാദികൾ, നിറഞ്ഞ ആ വിഷയങ്ങളെ തങ്ങൾക്കു സുഖിക്കുന്നതിനായിട്ടു എങ്ങിനെ ശക്തിയറ്റവയാകുമോ അപ്രകാരം തന്നെ, നിറഞ്ഞ ഭോഗങ്ങളെ സുഖിക്കുന്നതിന് ശക്തിയില്ലാതെ നിൽക്കുന്നതായി ഭവിച്ച്, ആ വിധ പ്രപഞ്ചരൂപമായ വിരാൾ ശരീരത്തിന്, ഭോഗകാരണമായ കർമ്മങ്ങൾ തനതു കാര്യങ്ങളായ ഫലങ്ങളെ കൊടുക്കുന്നതിനു പക്വത്തെ പ്രാപിച്ചിരിക്കയാൽ ആ കാര്യഫലദാതാവായ മായാപ്രതിബിംബ ഈശൻ അതിനെ കണ്ട് വിചിത്രങ്ങളായ പ്രപഞ്ചങ്ങളെത്തന്നെ ശരീരമായെടുത്തു ണ്ടായ ഈ വിരാൾ ശരീരം തന്മാലാക്കപ്പെട്ടിട്ടും[11] പ്രയോജനമറ്റ തായിട്ടിരിക്കുന്നു. ഇതു പ്രയോജനപ്പെടുമാറ് ചെയ്യിക്കേണ്ടത് സർവശക്തിയോടുകൂടിയ നമ്മെ ഒഴിച്ച് മറ്റൊന്നിനാൽ കഴിയാ ത്തതു തന്നെയാണ്, പ്രകൃതികൾക്കു[12] രാജാവെന്ന പോലെ ഈ പ്രപഞ്ചരൂപമായ വിരാൾ ശരീരത്തിനു നാം തന്നെ നാഥനാ കണം, എന്നാലോചിക്കേ ആ ആലോചനയിൽ സംസ്കാരമുദിച്ച് ആ അഹന്തയിൽ മായോപാധിയോടുകൂടിയ നിരഹങ്കാര സർവവ്യാപക സാക്ഷിചൈതന്യമാകുന്ന ഈ ഈശൻ പ്രതിബിംബിച്ച്, ആ അഹന്തയോടു താദാത്മപ്പെട്ട്, ആ വിരാൾ ശരീരമായ പ്രപഞ്ചത്തെ അനുപ്രവേശിച്ച് വ്യാപിച്ചു നിൽക്കേ, ആ അഹന്താപ്രതിബിംബചൈതന്യസംബന്ധബലത്താൽ പ്രപഞ്ചവിലക്ഷണമുള്ള വിരാൾ ശരീരം ഞാനെന്നുദിച്ചു പ്രകാശിക്കും.

ആ അഹന്താചൈതന്യമായ വിരാൾ ശരീരി, ആ പ്രപഞ്ച രൂപമായ വിരാൾ ശരീരം ഏകമായി കാണപ്പെട്ടി രുന്നപ്പോഴും

[11] കൈക്കൊണ്ടിട്ടു എന്നർത്ഥം
[12] പ്രകൃതികൾക്ക് = പ്രജകൾക്ക്

ചക്ഷുസ്സിൽ വ്യാപിച്ച അഹന്താചൈതന്യത്തിൻ ബലത്താൽ 'ഞാൻ നോക്കി' എന്നും അപ്രകാരമേ മറ്റുള്ള ഇന്ദ്രിയങ്ങളിൽ തനതു വ്യാപക സംബന്ധത്തെ പറ്റി കേട്ടു, സ്പർശിച്ചു അന്നും ഭിന്നഭിന്ന ജ്ഞാനം ജനിച്ച്, ഒരോരോ ഗോളകോപാധികൊണ്ട് അവറ്റിൽ വ്യാപിച്ച അഹന്താചൈതന്യം അവിടെ അന്യശക്തി തിരോധാനപ്പെട്ട്, ആ ശക്തിയെ ഇഴുന്നിരിക്കൽ[13] പോലെ, സമഷ്ടി പ്രപഞ്ചമായ വിരാൾ ശരീരത്തിന്റെ അവയവ ഭേദങ്ങളായി ഉദിച്ച വ്യഷ്ടികളായ ജാതിവർണ്ണാശ്രമധർമ്മ നീതിയോടു കൂടിയ ശരീരങ്ങളുടെ താദാത്മ്യസംബന്ധത്താൽ അവിടെയവിടെ ഉദിച്ച ഖണ്ഡങ്ങളായ ശക്തികൊണ്ട് അതാതു സ്ഥലത്ത് അഖണ്ഡശക്തി മറഞ്ഞ്, അതാതു ഉപാധിമയമായി ഭിന്നപ്പെടുകയാൽ ആ വിധ ഭിന്ന ഉപാധികളോടുകൂടിയ അഹന്താപാശങ്ങളിൽ പ്രതിബിംബിച്ച ആ അഖണ്ഡചൈതന്യം തന്നെ അതാതു ഉപാധികളുടെ ഖണ്ഡശക്തികളാൽ ഖണ്ഡം പോലെ പ്രകാശിച്ചു നിൽക്കും.

ആ ഉപാധികൾ ഖണ്ഡങ്ങളായതുകൊണ്ട് തങ്ങളുടെ ഖണ്ഡ ശക്തികളാൽ തിരോധാനപ്പെട്ട ആ അഖണ്ഡശക്തി (വല്ലഭം) ആ ജീവന്മാർക്കു തിരോധാനപ്പെട്ട് കിഞ്ചിജ്ഞരെന്നപോലെ ഭവിച്ച തിനും, ഖണ്ഡാഖണ്ഡങ്ങളായ ഇന്ദ്രിയങ്ങളിൽ അഭിമാനത്തോടു കൂടിയ അഹന്താപാശചൈതന്യം അതാതു സ്ഥലത്തിൽ (അവിടെയവിടെ) ഖണ്ഡവല്ലഭത്തോടു കൂടിയതായിട്ടിരിക്കിലും സ്ഥൂലസൂക്ഷ്മകാരണങ്ങളെയും അതാതവസ്ഥകളെയും സ്വയം അഹന്താമാത്രമായ ഉപാദിയോടുകൂടിയ ചൈതന്യം വ്യാപിച്ച്, ആ സകല വല്ലഭങ്ങളോടും കൂടിയ അഖണ്ഡശക്തിമത്തായി

---

[13] ഇഴുന്നിരിക്കൽ = കീഴടക്കിയിരിക്കൽ

കാണപ്പെടുന്നതുപോലെ, ഭിന്നഭിന്ന ജീവരാശികളുടെ വ്യഷ്ട്യുപാധികളെ അവയവങ്ങളാക്കിക്കൊണ്ടിരിക്കുന്ന സമഷ്ടി പ്രപഞ്ചമായിരിക്കുന്ന വിരാൾ ശരീരത്തെ അഹന്താമാത്രമായ ഉപാധിയോടു കൂടിയ ചൈതന്യം വ്യാപിച്ച ഞാനെന്ന് പ്രകാശിപ്പതുകൊണ്ട്, ആ അഹന്തയും അതിൽ പ്രതിബിംബിച്ച ചൈതന്യവും അഖണ്ഡശക്തിയോടു കൂടിയതായി ഭവിച്ച്, ശ്രുതി ചൊല്ലിയ പ്രകാരം ഈ വിധമായ പ്രപഞ്ചം ഇപ്രകാരം ഉദിപ്പതേ സൃഷ്ടിയെന്നും, പ്രളയം വരെ അഴിയാതെ കാക്കപ്പെടുന്നതേ സ്ഥിതിയെന്നും, പറയപ്പെടുന്നു.

ഒരു തടാകത്തിൽ നിറഞ്ഞ ജലം ഉഷ്ണകാലത്തിൽ ശോഷിക്കപ്പെടുന്നതുപോലേ, കല്പാന്തത്തിൽ പ്രപഞ്ചങ്ങളുടെ ചേർപ്പാകുന്ന വിരാൾശരീരവും വാസനാമാത്രശേഷിതമായി അഴിഞ്ഞ് ആ അവ്യക്തത്തിൽ അതുമാത്രമായി ഒടുങ്ങി നിൽക്കേ ആ അവസ്ഥയിൽ അഖണ്ഡമായ വിരാഡഹന്തയിൽ ഖണ്ഡങ്ങളായ ജീവാഹന്തകളും വാസനാമാത്രശേഷിതങ്ങളായി അടങ്ങി ആ വിരാഡഹന്തയും അവ്യക്തത്തിൽ അഭേദമായി ലയിക്കേ അവ്യക്തവും തനതധിഷ്ഠാനബ്രഹ്മചൈതന്യത്തിനു വേറായിട്ടു തോന്നാതെ അധിഷ്ഠാന ബ്രഹ്മചൈതന്യമാത്രമായി മഹാശൂന്യംപോലെ അടവുറ്റിരിക്കും. ആ അവസ്ഥയാകുന്നു മഹാപ്രളയമെന്നു പറയപ്പെടുന്നത്.

ഈവിധ പ്രളയത്തിൽനിന്നും, മുൻപോലെ അവ്യക്തത്തിൽ നിന്നും (മുതൽ) വ്യക്തമായ പ്രപഞ്ചരൂപ വിരാൾ ശരീരം വരെ ഉദിക്കേ ഖണ്ഡങ്ങളായ ജീവാഹന്തകളും അഖണ്ഡമായ വിരാഡഹന്തയും ഉദിച്ചു നിൽക്കയാൽ, ജീവാഹന്തകൾ ഭിന്നഭിന്നങ്ങളാകയാൽ അതതിൽ ജാഗ്രദവസ്ഥ ഭോഗ സമാപ്തിയെ പ്രാപിക്കുമ്പോൾ അവയുടെ അഹന്തകളിൽ സ്വപ്നോപഭോഗത്തിനു തക്കവയായ സ്വപ്നപ്രപഞ്ചങ്ങൾ

വാസനകളെത്തന്നെ രൂപങ്ങളാക്കിക്കൊണ്ടു സ്ഫുരിച്ചു നിൽക്കും. അവയെ സ്ഥൂലശരീരാഭിമാനം നീങ്ങിയ ആ ജീവന്മാർ തങ്ങളുടെ അഹന്താസംബന്ധത്താൽ അഹങ്കരിച്ച് ആ ഉപാധിമയങ്ങളായി ഭവിച്ചു നിൽക്കും. ആ അവസ്ഥയിൽ ആ വിരാഡഹന്തയും ഒവ്വൊരു വിരാഡൈശ്വര്യംപോലുള്ള അനേക വിരാഡൈശ്വര്യങ്ങളായ ഖണ്ഡജീവോപാധികളാകുന്ന അഹന്ത കളുടെ വാസനകളാൽ ഭിന്നഭിന്നങ്ങളായുദിച്ച്, സ്വാപ്നിക പ്രപഞ്ചങ്ങളെ വ്യാപിച്ച്, അവയെ സമഷ്ടിസുക്ഷ്മശരീര മായികൊണ്ട് പ്രകാശിച്ചു നിൽക്കും. അപ്രകാരം തന്നെ ആ ജീവന്മാർ ആ സ്വപ്നഭോഗങ്ങൾ നീങ്ങുമ്പോൾ തങ്ങൾക്കു ആധാരമായ അഖണ്ഡവിരാഡഹന്തയെ തങ്ങൾക്കു ആധാരമായ ഉപാധിയായിട്ടു അറിയാത്തതുകൊണ്ട്, അതിനെയും സ്ഥുലസൂക്ഷ്മങ്ങളായ തങ്ങളുടെ ഉപാധികൾ തോന്നാതെ തിരോധാനപ്പെട്ടതുകൊണ്ട്, അവറ്റെയും അവലംബിയാതെ നിരാധാരമായി ലയിച്ച്, ശൂന്യം പോലുള്ള സുഷുപ്തിയെ വിവേകജ്ഞാനം കൂടാതെ ചേർന്നുപോകും. ആ അവസ്ഥയിൽ അഖണ്ഡ വിരാഡഹന്താചൈതന്യം തനതുപാധിയായ അഖണ്ഡാഹന്തയ്ക്കു വിഷയങ്ങളാകുന്ന, വ്യഷ്ടിസമഷ്ടി കളാകുന്ന, ജീവന്മാരുടെ സ്ഥൂലസൂക്ഷ്മോപാധികൾ പ്രത്യക്ഷ പ്പെടാത്തതുകൊണ്ട്, തന്നിൽ വികസിച്ചു തോന്നുന്ന ജ്ഞാനജ്ഞേയമാകുന്ന രണ്ടു ശക്തികളെ വിട്ട് ജ്ഞാതൃ മാത്രമായി ശേഷിച്ച്, ആ ജീവന്മാരുടെ സുഷുപ്ത്യുപാധികളായ വ്യഷ്ടികാരണ ശരീരങ്ങളെ അഖണ്ഡമായി അഭേദമായി വ്യാപിച്ചു പ്രകാശിക്കും. ഇങ്ങിനെ സുഷുപ്തിമാത്രമായി ലയിച്ച ജീവന്മാർ തങ്ങളുടെ കർമ്മങ്ങളാൽ കൊടുക്കപ്പെട്ട ജാഗ്രദ്ഭോഗങ്ങളെ ഭുജിക്കും നിമിത്തം അഹന്തകളോടുംകൂടി ഉണരുകയാൽ മുമ്പിലെപ്പോലെ വിഷയങ്ങളുടെ പ്രത്യക്ഷം ഉദിച്ച്, അവയിൽ ഞാൻ, എന്റേത് എന്ന അഭിമാനവും ജനിച്ച്, ഇവകളുടെ

തോന്നലറ്റ മുന്നവസ്ഥയെ പ്രത്യക്ഷപ്പെട്ടറിഞ്ഞും അവിടെ ഈ വികാരമില്ലാത്ത് നിർവികാരമായ തനതു സ്ഫൂർത്തി ജ്ഞാനത്തെ അവലംബിക്കൻ ശക്തിയില്ലാതെ തങ്ങളുടെ അധിഷ്ഠാനസ്ഫൂർത്തികളായ സ്വരൂപപ്രകാശത്തിൽ അറിയായ്മയേയും ആരോപിച്ച അഹന്താസംബന്ധത്താൽ ആ ജീവന്മാർ കിഞ്ചിജ്ഞന്മാരായി ഭവിക്കും. ആ അവസ്ഥയിൽ അഖണ്ഡാഹന്താപ്രതിബിംബവിരാൾചൈതന്യം, ഈശന്റെ അനുപ്രവേശസമയത്തിൽ മഹാശൂന്യംപോലുള്ള നിരാകാര അഖണ്ഡ അവ്യക്ത തത്ത്വത്തിൽ അശരീരിയായി അനഹംകാരിയായി അതീന്ദ്രിയനായി സ്വയം പ്രജ്ഞാന ഘനനായ സർവ്വസാക്ഷിയായി പ്രകാശിക്കും. ആ അവ്യക്ത തത്ത്വോപാധിയോടുകൂടിയ സർവ്വജ്ഞ ഈശചൈതന്യത്തിന്റെ മഹാവിവേക സംസ്കാരത്തോടും ഈശനാൽ അവ്യക്തത്തിൽ ഉദിപ്പിക്കപ്പെട്ട് വിവേകാനുഗ്രഹത്തെ സിദ്ധിച്ചിരിക്കകൊണ്ട് ജീവന്മാരെപോലെ കിഞ്ചിജ്ഞനായി ഭവിക്കാതെ, ആ ജീവന്മാരെ അവരാൽ അറിയപ്പെടാത്ത ശക്തിയോടു കൂടിയവനായിട്ട് അവരവരുടെ കർമ്മവാസനാപ്രകാരം ഫലദാതാവായി സർവജ്ഞശക്തിയോടുകൂടി പ്രവേശിക്കുന്ന പ്രേരകമായി പ്രകാശിച്ചു നിൽക്കും. സുഷുപ്ത്യവസ്ഥയിൽ ആ അഹന്താചൈതന്യത്തിനു "അന്തര്യാമി" എന്നും, ആ ജീവന്മാർക്കു ആ ഉപാധികളിൻ സംബന്ധത്താൽ "പ്രാജ്ഞൻ" എന്നും നാമമാകും. അപ്രകാരംതന്നെ സമഷ്ടിസ്വാപ്നിക സൂക്ഷ്മശരീരവ്യാപകാനുഭൂതിയെ പറ്റി ആ അവസ്ഥയിൽ ആ അഖണ്ഡ അഹന്താപ്രതിബിംബ വിരാൾ ചൈതന്യത്തിന് "ഹിരണ്യഗർഭൻ" എന്നും, ആ ജീവന്മാർക്കു ആ ഉപാധി സംബന്ധത്താൽ "തൈജസൻ" എന്നും നാമമാകും. സമഷ്ടി സ്ഥൂലശരീരത്തെ വ്യാപിച്ചതുകൊണ്ട് ആ അവസ്ഥയിൽ ആ വിരാൾ ചൈതന്യത്തിന് "വിരാട്" എന്നും, ആ ജീവന്മാർക്കു

ഉപാധിസംബന്ധത്താൽ "വിശ്വൻ" എന്നും നാമമാകും. ഇപ്രകാരം മൂന്നവസ്ഥകൾക്കും മുത്തൊഴിലുകൾക്കും ഉള്ളിലായി തോന്നി മറയുന്ന സ്ഥൂലം മുതൽ അവ്യക്തം വരെയുള്ള പ്രപഞ്ചത്തെ അഹന്ത മുതലായ ഉപാധിസാധനം കൂടാതെ കരതലാമലകംപോലെ സാക്ഷിയായി നിന്ന് പ്രളയാന്തം അറിയുകയാൽ ആ അവസ്ഥയിൽ അഖണ്ഡ ചൈതന്യത്തിന് സർവജ്ഞ ഈശനെന്നും നാമമാകും.

ഈ വിധമായി ശാസ്ത്രങ്ങളാൽ സങ്കേതിക്കപ്പെട്ട ബ്രഹ്മേശ ജീവജഗത്തെന്ന യാവും നീയാകുന്നു. അതിനെ പറഞ്ഞ വണ്ണം ശോധിച്ച് അഭയബ്രഹ്മപ്രാപ്തി അടഞ്ഞാലും.

(ഇപ്രകാരം കടാക്ഷിക്കെ, ശിഷ്യൻ അപ്രകാരം തന്നെ തന്റെ ചിദേകരസ അപാരമഹിമയെ കണ്ട് മനസ്സു നശിച്ചു നിന്നു.).

മായാലക്ഷണ നിരൂപണപ്രകരണം

ശിഷ്യൻ: സ്വാമിൻ, അഖണ്ഡമായ വിരാഡഹന്തയും അതിൽ പ്രതിബിംബിച്ച ഒരു വിരാൾ ചൈതന്യവുംതന്നെ ജീവന്മാരുടെ മൂന്നവസ്ഥകൾക്കും ആധാരം എന്നു ബോധിച്ചു. എന്നാൽ പ്രളയാവസ്ഥയിൽ മാത്രം ഈ ജീവന്മാർക്കു ആധാരമായ ഈ വിരാഡഹന്തയും അതിൽ പ്രതിബിംബിച്ച ചൈതന്യവും അതിന്നാധാരമായ അവ്യക്തത്തോടുകൂടി അതുമാത്രമായി പരമാത്മവാസ്തുവിൽ ഒടുങ്ങി നിൽക്കേ, പ്രപഞ്ചമശേഷവും ആധാരംകൂടാതെ ആധേയങ്ങളായവകളും അതു മാത്രമായി ഒടുങ്ങിനിന്നുവെന്നും, പ്രളയത്തിനു മുൻപെട്ട അവസ്ഥയിൽ ജഗദാധാരമായ അഖണ്ഡവിരാഡഹന്തയും അതിൽ പ്രതിബിംബിച്ച വിരാൾചൈതന്യവും അതിന്നാധാരമായ അവ്യക്തവും ഒടുങ്ങാതിരിക്കെ ഈ ജീവന്മാർ മാത്രം സുഷുപ്തിയാകുന്ന ദൈനന്ദിനപ്രളയത്തെ പ്രാപിച്ചുവെന്നും അരുളിചെയ്തതായി കാണുന്നു. അതെങ്ങനെ ചേരും?

ആചാര്യൻ: ആധാരമായ കാരണം നശിക്കുമ്പോൾ കാര്യവും നശിക്കുന്നതുപോലെ, കാരണം നശിക്കാതിരിക്കേ തന്നെ കാര്യം നശിച്ചുപോകുന്നതും അനുഭവത്തിൽ കണ്ടിരിക്കുന്നു. അതു വിരോധമല്ല. മൃത്ത്, അതിൻ കാര്യമായ ഘടം ഇവയെ നോക്കിയാൽ അറിയാവുന്നതാണ്.

ശി: ജീവേശഭേദത്തോടുകൂടിയ ജഡാജഡമായ ഈ ജഗത്ത് സങ്കോചവികാസത്തോടുകൂടിയിരിക്കയാൽ കാര്യവസ്തുവാകാം. ഇതിനു കാരണമേത്?

ആചാ: അവ്യക്തമായ മായതന്നെ കാരണമാകും. ആ മായയും ഈശന്റെ ദൃഷ്ടിയിൽ സ്വരൂപജ്ഞാനമായും

ജീവദൃഷ്ടിയിൽ അജ്ഞാനമായും ഭവിച്ച് ഇരിക്കും. ആകയാൽ സൃഷ്ടി മുതൽ പ്രളയംവരെയുള്ള സമഷ്ടിജഗത്തിനു കാരണം മായയും ബന്ധം മുതൽ മോക്ഷം വരെയുള്ള ജാഗ്രദാദി ജീവസൃഷ്ടജഗത്തിന്നു കാരണം അജ്ഞാനവും ആകും.

ശി: എന്നാൽ അവ്യക്തമായ ഒരു മായാതത്ത്വം തന്നെ ഈശ ദൃഷ്ടിയിൽ സ്വരൂപജ്ഞാനമായും, ജീവദൃഷ്ടിയിൽ അജ്ഞാന മായും ഭവിക്കുന്നതെങ്ങനെ?

ആചാ: ഒരു സ്ഥാണു തന്നെ ഒരുവന്റെ നോട്ടത്തിൽ വൃക്ഷമായും മറ്റൊരുവന്റെ നോട്ടത്തിൽ ചോരനായും കാണപ്പെടുന്നതു പോലെയാകും.

ശി: പ്രപഞ്ചത്തിനു കാരണം ഏതൊന്നാണ് എന്നു ശങ്കിച്ചതിനു മായ എന്നും, ആ മായയാകട്ടെ ഈശജീവന്മാരുടെ ദൃഷ്ടിഭേദത്താൽ സ്വരൂപജ്ഞാനമായും അജ്ഞാനമായും ഭവിക്കാമെന്നും അരുളിയപ്രകാരം ബോധിച്ചു. എന്നാൽ ഈശസൃഷ്ടമായും ജീവ സൃഷ്ടമായും രണ്ടു വിധ സൃഷ്ടി പറയപ്പെട്ടതിൽ ഈശന്റെ സൃഷ്ടിമാത്രം ശാസ്ത്രങ്ങളിൽ പ്രസിദ്ധമായി കാണപ്പെടുന്നു. ജീവസൃഷ്ടി എങ്ങിനെ ചേരും? അവറ്റിൻ ഫലങ്ങളുടെ ഭേദം ഏതവസ്ഥയോട് കൂടിയ തായിരിക്കും?

ആചാ: അവ്യക്തം മുതൽ സ്ഥൂലംവരെ ജഡാജഡങ്ങളായി കാണപ്പെടുന്ന ഈ പ്രപഞ്ചം തന്നെയാണ് ഈശസൃഷ്ടമെന്നത്. ഇതു ജീവന്മാരുടെ നിമിത്തം സുഖമായ ഫലത്തെ കൊടുക്കു ന്നതാകും. ആത്മാനാത്മവിചാരണ കൂടാതെ അഭിമാനംകൊണ്ട് അവറ്റിൻ ലാഭാലാഭങ്ങളെപ്പറ്റി കാമക്രോധലോഭമോഹമദ മാത്സര്യാദികളെ ബഹിർമുഖമായും അന്തർമുഖമായും കല്പിച്ച് ആ അന്തർമുഖവാസനയെ

സ്വപ്നമെന്നും ബഹിർമുഖ വാസനയെ ജാഗ്രത്ത് എന്നും ഈ രണ്ടു വാസനയും മാറി, തനതധിഷ്ഠാനമാത്രമായിരുന്ന ജ്ഞാനസ്വരൂപാത്മവിങ്കൽ ബഹിർമുഖമായി വൃത്തി ഉദിക്കുമ്പോൾ വാസനകളുടെ ബീജാകാരമായ തമോവൃത്തി, അവിടെ തന്നാൽ കല്പിക്കപ്പെട്ട ആ തമസ്സ് ജഡമായതുകൊണ്ട് അതിനെയും പിരിച്ചറിയുന്ന തിനു ശക്തിയില്ലാതെ, സ്വപ്രകാശമായ ആത്മാവും ജഡമായ വാസനാബീജരൂപതമസ്സും ഏകവസ്തുവായി കുറിക്കപ്പെട്ടു.ആ ഭ്രാന്തിക്കുറിപ്പിനാൽ അധിഷ്ഠാനമായ തന്നിൽ അറിയായ്മ എന്ന അജ്ഞാനം കല്പിക്കപ്പെട്ട്, അതിന് സുഷുപ്ത്യവസ്ഥ യെന്നും, ഈ അവസ്ഥാഭേദങ്ങളെയും കാമാദികളെയും സൃഷ്ടിച്ച് അവറ്റിൻ ഫലമായി ദുഃഖത്തെത്തന്നെ ജീവൻ അനുഭവിക്കും. അപ്രകാരമേ ശ്രുതിയിൽ രണ്ടു വക സൃഷ്ടിയും പറയപ്പെട്ടിരിക്കുന്നു.

ശി: ഒരു ജീവൻതന്നെ തന്നാൽ കല്പിക്കപ്പെട്ട് അജ്ഞാനംകൊണ്ട് അജ്ഞനായും ആ കല്പനാധിഷ്ഠാനമായ വിജ്ഞനായും ഭവിക്കുമെന്നുള്ളത് എങ്ങനെ ഒക്കും?

ആചാ: ഒരുവൻ തന്നാൽ കല്പിക്കപ്പെട്ട് സ്വപ്നത്തിൽ അവനെ മറന്ന്, കളുവപോയ വസ്തുക്കളിരിക്കുന്നേടം അറിയാതെ അന്വേഷിക്കുന്നവനായും, അപ്രകാരംതന്നെ തന്റെ സർവ്വജ്ഞശക്തിയാൽ ആ വസ്തുക്കളിരിക്കുന്നേടം അറിഞ്ഞു വരുത്തിക്കൊടുക്കുന്ന യോഗിയായും തീരുന്നതുപോലെയാകും.

ശി: സ്വമിൻ, അരുളിയപ്രകാരം ബോധിച്ചു. ഇനി ഈ ഈശജീവന്മാരുടെ നോട്ടത്തിൽക്കണ്ട, ജ്ഞാനാജ്ഞാനഭേദ ങ്ങളോടുകൂടിയ, ജഗത്കാരണമായ മായയുടെ ലക്ഷണത്തെയും

അതിന്റെ കാര്യമായ ജഡാജഡരൂപമായ പ്രപഞ്ചത്തിന്റെ ലക്ഷണത്തെയും അരുളേണമേ!

ആചാഃ മായയുടെ ലക്ഷണമാകുന്നത്: അവിവേകദശയിൽ കാണപ്പെടും പ്രപഞ്ചത്തെ കാര്യവസ്തുവായി നിർണ്ണയിച്ചതു കൊണ്ട് അനുമാനത്താൽ ഇതിനു ഒരു കാരണം ഇരിക്കാമെന്ന് നിർണ്ണയിക്കപ്പെടുമ്പോൾ, അതിനെ അനുസരിച്ചു ശാസ്ത്ര പ്രമാണവും അപ്രകാരം നിർണ്ണയിച്ച ആ കാരണത്തെ മായയെന്നു പറയും. അപ്രകാരം രണ്ടു പ്രമാണങ്ങളാലും മായയുണ്ടെന്നു നിശ്ചയിക്കപ്പെട്ടതിനാൽ സദ്രൂപമായും, അങ്ങിനെതന്നെ ആ നിശ്ചയത്തിൻപ്രകാരം കാരണമായി പ്രകാശിച്ചുവരുന്നതുകൊണ്ട് ചിദ്രൂപമായും, സുഷുപ്തി മൂർച്ഛാദ്യവസരങ്ങളിൽ കാര്യദൃഷ്ടികൂടാതെ കാരണമായയിൽ ലയിക്കുമ്പോൾ ദുഃഖം കാണപ്പെടാത്തതിനാൽ ആനന്ദരൂപ മായും ഇരിക്കാം. വിവേകദശയിലോ, ശ്രുതിയുക്ത്യനുഭവ ങ്ങളാൽ ശോധിക്കുമ്പോൾ ആ മായയുടെ സ്ഥിതി ജഗത്കാരണമായി സിദ്ധിക്കാത്തതിനാൽ അത് അസത്താണ്. അവിടെ അല്ലാത്തതുകൊണ്ട്, അസത്തായതിനാൽ, ഇല്ലാത്തതു പ്രകാശിക്കുകയുമില്ല. ആകയാൽ, പ്രകാശമറ്റത് ജഡമാകയാൽ, അതു ജഡവുമാണ്. സുഷുപ്തി, മൂർച്ഛ ഇവകൾ വിടുമ്പോൾ ഞാൻ സുഖമായുറങ്ങി, ഞാൻ ദുഃഖമറിയാതെ മൂർച്ഛിച്ചിരുന്നു എന്നുള്ള അനുഭവം അഹമർത്ഥത്തെ ചേർന്നതായി കാണപ്പെടുകയാൽ ആ അഹമർത്ഥം ശ്രുതിയുക്ത്യനുഭവ ങ്ങളാൽ, ചിദ്രൂപാത്മാവായി കാണപ്പെടുകയാൽ, ദുഃഖാന്തഭാവാഭാവവും ആത്മസ്വരൂപവുമായ ആനന്ദവും മായയുടേതാകയില്ല. മേലും അസത്തായും ജഡമായും നിർണ്ണയിക്കപ്പെടുകിൽ ആ വസ്തു ആനന്ദരൂപമാകുന്ന തെങ്ങനെ? നീ അസത്ത്, നീ ജഡൻ എന്ന്

അന്നാമങ്ങളെ മുഖത്തിൻ നേരെ പ്രയോഗിക്കുമ്പോൾ ആ പ്രയോഗത്തെ വലിയ കുറ്റമായി ധരിച്ച്, അഹംകാരാദികൾ മുറ്റി, പ്രയോഗിക്കുന്നവൻ, ആ പ്രയോഗത്തിനു പ്രത്യക്ഷമായിട്ടിരിക്കുന്നവൻ, ഈ രണ്ടുപേരും ദുഃഖത്തെത്തന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അപ്രകാരം ആനന്ദമില്ലാത്തത് ദുഃഖരൂപമാകയാൽ ദുഃഖമെന്നും ആകാം. ഇങ്ങനെയാകുമ്പോൾ വിവേകാവിവേകദശകളെ പറ്റി, സച്ചിദാനന്ദയായും അനൃത ജഡദുഃഖയായും ജഗത്കാരണമായ ആ മായ കാണപ്പെടുകയാൽ സതി എന്നും, അസതി എന്നും, ഈ രണ്ടു സ്വഭാവത്തോടുകൂടിയതെന്നും, നിശ്ചയിക്കപ്പെടത്തക്കതല്ലാത്ത വിലക്ഷണലക്ഷണത്തോടുകൂടിയതെന്നും കാണപ്പെടും.[14]

ശി: അവിവേകവിവേകദശകൾ ഹേതുവായിട്ട് അനൃതജഡ ദുഃഖമായും, സച്ചിദാനന്ദനായും കാണപ്പെടുന്ന ആത്മാവു മാത്രം നിശ്ചയമായിട്ടു സച്ചിദാനന്ദലക്ഷണത്തോടുകൂടിയവനെന്നു പറയപ്പെടുവാനെന്ത്? അവനും ഈ ദോഷം വിടാത്തതായി ഭവിക്കുമല്ലോ?

ആചാ: പാലൂറിപ്പെരുകുന്ന മുലക്കാമ്പിൽ ഒരു ശിശുവിനാൽ പാനം ചെയ്യപ്പെടും രക്തത്തിന്റെ രുചികൊണ്ടു പാലിന്റെ രുചിയും അപ്രകാരമാകണമെന്നില്ല. ജഗദുത്പത്തിസ്ഥാനമായും ലയസ്ഥാനമായും ഉള്ള ഒരു വസ്തുവിന്റെ അവസ്ഥയെ നിദാനിക്കുന്നതിലേക്കു വന്ന ശ്രുതിയുക്ത്യനുഭവങ്ങളുടെ അഭിപ്രായം, ആയത് അധികാരികളുടെ അധികാരഭേദത്തെ അനുസരിച്ചിരുന്നാലും, ഉത്തമാധികാരിയെ സംബന്ധിച്ചുവന്ന

[14] സത്, അസത്, സദസത് എന്നീ മൂന്നുവിഭാഗത്തിലുംപെടാത്തതുകൊണ്ട് മായ അനിർവചനീയയാണു എന്നാണ് അദ്വൈതവേദാന്തമതം. "സന്നാസന്നസദസത്'" – മഹോപനിഷത്ത് – 2.67

യഥാർത്ഥമായ ഉത്തമപ്രമാണവും അതിന്റെ ലക്ഷ്യമായ പരമാർത്ഥവസ്തുവിന്റെ സ്വഭാവവും ഒരു കാലത്തും ഭേദിക്കില്ല. സുഷുപ്തി, പ്രളയം ഈ രണ്ടവസ്ഥയേയും ശ്രുതിയുക്ത്യനുഭവങ്ങൾ ശോധന ചെയ്യുന്ന അവസരത്തിൽ അധികാരിഭേദം കൊണ്ട് വസ്തുനിർണ്ണയം ഭേദിച്ചു കാണപ്പെടുന്നതിനെ പര്യാലോചിച്ചാൽ, ഭിന്നഭിന്നങ്ങളായ വ്യാധികളും അവകൾക്ക് ശരിയായ പലപല ഔഷധങ്ങളും അവയുടെ ഫലങ്ങളും ശാസ്ത്രയുക്തി അനുഭവങ്ങളാൽ ഉണ്ടായാലും ആ വ്യാധികളെ നീക്കുന്ന ആ ഉപായങ്ങൾ, നീക്കുവാൻ കഴിയാത്ത മരണമെന്ന മഹാവ്യാധിയെ മാറ്റുന്നതിന് ഉപായങ്ങളായി ഭവിക്കാത്തതു പോലെയും, ആ മരണമെന്ന വ്യാധി നീങ്ങുന്നതിനുപായമായിട്ട്, ഏറ്റവും മഹാനായ മാർക്കണ്ഡേയൻ എന്ന മുനിക്ക് "മൃത്യുഞ്ജയൻ" എന്ന പരമശിവനെപ്പോലെയും, മറ്റുള്ള അധികാരികളും ആ അധികാരികളെ ചേർന്നു പ്രമാണങ്ങളും അവറ്റിൻ ഫലങ്ങളും ഉത്തമാധികാരിയും അവനെ സംബന്ധിച്ച പ്രമാണവും തത്ഫലവുമായി പ്രകാശിക്കും. ആകയാൽ സത്ത്, അസത്ത്, സദസത്ത് എന്ന് ലക്ഷണം പറയത്തക്കതല്ലാത്ത വിലക്ഷണത്വം മായയ്ക്കു മാത്രമല്ലാതെ ആത്മാവിനു ചേരുകയില്ല. സത്തെന്നും അസത്തെന്നും സദസത്തെന്നും നിശ്ചയിക്കത്തക്കതല്ലാത്തതു എന്നത് ആത്മാവിനെ സംബന്ധിക്കുമ്പോൾ ആ ഉപാധിയിനാലാകട്ടെ സ്വയമായാകട്ടെ യാതൊരു സ്വരൂപവുമില്ലാത്തതിനാൽ മായയെ സംബന്ധിക്കു മ്പോൾ സ്വരൂപമില്ലാത്ത അവസ്തുവെന്നും നിർണ്ണയിക്കപ്പെടും.

ശി: വസ്തുത്വമേ മായയ്ക്കില്ലെങ്കിൽ അതിനെ ജഗത്കാരണമെന്നും, പറയാൻ പാടില്ലാത്ത വിലക്ഷണവസ്തുവെന്നും ശ്രുതിയിൽ എന്തിനായിട്ടു പറയപ്പെട്ടു?

ആചാ: ശ്രുതി എല്ലായിടത്തും അർത്ഥത്തോടുകൂടിയതായിട്ടു തന്നെ കാണപ്പെട്ടിരിക്കേ, അർത്ഥമെന്നതു വസ്തുവാക യാൽ, ആ വചനം മാത്രം എങ്ങനെ അർത്ഥത്തോടു കൂടാത്ത തായിരിക്കാം?

ശി: ഇരിക്കിൽ അതു ശ്രുതിക്കു ദോഷമല്ലയോ?

ആചാ: ആ വചനങ്ങളുടെ അർത്ഥം തന്നെ ഉത്തരവുമാകും. മായാ എന്നാൽ, യാ=യാതൊന്ന്, മാ=ഇല്ലാത്തതോ, സാ=അത് മായയാകും.

ശി: എന്നാൽ ഒരു വിധത്തിലും, സ്വരൂപസിദ്ധിയില്ലാത്ത അവസ്തുവെ ജഗത്കാരണമായി പറഞ്ഞത് എന്തുനിമിത്തം?

ആചാ: സ്വരൂപമില്ലാത്ത കാരണംപോലെ കാര്യവും സ്വരൂപമില്ലാത്തതാകുന്നു എന്നറിയുന്നതിലേയ്ക്കു തന്നെയാണ്.

ശി: ഇങ്ങനെയാണെങ്കിൽ കർത്താ, ക്രിയ ഇവറ്റാൽ അലങ്കരിക്കപ്പെട്ട വിചിത്രങ്ങളായ ബഹുവിധനാമരൂപങ്ങളോടു കൂടിയ ഇഹപരമെന്ന അണ്ഡപിണ്ഡചരാചരമാകുന്ന ജഗത്ത് കാരണമായ മായയോടും അവസ്തുവെന്നാകിൽ, വന്ധ്യാ പുത്രൻ വിസ്താരമായാകട്ടെ ചുരുക്കമായാകട്ടെ ശുഭാശുഭ ങ്ങൾക്കു ആദരവായ ഗുണങ്ങളാൽ വചനിക്കുന്നതിനു വിഷയ മായിട്ടു എപ്രകാരം ഇല്ലയോ അപ്രകാരമേ, ഈ പ്രപഞ്ചവും ശ്രുതിക്കു വിഷയമാകത്തക്കതാകയില്ല. വാക്കാലും മനസ്സാലും പ്രാപിച്ചുകൂടാത്തതെന്നുള്ള പ്രമാണത്താൽ പരമാത്മവസ്തുവും ആ ശ്രുതിക്കു വിഷയമാകത്തക്കതാകയില്ല. ഇങ്ങനെ രണ്ടും നിർവിഷയപ്പെടുമ്പോൾ ശ്രുതി ഏതിനെയാണ് വിസ്തരിച്ചു പറഞ്ഞത് അതിന് ഉത്തമപ്രമാണമെന്ന് പേരുള്ളതെങ്ങനെ?

ആചാ: പ്രപഞ്ചവും പരമാത്മവസ്തുവും നിർവിഷയമായിരിക്ക ഹേതുവായിട്ടുതന്നെയാണ് ശ്രുതി, വിസ്തരിച്ചു പറയുന്നതായും ഉത്തമപ്രമാണമായും ഭവിച്ചത്. ശ്രുതി എന്നത് ഉപദേശരൂപ മാകയാൽ ആ ഉപദേശം അതീന്ദ്രിയമായ വസ്തുവിനെത്തന്നെ കുറിക്കുന്നതായിരിക്കും. പ്രത്യക്ഷമായിരിക്കുന്ന ഘടത്തെ കണ്ടവന്ന് ആ ഘടോപദേശം ലോകത്തു കണ്ടില്ല. അറിയാത്ത അർത്ഥത്തെ അറിയുംവണ്ണം ബോധിപ്പിക്കുന്നതത്രേ ഉപദേശ ത്തിനുള്ള മാഹാത്മ്യം. ആ ഉപദേശത്താൽ വ്യവഹാരദശയിൽ അതീന്ദ്രിയങ്ങളായ പുണ്യപാപങ്ങളും, അവറ്റിൻ ഫലങ്ങളും, പരമാർത്ഥദശയിൽ സച്ചിദാനന്ദമായ പരമാത്മാവും, ഉപദേശിക്ക പ്പെടും.

ശി: എന്നാൽ വ്യവഹാരപരമാർത്ഥഭേദങ്ങളാൽ ഉപദേശിക്കപ്പെ ടുന്ന അർത്ഥങ്ങൾ രണ്ടു വകയായിരിക്കയാൽ അവ പ്രപഞ്ചവും പരമാത്മാവും ആയിരിക്കാം. പുണ്യപാപസംബന്ധം ജഗത്തിനു ചേരത്തക്കതായിരിക്കുന്നതിനാൽ ഇങ്ങനെ ശ്രുതിയിൽത്തന്നെ പുണ്യപാപങ്ങളെ മുന്നിട്ട് പ്രപഞ്ചം ഉപദേശിക്കപ്പെട്ടിരിക്കേ അതിനെ അവസ്തുവെന്നു എങ്ങിനെ പറയാം? മേലും പരമാത്മാവു വാങ്മനസ്സുകൾക്കു വിഷയമായിട്ടില്ലാത്തതു കൊണ്ട് പ്രയോജനമറ്റതാകുമല്ലോ? വിഷയപ്രയോജനങ്ങൾ വിട്ടുനീങ്ങിയിടത്ത് ശാസ്ത്രപ്രവൃത്തി എങ്ങിനെ ചേരും?

ആചാ: വ്യവഹാരം എന്നത് ശാസ്ത്രപ്രമാണപ്പടി കല്പിക്കപ്പെട്ട്, സ്വപ്നത്തിൽ ഒരു രാജകുമാരന് ആ അവസ്ഥയിൽ രാജനീതി ചെയ്യുന്നതിനു ഉപകാരമായി അവനറിയാൻ പാടില്ലാത്ത നീതികളെ അവന്റെ മനോരാജിയെ അനുസരിച്ച് ഉപദേശി പ്പതുപോലെ, ഭ്രാന്തിയാൽ കല്പിക്കപ്പെട്ട വ്യവഹാരമെന്ന പ്രപഞ്ചത്തിൽ ഇഹപരങ്ങളെ പരിപാലനം

ചെയ്യാൻ ഇച്ഛിച്ച അവന്റെ ഇച്ഛയെ അനുസരിച്ച് ഉപദേശിച്ചതാകും.

ശി: ശാസ്ത്രങ്ങളിൽ പ്രമാണജ്ഞാനമെന്നും ഭ്രാന്തിജ്ഞാന മെന്നും രണ്ടുവകയായി ചൊല്ലപ്പെട്ടു. അവയിൽ ഘടജ്ഞാനം പ്രമാണജ്ഞാനമെന്നും, ശുക്തിരജതജ്ഞാനം ഭ്രാന്തിജ്ഞാന മെന്നും, ഘടത്വത്തെ പ്രകാരമായവച്ഛേദമുടയ ഘടത്തിൽ[15] ആ ഘടത്വത്തെത്തന്നെ പ്രകാരമായുടയ ആ ഘടത്തിന്റെ ജ്ഞാനം പ്രമാണജ്ഞാനലക്ഷണമെന്നും, രജതത്തെ പ്രകാരമയുടയതാ യില്ലാത്ത അതിന്റെ ഭാവത്തെ ഉടയ ശുക്തിയിൽ രജതത്ത്വത്തെ പ്രകാരമായുടയ രജതജ്ഞാനം ഭ്രാന്തിജ്ഞാനലക്ഷണമെന്നും കാണപ്പെടുന്നതിനു വിരോധപ്പെടുമല്ലോ?

ആചാ: വിരോധപ്പെടുകയില്ല. ആ ശാസ്ത്രങ്ങളിൽ പറഞ്ഞ പ്രമാണങ്ങളുടെ ലക്ഷണം മാറിക്കൂടാ എന്നല്ലാതെ ആ പ്രമാണങ്ങളാൽ കുറിക്കപ്പെട്ട വസ്തുക്കൾ ഭേദിച്ചിരുന്നുകൂടാ എന്നില്ല. പ്രമാണങ്ങൾ പ്രയോഗിക്കുമ്പോൾ അവറ്റിൻ വിഷയങ്ങളായ വസ്തുക്കൾ ഭേദിക്കപ്പെടാതിരുന്നാലും പ്രമാണ ങ്ങളുടെ വിവേകദശയിൽ ആ വസ്തുക്കൾ ഭേദിക്കപ്പെട്ടാൽ അതു പ്രമാണങ്ങളിൻ കുറ്റമാകയില്ല. മൃത്ഘടം[16] എന്ന സ്ഥലത്ത് മൃത് എന്നും ഘടം എന്നും രണ്ടു പേരുകളുണ്ടാകും. അവയിൽ ഘടം എന്ന ജ്ഞാനം പ്രമാണജ്ഞാനമായിരുന്നാലും ആ ഘടത്തെ മൃത്തായിട്ടു വിവേകിച്ചറിയുമ്പോൾ മുൻപറഞ്ഞ ഘടജ്ഞാനം ഭ്രാന്തിജ്ഞാനം തന്നെയാകും. അതെങ്ങിനെ യെന്നാൽ, ഏതെങ്കിലും ഒരു പേരുള്ളതായിട്ട് പ്രമാണജ്ഞാന

[15] ഘടത്വം എന്ന പ്രകാരം അവച്ഛേദകമായിട്ടുള്ള അഥവാ ഘടത്വത്തോടു കൂടിയ ഘടത്തിൽ എന്നർത്ഥം.

[16] മൃത് – മണ്ണ്, ഘടം – കുടം; മൃത്ഘടം – മൺകുടം

ത്തിനു വിഷയപ്പെടണമെന്നുവരുകിൽ ആ പൊരുൾ സ്വരൂപ ലക്ഷണത്തോടു കൂടിയതായിരിക്കണം. മൃത്തിൻ സ്വരൂപത്തിന് അന്യമായി ഘടത്തിന് സ്വരൂപം കാണപ്പെടാത്തതിനാൽ ത്തന്നെയാണ്. അപ്രകാരമേ ഇത് ഘടം എന്നതിൽ ഇദന്തയെ[17] പ്രകാരമായുടയ ഇത് എന്ന ഒരർത്ഥത്തേയും ഘടത്വത്തെ പ്രകാരമായുടയ ഘടമെന്ന ഒരർത്ഥത്തെയും പകുത്തു നോക്കിയാൽ ഘടത്വത്തെ പ്രകാരമായുടയതായില്ലാത്ത ഘടത്വാഭാവത്തെ ഉടയ ഇതെന്ന ജ്ഞാനത്തിൽ ഘടത്വത്തെ പ്രകാരമായുടയ ഘടമെന്ന ജ്ഞാനം പ്രമാണജ്ഞാനത്തിന്റെ ലക്ഷണമാകയില്ല. അപ്രകാരമേ ജഡാജഡമായ ഏതു പ്രപഞ്ച വ്യവഹാരജ്ഞാനവും ഇതെന്ന ജ്ഞാനത്തെ സംബന്ധിച്ചു തന്നെ കാണപ്പെടുകയാൽ വ്യവഹാരജ്ഞാനശേഷവും ഭ്രാന്തിജ്ഞാനം തന്നെയുണ്ടാകും. ആയാലും, ആ അവസ്ഥയിൽ സാമന്യാധികാരികൾക്കു വ്യവഹാരോപയോഗമായി അവരുടെ വിവേകത്തെ അനുസരിച്ച് ആ ജ്ഞാനം പ്രമാണജ്ഞാനമെന്നു പറയപ്പെടും. പരമാത്മാ വാങ്മനസ്സുകൾക്കു എത്താത്തതു കൊണ്ട് വിഷയപ്രയോജനങ്ങളില്ലാത്തതായി ശ്രുതി എങ്ങിനെ പ്രവർത്തിക്കാമെന്നതു ശരിയെന്നാലും, ജഡാജഡങ്ങളായ ഈ പ്രപഞ്ചം പോലെ വിഷയമെല്ലെങ്കിലും ഈ പ്രപഞ്ചങ്ങളെല്ലാം ദൃശ്യമായിട്ടുതന്നെ ഏവന്നു വിഷയമാകുന്നുവോ അവന് പ്രപഞ്ചത്തിനു വിഷയമാകയില്ല എന്നു മാത്രമല്ലാതെ അവൻ സ്വപ്രാകശനായതുകൊണ്ട് വിഷയവിഷയീഭാവമില്ലാത്ത തനിക്കു താൻ അപ്രകാരം തന്നെ വിഷയമായിരിക്കും. ശ്രുതികളുടെ ഉപാധികളെ നീക്കി അവനെ കരതലാമലകം പോലെ അധികാരിക്കു താനായി പ്രകാശിപ്പിക്കയാലും, ആ വിധം താനായ ആത്മലാഭത്തെക്കൂടാതെ മറ്റൊന്നും

[17] ഇതിന്റെ ഭാവം

പ്രയോജനമെന്നു ലാഭമായിട്ടു ഇല്ലാത്തതിനാലും, താൻ തന്നെ തനിക്കു പ്രയോജനമായിരിക്കകൊണ്ട് അപ്രകാരമേ ശ്രുതിയും ആത്മലാഭത്തെ പെരുമയോടുകൂടിയതായി ചൊല്ലുകയാലും, വിഷയപ്രയോജനങ്ങളും ഉണ്ട്. ശ്രുതിയുടെ പ്രവൃത്തി ചേരുകയും ചെയ്യും.

(ശിഷ്യൻ സ്വയംസിദ്ധമായി ആനന്ദനിധിയായി സദോദിതാർക്ക നായി[18] നിന്നു തന്നെ അറിയാതെ ഉഴലുന്ന ജീവന്മാരെ മായയെന്നറിഞ്ഞ്, തന്നെത്താനെന്നു ദർശിപ്പിക്കുന്ന കേവലം വസ്തുതന്ത്രമായ വേദമഹിമാവെ ആരറിയുന്നു, ആരോതുന്നു എന്നു ആനന്ദനടനം ചെയ്ത് മായാവിലക്ഷണസ്വരൂപിയായി പ്രകാശിച്ചു.)

[18] സദാ ഉദിച്ചുനിൽക്കുന്ന സൂര്യനായി എന്നർത്ഥം.

സദനുഭവ നിരൂപണപ്രകരണം

ശിഷ്യൻ: പരമാത്മാവു ഒരുവൻ തന്നെ സച്ചിദാനന്ദസ്വരൂപൻ; ജഡാജഡങ്ങളായി കാണപ്പെട്ട കാര്യകാരണരൂപമായ പ്രപഞ്ചം മിഥ്യ; പ്രപഞ്ചത്തെ ശ്രുതി പ്രതിപാദിക്കയെന്നുള്ളതു അതിന്റെ മുഖ്യാഭിപ്രായമല്ല; പ്രപഞ്ചാതീത പരമാത്മാവിനെ പ്രതിപാദിക്കലാകുന്നു അതിന്റെ മുഖ്യതാത്പര്യം എന്നരുളിയ പ്രകാരം ബോധിച്ചു. എങ്കിലും ഭ്രാന്തിജ്ഞാനത്തിനു വിഷയമായ പ്രപഞ്ചത്തെ സ്ഥൂലം മുതൽ അവ്യക്തം വരെ മിഥ്യയാകുന്നു എന്നുള്ള അനുഭൂതിയും. ശ്രുതി ചൊല്ലിയ പ്രകാരം വിഷയവിഷയീഭേദം കൂടാതെ സ്ഥിതിയിൽ പരമാത്മാവു വിഷയമാകുന്ന അനുഭൂതിയും അരുളേണമേ!

ആചാരൻ: ലോകത്തിൽ ഘടമിരിക്കുന്നു, പടമിരിക്കുന്നു, മഠമിരി ക്കുന്നു, എന്നിങ്ങനെ കാണപ്പെടുന്ന അനുഭവത്തെ പരിശോധി ച്ചാൽ അനുഭൂതിയുണ്ടാകും. ഘടമെന്നത് കംബുഗ്രീവാദിമത്താ യുള്ള[19] വികാരവസ്തുവാകും. അപ്രകാരം തന്നെ പടം എന്നത് ഓതപ്രോതമായ തന്തുവിന്റെ വികാരത്തോടുകൂടിയ വികാര വസ്തുവാകും. ഇങ്ങനെയായാൽ പരസ്പരഭിന്നങ്ങളായ വിരുദ്ധവസ്തുക്കളിൽ മുൻപറഞ്ഞ പ്രകാരം സത്തു കാണപ്പെടുകയാൽ, അത് ഇവറ്റിനു ഭിന്നമോ അഭിന്നമോ? ഭിന്നമെന്നു വരികിൽ ആ സത്തിനെ അവയിൽനിന്നു നീക്കി കാണുകിൽ അവ ഇല്ലാത്തവയാകും. അഭിന്നമെങ്കിൽ, സത്തിൽനിന്നു ഭിന്നമാകാത്തതുകൊണ്ടു അവ നാമരൂപങ്ങ ളോടുകൂടിയ വികാരികളാകയില്ല. ഉഭയരൂപമോ സിദ്ധിക്കയില്ല. അപ്രകാരം തന്നെ പ്രത്യക്ഷമായ ഒരു ഘടം

[19] ഇടുങ്ങിയ കഴുത്തുള്ള എന്നർത്ഥം.

ഇരിക്കുന്നതായിട്ടു അനുഭവിക്കപ്പെടുമ്പോൾ ആ ഘടം വികാരിവസ്തുവായിരു ന്നാലും, കലർന്നു കിടക്കുന്ന കടുകുജീരകങ്ങളെ പിരിച്ചു കാണുന്നതുപോലെ, അതിൽ സത്തിനെ പിരിച്ചു കാണണം. സത്ത് എവിടേയും സദ്രൂപമായി വേർപെടാത്തതു കൊണ്ട് വികാരികളായ അവറ്റിന്നു ഭിന്നമായ ഈ സത്തു നിർവികാരി യാകത്തക്കതാകും. അതിന്റെ ധർമ്മവും നിർവികാരമാകും. പ്രത്യക്ഷാനുഭൂതിരൂപമായ ഘടത്തെ അനുഭവിക്കുമ്പോൾ അത് സത്വഭാവത്തോടുകൂടിയതാകണ മെങ്കിൽ, നീക്കം കൂടാതെ എല്ലായിടത്തും നിർവികാരമായ സത്വഭാവം ഇരുന്ന് അനുഭവിക്കപ്പെടേണ്ടതാണ്. അങ്ങനെ അനുഭവിക്കപ്പെടുകിൽ, ഒരിരുമ്പുദണ്ഡു പൃഥ്വിയിൽ കോർത്തി രിക്കേ അതിനെ എടുത്തേച്ചു നോക്കുമ്പോൾ ആ ദണ്ഡു ഇരുന്ന സ്ഥലം മുഴുവൻ പൃഥ്വി ഇരിക്കാത്തതുപോലെ, നിർവികാരമായ സത്ത് വ്യാപിച്ചിരുന്ന ഘടം മുഴുവനിലും വികാരത്തോടുകൂടിയ ഘടത്തിന്റെ ഭാവം കാണപ്പെടുകയില്ല. അപ്രകാരം കാണ പ്പെടാതെ ഘടവികാരം മാറിയാൽ വികാരത്തെ കൂടാതെ ഘടത്തിനു രൂപം വേറില്ലാത്തതിനാൽ ആ രൂപം കൂടാതെ, ഘടമില്ലാതെ, വിട്ടുപോകും. ഇപ്രകാരം നീങ്ങിയാൽ മുമ്പ് ഘടമിരുന്ന എല്ലാ സ്ഥലത്തും അതിന്റെ അഭാവം ഉള്ളതായി ഭവിക്കും. ആ അസത്തായ അഭാവവും അഭാവമായ ഒരു വസ്തുവായിരിക്കേണമെങ്കിൽ അതിങ്കലും മുൻനിരൂപിച്ച പ്രകാരം ആ അവസ്ഥയിൽ ഈ സത്ത് അവശ്യം അനുഭവപ്പെടേണ്ടതാണ്. അങ്ങിനെയാകുമ്പോൾ, പ്രകാശത്തിൽ ഇരുൾ സിദ്ധിക്കാത്തതുപോലെ, സത്തിൽ ഒരിക്കലും അസത്ത് സിദ്ധിക്കയില്ല. ഇപ്രകാരം ഘടത്തേയും, ഘടാഭാവത്തേയും ഭാവാഭാവാഹംകാരമില്ലാത്ത നിർവികാരമായ സത്ത് ബാധിക്ക പ്പെടാത്ത വസ്തുവാകയാൽ അതിനെ നിർവികാര മായിട്ടു പ്രത്യക്ഷത്തിൽ ഇരിക്കുന്നപ്രകാരം അനുഭവത്തിൽ കണ്ട്, ആ

അനുഭവബലത്താൽ ഘടം, ഘടാഭാവം ഈ രണ്ടിനേയും സന്മാത്രമായനുഭവിച്ചാലും.

(അപ്രകാരമേ ശിഷ്യനും, പ്രത്യക്ഷമായി കാണപ്പെട്ട കുടത്തിൽ കുടത്തിനു ഭിന്നമായ ആ സത്തിനെ നിരാകാരമായി കണ്ട്, കുടത്തിലും, അതിന്നു ഒരു മാറു ദൂരത്തിലുള്ള പടത്തിലും, ആ രണ്ടിന്റെയും അന്തരാളത്തിലും വ്യാപിച്ചിരിക്കുന്ന ആ സത്തിന്റെ ഇരിപ്പിനെ അറിഞ്ഞ്, ഘടം, പടം, ഇതു രണ്ടും പ്രതിയോഗിയായി ഗ്രഹിക്കപ്പെടാത്ത കാലത്തു ആ രണ്ടിന്റെയും വികാരമായ ഭാവത്വമാകട്ടെ, അഭാവത്വമാകട്ടെ, അവറ്റിൻ ധാരാളം അന്തരാളമാകട്ടെ, നോക്കപ്പെടാതെ തന്മാത്രമായി എങ്ങിനെ അനുഭവിക്കപ്പെടുന്നുവോ അപ്രകാരമേ, ഘടത്തെയും ഘടാഭാവത്തെയും അവറ്റിൻ സന്മാത്രമായ അനുഭവത്തിനു വേറായിട്ടില്ലാതെ അനുഭവിച്ച്, ജലപാനത്തിനുപോലും ആദരവി ല്ലാത്ത ഒരു ദരിദ്രൻ താനിരിക്കുന്നേടത്ത് ഒരു മഹാമേരു നവനിധിയായിട്ടു വന്നേച്ചാൽ അവന് എത്ര ആനന്ദമുദിക്കുമോ അത്രത്തോളം ആനന്ദം അനുഭവിച്ച്, സത്തിനെക്ക്കുറിച്ച് അല്പം പോലും അറിവില്ലാതെ അസത്തിൻമയമാകുന്ന വിഷയമാകുന്ന ദാരിദ്ര്യം നീങ്ങി സത്താകുന്ന മഹാസമ്പത്തെ പ്രാപിച്ച്, സുഖവാരിധിയിൽ മുങ്ങി, മറുപടിയും[20] വിജ്ഞാപി ക്കുന്നു:)

ശി: കരുണാരൂപമായ ഉപദേശവിശേഷത്താൽ പരമനാസ്തിക നായ അടിയനും ആസ്തികനായി ഭവിച്ചു. ഈ അനുഭവം കൊണ്ട് ജഡാജഡമായ ഈ പ്രപഞ്ചത്തെ

[20] വീണ്ടും

നോക്കുമ്പോൾ കർപ്പൂരമലയിൽ തീപിടിച്ചതുപോലെ സന്മയാനുഭൂതി ഹേതുവാ യിട്ട്, പാഞ്ചഭൗതികം, പഞ്ചഭൂതം, പഞ്ചവിഷയം, എന്നിവകളാ കുന്ന സ്ഥൂലപ്രപഞ്ചം, ദശേന്ദ്രിയം, ദശവായു, മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം, അന്തഃകരണം, അജ്ഞാനം, മായ എന്നിവകളാകുന്ന സൂക്ഷ്മപ്രപഞ്ചം, എന്നീ ജഡമായ അശേഷവും ഭാവാഭാവവികാരരഹിതനിർവികാരസദനുഭൂതി മാത്രമായി അനുഭവിക്കപ്പെട്ട, ജീവേശഭേദങ്ങൾക്ക് അവസര മില്ലാത്ത, ത്രിവിധപരിച്ഛേദശൂന്യ[21] സന്മാത്രമായി തെളിഞ്ഞു. എന്നാൽ, ഇന്ന ശബ്ദത്താൽ ഇന്ന അർത്ഥം ബോധിക്കപ്പെടും എന്നുള്ള ശബ്ദശക്തി ഈശ്വരനാൽ നിയമപ്പെട്ടിരിക്കയും, അപ്രകാരം തന്നെ പൃഥി ഗന്ധവതി (പൃഥ്വി എന്നതു ഗന്ധഗുണമുള്ളത്), രൂപം ചക്ഷുസ്സിനാൽ മാത്രം കുറിക്കത്തക്ക പൊരുളുകളുടെ ലക്ഷണവും, അതിവ്യാപ്തി, അവ്യാപ്തി, അസംഭവം[22] എന്നീ മൂന്നു ദോഷങ്ങൾ കൂടാതെയിരിക്കേണ മെന്ന്, അവയുടെ ലക്ഷണവും ശാസ്ത്രങ്ങളാൽ നിരൂപിക്ക പ്പെട്ടിരിക്കയും, ആകിൽ ഭിന്നഭിന്നങ്ങളായ ശബ്ദങ്ങളുടെ അർത്ഥമായ ഭിന്നവസ്തുക്കൾ തങ്ങളെ കുറിക്കുന്ന ശബ്ദശക്തി യോടു മാർപ്പെട്ടു[23] നിന്നു ഏകാർത്ഥമായി പ്രകാശിക്കുന്ന

[21] മൂന്നു തരം പരിച്ഛേദങ്ങളില്ലാത്തത് എന്നർത്ഥം. പരിച്ഛേദം തീർച്ചപ്പെടുത്തൽ, വേർതിരിച്ചറിയൽ, ശരിയായി നിർവ്വചനം; കാലപരിച്ഛേദം, ദേശപരിച്ഛേദം, വസ്തുപരിച്ഛേദം എന്നിവയാണ് ത്രിവിധപരിച്ഛേദങ്ങൾ അഥവാ ഏതൊരു വസ്തു വിനെയും പരിച്ഛേദിക്കുന്ന മൂന്നു ഘടകങ്ങൾ ദേശം, കാലം, വസ്തു എന്നിവ യാണെന്നർത്ഥം.

[22] ലക്ഷണം ലക്ഷ്യത്തിൽകവിഞ്ഞ ഇടങ്ങളിലും ഇരിക്കുന്നത് അതിവ്യാപ്തി. ലക്ഷണം ലക്ഷ്യത്തിൽ എല്ലായിടത്തും ഇല്ലാതിരിക്കുന്നത് അവ്യാപ്തി. ലക്ഷണം ലക്ഷ്യത്തിൽ ഒരിടത്തും ഇല്ലാതിരിക്കുന്നത് അസംഭവം.

[23] മാർപ്പെട്ടുനിന്നു ഒത്തുനിന്ന്, ചേർന്നുനിന്ന്

സത്താമാത്രയായി അവകൾ ബാധിക്കപ്പെടുന്നതു പ്രമാണ വിരോധം അല്ലയോ?

ആചാ: കുഞ്ഞേ നീ ശങ്കിച്ചതു ശരി തന്നെ. എന്നാൽ പ്രമാണമെന്നതു ശാസ്ത്രമാകും. ആ ശാസ്ത്രവും ശബ്ദരൂപമായിരിക്കും. ആ ശബ്ദവും നാദബ്രഹ്മമെന്നു വ്യവഹരിക്കപ്പെടും. അപ്രകാരമുള്ള നാദബ്രഹ്മമെന്ന തത്വമാകട്ടെ പരാ, പശ്യന്തി, മദ്ധ്യമാ, വൈഖരി എന്നിങ്ങനെ നാലു പിരിവോടുകൂടിയിരിക്കും. അവയിൽ പരാ എന്നതു ജ്ഞാനികളാലും, പശ്യന്തി കേവലം യോഗികളാലും, മദ്ധ്യമാ ധ്യാനശക്തിയോടുകൂടിയ ഉപാസകരാലും, വൈഖരി വേദശാസ്ത്രജ്ഞന്മാരാലും പണ്ഡിതന്മാരാലും അനുഭവിക്കത്തക്കത്. ഇവയിൽ മൂന്നു ഭാഗവും ആന്തർമുഖമായും വൈഖരിയെന്ന ഒരു ഭാഗം ബഹിർമുഖമായും ഇരിക്കും. ആ വൈഖരിയായതു ബഹുവിധ വേദശാസ്ത്രഭാഷാവിശേഷങ്ങളായി വികസിച്ചിരിക്കും. അപ്രകാരം വികസിച്ചിരിക്കുന്ന ആ വൈഖരി സ്വയം ഏകാക്ഷരമായിരിക്കും. ഉപാധിസംബന്ധങ്ങളാൽ ഏകമായും മൂന്നായും പതിനാറായും അൻപതായും അക്ഷരങ്ങളെ വർണ്ണങ്ങളെന്നു പറയും. ഈ അൻപതു വർണ്ണങ്ങളിലും അവർണ്ണം കവർണ്ണം ലവർണ്ണം എന്നിങ്ങനെ വർണ്ണസത്ത ഏകമായി കാണപ്പെടുകയാൽ ആ ഏകമായ വർണ്ണസത്ത ദന്താലു ഓഷ്ഠാദി സ്ഥലഭേദങ്ങളിൽ ഇച്ഛയാൽ ചലിക്കപ്പെടുന്ന ക്രിയാശക്തി സംബന്ധത്താൽ, ശർക്കര, പുളി, വലണം, ഏലം ഇത്യാദി സംബന്ധങ്ങളാൽ നിർഗന്ധമായും ഏകരസമായും ഉള്ള ജലം ബഹുരസഗന്ധഭേദങ്ങളോടുകൂടി കാണപ്പെടുന്നതു പോലെ, അൻപതു ഭേദത്തോടുകൂടിയതായി കാണപ്പെടും. അപ്രകാരം തന്നെ, വ്യവഹാരത്തിനായിട്ടു പദം, വാക്യം എന്നിങ്ങനെ സങ്കേതിക്കപ്പെടും. ഈ വക സങ്കേതവും ഈശന്റെ ഇച്ഛാശക്തിയാൽ നിയമിക്കപ്പെട്ടതുതന്നെയാണ്.

അപ്രകാരം ഈശന്റെ ഇച്ഛാശക്തിയോടുകൂടിയ വൈഖരീരൂപ ശാസ്ത്രപ്രമാണമായത് പ്രബലം, സാമാന്യം അന്നിങ്ങനെ രണ്ടു പിരിവായിട്ട് പറയപ്പെടും. പ്രബലവാക്യങ്ങൾ ബാധിക്കപ്പെടുകയില്ല. സാമാന്യവാക്യങ്ങൾ ബാധിക്കപ്പെടുമെന്നതുകൊണ്ട് അവയെ വചിക്കുന്ന ശാസ്ത്രം പ്രമാണമാകയില്ല. ഇങ്ങനെ ശാസ്ത്രത്തിൽ തന്നെ പ്രബലമായ ഏകദേശവാക്യങ്ങളാൽ സാമാന്യമായ ഏകദേശവാക്യങ്ങൾ ബാധിക്കപ്പെടാമെങ്കിൽ ആ ന്യായം കൊണ്ട് ഉപാധി സംബന്ധങ്ങളാൽ നാനാദേദത്തോടു കൂടിയവയായി കാണപ്പെടുന്ന വർണ്ണഭേദങ്ങളും, തൽസംബന്ധ വ്യത്യാസങ്ങളാൽ പദം, വാക്യം എന്നുള്ള ഭേദങ്ങളും അവയുടെ നിരൂപണഭേദങ്ങളാൽ ശാസ്ത്രഭേദങ്ങളും അവയാൽ കുറിക്കപ്പെടുന്ന വസ്തുഭേദങ്ങളും, പ്രബലം, സാമാന്യം എന്ന രണ്ടു പിരിവോടുകൂടിയതായിട്ട്, അവയിൽ പ്രബലം എന്ന ഒരു പിരിവാൽ സാമാന്യം എന്ന ഒരു പിരിവു ബാധിക്കപ്പെടും. കാലത്രയത്തിലും ബാധിക്കപ്പെടാതെ ഉപാധി സഹായരഹിതമായി സ്വയം സിദ്ധിച്ചിരിക്കുന്ന വസ്തു പ്രബലമെന്നാകും. അതിനെ സംബന്ധിച്ച ശാസ്ത്രം, ആ ശാസ്ത്രത്തിന്റെ അഭിപ്രായത്തോടു കൂടിയ വാക്യങ്ങൾ, അവയുടെ അഭിപ്രായമായ അർത്ഥങ്ങൾ, ഇവകളും പ്രബലമെന്നാകും. മറ്റെല്ലാം സാമാന്യമെന്നാകും, എന്തെന്നാൽ, സ്വയം സിദ്ധിക്കാൻ ശക്തിയില്ലാത്ത കാരണം.

ഇപ്രകാരമാകുമ്പോൾ, പ്രബലമായും സാമാന്യമായും പ്രമാണ വാക്യങ്ങൾ, വർണ്ണസംയോഗവിശേഷമായിട്ടു വന്ന വസ്തുക്കളെ പ്രമാണിച്ചു പ്രയോഗിക്കുമ്പോൾ, നിർവികാരമായ നാദബ്രഹ്മ മെന്ന വർണ്ണസത്ത ഉപാധികളുടെ ക്രിയാഭേദങ്ങളാൽ അകാരാദി ഭേദങ്ങളായിട്ട് വികാരപ്പെടുമ്പോൾ, അവയെ നിർവികാരമായി വ്യാപിച്ച വർണ്ണസത്ത അവകളെ അതാതു

വർണ്ണങ്ങളായി ഭവിപ്പിച്ചു. ആ ഉപാധികളിൻ ക്രിയ വേർപെടുമ്പോൾ ആ വർണ്ണസത്ത മാത്രമായി ശേഷിച്ചിരിക്കും. വർണ്ണസത്ത എന്നതു ജ്ഞാനത്തിന്റെ സ്ഫൂർത്തിക്കു വർണ്ണങ്ങളായിരിക്കും. വർണ്ണങ്ങ ളിൽ, ഏകമായ ആ വർണ്ണസത്തയെ പകുത്തു കാണുന്ന വിവരം എങ്ങിനെയെന്നാൽ, ഉപാധികളുടെ ക്രിയാസംബന്ധത്താൽ നാദം അതിസൂക്ഷ്മമായിട്ടു ധ്വനിച്ച് ആ ക്രിയാഭേദത്താൽ ആ ധ്വനികളിൽ മാത്രയുടെ ഭേദങ്ങൾ ഉണ്ടാക്കി, ആ നാദത്തോടു അഭേദമായി കലർന്ന് ഏകാകാരമായി, അകാരാദി വർണ്ണങ്ങ ളായി, കാണുമാറു സിദ്ധിക്കും. ആ ക്രിയാവികാരങ്ങളായ മാത്രകൾ ആ സംബന്ധം നീങ്ങുമ്പോൾ ആ നാദവും തനതു നാദമായ വർണ്ണത്തിന്റെ സത്താമാത്രമായി നീങ്ങി നിൽക്കും. ഇപ്രകാരം സകല ശാസ്ത്രങ്ങളുമായി പ്രകാശിക്കുന്ന വാക്യഭേദങ്ങളോടുകൂടിയ അമ്പതു വർണ്ണങ്ങളേയും ഉച്ചരിക്കു മ്പോൾ അവകളെയും, ഓരോരോ വർണ്ണങ്ങളിലുമുള്ള മാത്രകളെയും നിദാനിച്ച് ഓരോരോ വർണ്ണങ്ങളിൽ ഓരോരോ മാത്ര കൂട്ടുകയും കുറയ്ക്കുകയും ആ അവസ്ഥയിൽ ആ വർണ്ണങ്ങൾ മാത്രയുടെ കൂടുതൽ കുറവ് ഹേതുവായിട്ട് ഉണ്ടായ വർണ്ണങ്ങളുടെ ഉല്പത്തിലയ(ത്വ)സ്വഭാവത്തെയും കണ്ട് അപ്രകാരം ഉത്ഭവിച്ചതായും നശിച്ചതായും ഉള്ള മാത്രഭേദങ്ങ ളോടുകൂടിയ അതാതു വർണ്ണം ഇരിക്കുന്ന സ്വഭാവം പോലെ ആ വർണ്ണത്തിന്റെ സത്തിനെ ആലോചിച്ചനുഭവിക്കിൽ, ഘടകമായി രിക്കുന്ന സത്തു മൃത്തിന്റേതുപോലെയും പടമായിരിക്കുന്ന സത്തു തന്തുവിന്റേതുപോലെയും, അകാരാദി വർണ്ണങ്ങളാ യുത്ഭവിച്ച മാത്രകളുടെ സത്തു നിർവികാരമായ നാദമാത്രത്തിന്റെ സത്തായിട്ടു പ്രകാശിക്കും. ഒരിക്കലും പ്രകാശിച്ചിരുളാകാത്തതുപോലെ, ആ സത്തു ഒരിക്കലും അസത്താകയില്ല. ഇപ്രകാരമാകിൽ ഈ നാദതത്ത്വം

അകാരാദി വർണ്ണങ്ങളായി ഭവിക്കുമ്പോൾ മാത്രകളുടെ സംബന്ധത്തോടുകൂടിയതായും, നാദമാത്രമായി ഭവിക്കുമ്പോൾ മാത്രകളുടെ സംബന്ധം വിട്ടതായും ഭവിച്ചതിൽ ആ നാദം അമാത്രയായും സമാത്രയായും മാത്രകളുടെ ഉപാധിയായ ക്രിയാശക്തിയുടെ സംയോഗവിയോഗങ്ങളാൽ ഭവിച്ചു നിൽക്കും എന്നല്ലാതെ തനതു സ്വാഭാവികമായങ്ങിനെ ഇരിക്കയില്ല. ആ ക്രിയാശക്തിയുടേ സംയോഗം മാത്രയെന്ന ഉദയവും, അതിന്റെ വിയോഗം അമാത്രയെന്ന ഉദയവും ആകും. മാത്രയായും അമാത്രയായും ഉദിക്കുന്നതിനു കാരണമായി നിന്ന സംയോഗ വിയോഗങ്ങളെ ആ ക്രിയാശക്തി വിട്ടുനീങ്ങി നാദമാത്രമായി സ്ഫുരിക്കും സ്ഥലത്തിൽ, ആ ശക്തി മാത്രമായിട്ട് പ്രകാശിക്കുമ്പോൾ തന്നിൽ മാത്രകളുടെ സ്വഭാവമാകട്ടെ, അമാത്രകളുടെ സ്വഭാവമാകട്ടെ ഇല്ലാത്തതുകൊണ്ട് അവയാൽ ഉണ്ടായ ഭേദത്തോടുകൂടിയ വിഷയജ്ഞാന സ്ഫൂർത്തിയില്ലാതെ നിർവിഷയമായ ജ്ഞാനമാത്രസ്ഫൂർത്തിയെ കൊടുക്കും.

അപ്രകാരമുള്ള നാദം തനതുപാധിയായ മുൻപറഞ്ഞ ക്രിയാശക്തി, ഇച്ഛാശക്തി, ഇവയുടെ സംബന്ധം കൊണ്ട് ഉദിച്ചസ്തമിക്കയാൽ, ഇച്ഛാശക്തി വിഷയ ജ്ഞാന സ്ഫൂർത്തിയെ മുന്നിട്ടു ഉദിക്കയാൽ അതിവിടെ ഇല്ലാത്തതി നാൽ, ആ ഇച്ഛാശക്തി നാദത്തിനു ആധാരമായ ക്രിയാ ശക്തിയെ വിട്ടുനില്ക്കും. ആ ക്രിയാശക്തി ആ നാദത്തിന്റെ സ്ഫൂർത്തിക്ക് ആദരവായ ഉപാധിസ്ഥലത്തെ വിട്ടുപോകും. ആ അവസ്ഥയി!ൽ ആ നാദം സ്ഥിതിത്വത്തോടുകൂടിയതായി വ്യവഹരിക്കപ്പെടുകയാൽ ഇരുന്നതുതന്നെ ഇരിക്കുന്നതായി ഭവിക്കണം. ആകയാൽ നാദമാത്രമായി ഭവിച്ച ആ വർണ്ണത്തെ നിദാനത്തോടു അനുഭവിച്ച്, അതിന്റെ സത്തിനെ പിരിച്ചറിഞ്ഞ്, ആ സത്ത് നിർവികാരമാകയാൽ ആ സത്തിനാൽ വികാരമായ

ക്രിയാശക്തിയുടെ സംബന്ധത്താൽ ഭവിച്ച ഉപാധിമയമായ നാദാംശത്തെയും വ്യാപിച്ചിരുന്ന സ്ഥിതിപോലെ കാണുകിൽ നാദം സ്ഫൂർത്തിച്ചിരിക്കുമ്പോൾത്തന്നെ ഉപാധ്യംശങ്ങൾ വിട്ട് നിർവികാരമായ തനതു സ്വയം സന്മാത്രമായി ശോഭിച്ചു പ്രകാശിക്കും.

ഈ സത്തു നാശമില്ലായ്ക ഹേതുവായിട്ട് അക്ഷരമെന്നു പറയപ്പെടും. ആ അക്ഷരത്തെ തന്നെ "വർണ്ണ"മെന്നും പറയാം. നാദം ഉദയാസ്തമനം ചെയ്യുന്ന സ്ഥാനമാകയാൽ ഈ അക്ഷരസത്തയെ "പര"യെന്നും, ഇതുതന്നെ ഉപാധിസംബന്ധ ത്താൽ നാദമായി വികസിക്കുമ്പോൾ "പശ്യന്തി"യെന്നും, ഈ നാദത്തിൻ മാത്രകളായുദിക്കുമ്പോൾ "മദ്ധ്യമ" എന്നും ആ മാത്രസംബന്ധത്താൽ അകാരാദി അമ്പതു വർണ്ണങ്ങളായി വികസിക്കുമ്പോൾ "വൈഖരി"യെന്നും പറയും.

ഈ വൈഖരി തന്നെ വേദവേദാംഗാദി സകലശാസ്ത്രങ്ങളായും ബഹുവിധ ഭാഷകളായും ഭവിച്ച് ഇഹപരങ്ങളായ വിഷയങ്ങളെ സൃഷ്ടിച്ച്, വിവേകത്തെ സ്ഫുരിപ്പിക്കയാൽ അഖിലശാസ്ത്രങ്ങ ളായും അൻപതു വർണ്ണങ്ങളായും അവയുടെ സംബന്ധ വിശേഷങ്ങളായിട്ടും കണ്ട്, സംബന്ധത്തെ വർണ്ണങ്ങൾ മാത്രമായി പിരിച്ച്, ആ വർണ്ണങ്ങളെ മാത്രകൾ മാത്രമായി പിരിച്ച്, അവയോട് കലർന്നു നിന്ന നാദതത്ത്വത്തിന്റെ സ്ഥിതിയെ തനിച്ചു കാണുകിൽ വൈഖരി മദ്ധ്യമയിലും, മദ്ധ്യമ പശ്യന്തിയിലും ആയിട്ടടങ്ങി നാദമാത്രമായി പ്രകാശിക്കും. അപ്പോൾ ശാസ്ത്രങ്ങളും അവറ്റാൽ പറയപ്പെട്ട വസ്തുക്കളും, ഘടപടാദിയായി കാണപ്പെട്ട പൃഥ്വീവികാരങ്ങൾ പൃഥ്വി മാത്രമായി കാണപ്പെടുമ്പോൾ ആ വികാരരൂപങ്ങൾ മാറുന്നതിനോടു കൂടി ആ നാമങ്ങളും അന്നാമരൂപങ്ങളെ പിരിച്ച് ഭേദജ്ഞാനത്തിന്റെ

സംസ്ഫൂർത്തിയും മാറ്റപ്പെട്ടു പൃഥ്വി മാത്രമായ വ്യാപകപ്രകാശത്തെ പ്രാപിപ്പതുപോലെ, സകല നാമരൂപങ്ങളും അവകളെ ചേർന്ന് ഭിന്നഭിന്ന ജ്ഞാന സ്ഫൂർത്തിയും നീങ്ങി വ്യാപകമായ പശ്യന്തി എന്ന നാദതത്ത്വവും തദർത്ഥമായ നിർവികാരവ്യാപകജ്ഞാനവും തന്നെ സ്ഫൂർത്തിവിഷയമായി അനുഭവിക്കപ്പെടും. അങ്ങിനെ അനേക ഭിന്നഭിന്ന നാമരൂപങ്ങളായി ഭവിച്ച അണ്ഡപിണ്ഡചരാചരങ്ങളെ ഭിന്നഭിന്നങ്ങളായി സ്ഫുരിപ്പിക്കാൻ കാരണമായ വൈഖരി, മദ്ധ്യമ, അവയുടെ അർത്ഥമായ ഇഹപരമെന്ന വിഷയം ഇവ ഒന്നോടൊന്നു ഉപാധി നീങ്ങലിനെ മുന്നിട്ടു തനിച്ചു നിർവിഷയമായി തങ്ങൾക്കാധാരമായ പശ്യന്തി മാത്രമായി ഭവിക്കും.

പശ്യന്തി നാദതത്ത്വം ആകയാൽ നാദതത്ത്വം തന്റെ സ്വസ്വഭാവം പോലെ ജ്ഞാനത്തെ സ്ഫുരിപ്പിക്കും. ആകയാൽ താൻ ഭേദം കൂടാതെ നിർവിഷയമായും വ്യാപകമായും ഇരിക്കകൊണ്ട് അപ്രകാരം തന്നെ ജ്ഞാനത്തെ സ്ഫുരിപ്പിക്കും. ഇങ്ങനെ പശ്യന്തിയെക്കുറിച്ചുള്ള അനുഭവത്തെ നിദാനിച്ചാൽ അതിൽ അതിന്റെ സത്തിനെ മുൻ പറഞ്ഞപ്രകാരം കാണുകിൽ പശ്യന്തിയെന്ന നാദം സോപാധികവികാരങ്ങളെ വിട്ടുനീങ്ങി തനതു കാരണമായ പര എന്ന അക്ഷരത്തിന്റെ സത്താമാത്ര മായി ശേഷിക്കും.

ഈ വിധമായ "പര" സകല ശാസ്ത്രാന്തരംഗമായ സർവജ്ഞ ശക്തിയോടുകൂടിയ ജ്ഞാനനിധിയാകും. വ്യഷ്ടി സമഷ്ടിയായ പ്രപഞ്ചം സൃഷ്ടിക്കപ്പെടുമ്പോൾ ഈശനു സർവവിദ്യാജ്ഞാന ലയമായ ഈ പര തന്നെ സർവജ്ഞ ശക്തിയായിരുന്ന്, ആ ഈശനു സ്വരൂപജ്ഞാനത്തേയും പ്രപഞ്ച ജ്ഞാനത്തേയും കരതലാമലകം പോലെ കാട്ടി, അവനു

സ്വരൂപജ്ഞാനത്തിന് അനന്യമായി, അവന്നു സത്താമാത്രമായി പ്രകാശിച്ചുനില്ക്കും. വ്യഷ്ടിയിൽ ജീവന്മാർക്കു അവന്റെ സൃഷ്ടിയായ ജാഗ്രത് സ്വപ്ന സുഷുപ്തിയെന്ന അവസ്ഥകൾക്കു ആദികാരണമായ അജ്ഞാനമെന്ന ആവരണസ്ഫൂർത്തിയായും ആ ഉപാധിയുടയ ജീവന്നു കിഞ്ചിജ്ഞ ശക്തിയായും, വിവേക ത്താൽ അപരോക്ഷസാക്ഷാത്ക്കാരസമയത്തിൽ അധിഷ്ഠാന സ്വരൂപ ജ്ഞാനത്തിന്നു വേറില്ലാത്ത സർവജ്ഞശക്തിയായും ഭവിച്ച് അവന്റെ അധിഷ്ഠാന സ്വരൂപസത്താമാത്രമായി നിന്ന് പ്രകാശിച്ചുനിൽക്കും.

ആകയാൽ നാദബ്രഹ്മമെന്ന പരയാകുന്ന അക്ഷരസത്ത സദ്രൂപമായ അധിഷ്ഠാനബ്രഹ്മത്തിന്ന് വേറായിരിക്കിൽ അസത്തായിപ്പോകും. ബ്രഹ്മമോ അദ്വൈതവസ്തു, അതിൽ ധർമ്മം ചേരുകയില്ല. ആകയാൽ അധിഷ്ഠാനബ്രഹ്മമേ വ്യവഹാരത്തെ അപേക്ഷിച്ച് പരയെന്ന നാദതത്ത്വമായി പറയപ്പെടുമ്പോൾ "സത്താ" എന്നും, ആ വ്യവഹാരത്തെ വിട്ടു നീങ്ങുമ്പോൾ "സത്ത്" എന്നും പറയപ്പെടും. ഈ വിധമായി ഏകാക്ഷരമാകുന്ന അധിഷ്ഠാനപരമാത്മവസ്തു പരയെന്ന നാദബ്രഹ്മസത്താമാത്രമായിട്ട് ശേഷിച്ച് പ്രപഞ്ചത്തെ സന്മാത്രാധിഷ്ഠാന ബ്രഹ്മത്തിന്നു വേറായിട്ടല്ലാതെ സന്മാത്രമായി പറഞ്ഞ പ്രകാരമനുഭവിച്ചാലും.

(ശിഷ്യൻ അപ്രകാരം തന്നെ സമാധിബലത്താൽ വൈഖരീനാദത്തെയും അതിന്റെ പൊരുളായ പ്രപഞ്ചത്തെയും മദ്ധ്യമ എന്ന നാദസത്തയാൽ വ്യാപിച്ചും അവറ്റെ അതിന്നു വേറായില്ലാതെ അതുമാത്രമായി നിഷേധിച്ച്, ആ മദ്ധ്യമ എന്ന നാദസത്ത പശ്യന്തി എന്ന നാദസത്തയാൽ വ്യാപിക്കപ്പെട്ട് അതും അതിന്നു വേറായിട്ടില്ലാതെ നിഷേധിക്കപ്പെട്ട്, പശ്യന്തിയും പരയെന്ന അക്ഷരസത്തയ്ക്കു വേറായിട്ടില്ലാതെ

അഖണ്ഡമായ പരാമാത്രമായനുഭവിച്ച് ആ പരയെന്ന അക്ഷരത്തെ അധിഷ്ഠാനമായ അക്ഷരവസ്തുവായ, സന്മാത്ര ബ്രഹ്മസ്വരൂപമായി, ധർമ്മധർമ്മീഭേദം കൂടാതെ അനുഭവിച്ചു. ആവിധ സർവ്വവിദ്യാധിഷ്ഠാനസദ്രൂപ അക്ഷരമെന്ന ബ്രഹ്മം ആ അനുഭൂതിയിൽ പ്രത്യക്കായ താനായിട്ട് പ്രകാശിച്ചതിനാൽ തന്നെ സർവവിദ്യാധിഷ്ഠാനമായ അക്ഷരബ്രഹ്മമായിട്ടും, സ്വസത്തയാൽ സകല ശാസ്ത്രങ്ങളും സന്മാർഗ്ഗങ്ങളെ ആസ്തിക്യത്തുടൻ ബോധിപ്പിക്കുന്ന ശക്തിയുടയവയായ തായും, ആ ശാസ്ത്രങ്ങളും അവറ്റാൽ ബോധിക്കപ്പെടും പ്രപഞ്ചവും സ്വസത്തയ്ക്കു വേറായില്ലാത്തതുകൊണ്ട് സദ്രൂപനായ തനിക്കു സ്വസത്ത എപ്രകാരം വേറായിട്ടില്ലയോ അപ്രകാരമേ സ്വസത്താരൂപമായ അവകൾ തനിക്കു വേറായില്ലയെന്ന്, സമസ്തവും സദ്രൂപനായ താനായിട്ടു പ്രകാശിക്കും അനുഭൂതിയെ പ്രാപിച്ച് ആനന്ദക്കടലിൽ മുഴുകി).

ചിദനുഭവ നിരൂപണപ്രകരണം

(ശിഷ്യൻ മറുപടിയും മേലായ ശ്രദ്ധയോടെ ആചാര്യചരണ ദ്വയത്തെ വണങ്ങിയിട്ട് ഉള്ളപ്രകാരം പരമാത്മാവിന്റെ സ്വസ്വരൂപത്തെക്കുറിച്ച് വിചാരിക്കുമ്പോൾ, സമസ്തവും സ്വസ്വരൂപമായിത്തന്നെ സിദ്ധിച്ച് സന്മാത്രാനുഭൂതിയെ പ്രാപിച്ചിരുന്നാലും ചിദനുഭവത്തെയും അരുളിച്ചെയ്യേണമെന്ന് പ്രാർത്ഥിച്ചു.)

ആചാ: പ്രത്യക്ഷമായനുഭവിക്കപ്പെട്ട പ്രപഞ്ചത്തിനും പഞ്ചഭൂത ത്തെ ഒഴിച്ചു പ്രത്യക്ഷപ്രമാണപ്രകാരം വേറാദരവു കാണുന്നില്ല. ഇങ്ങനെയിരിക്കുന്ന പഞ്ചഭൂതങ്ങൾക്കും ശാസ്ത്രങ്ങളാൽ ലക്ഷണം പറയപ്പെടുമ്പോൾ, പൃഥ്വി, അപ്, തേജസ്സ്, വായു, ആകാശം എന്നിവകൾ ക്രമമായി ഗന്ധം, രസം, രൂപം, സ്പർശം, ശബ്ദം എന്നീ ഗുണങ്ങളോടു കൂടിയവയാകുന്നു. അവയിൽ പൃഥ്വി തനിക്കുള്ള ഒരു ഗുണത്തോടുകൂടി മറ്റേ നാലു കാരണഗുണങ്ങളോടുകൂടിയ തെന്നും, മറ്റുള്ള ഭൂതങ്ങളും അപ്രകാരം തന്നെയാകുന്നുവെന്നും നിരൂപിക്കപ്പെടും. ഇവറ്റെ ശോധിക്കിൽ ഈ പൃഥ്വി ഗന്ധഗുണത്തോടുകൂടിയത് എന്നതിൽ ഗന്ധഗുണം ലക്ഷണമായും അതോടുകൂടിയ പൃഥ്വി ലക്ഷ്യമായും ഇരിക്കും (ഭവിച്ചു). "ഈ പൃഥ്വി" എന്നതിനാൽ ഇതുതന്നെ പൃഥ്വി യെന്നാകും. "ഇതെ"ന്നാലോ പ്രത്യക്ഷാനുഭൂതി വിഷയമാകും. ഇങ്ങനെയാകുമ്പോൾ അപരോക്ഷമായുള്ള പൃഥ്വിയെന്നു കാണപ്പെടുകയാൽ അതിനെയും ശോധന ചെയ്താൽ മുൻപറഞ്ഞ പ്രകാരം അഞ്ചുഗുണങ്ങളോടുകൂടിയ പൃഥ്വിയായത്, "ഇതു ഗന്ധഗുണത്തോടുകൂടിയ പൃഥ്വി"യെന്ന അനുഭവത്തിൽ പ്രത്യക്ഷമോ അപ്രത്യക്ഷമോ? ഗന്ധഗുണം ഘ്രാണേന്ദ്രിയ

ത്താലും രൂപഗുണം നയനേന്ദ്രിയത്താലും രസഗുണം രസനേന്ദ്രിയത്താലും സ്പർശഗുണം ത്വഗിന്ദ്രിയ ത്താലും ശബ്ദഗുണം ശ്രവണേന്ദ്രിയത്താലും ഗ്രഹിക്കപ്പെടും. ഇവറ്റെ ഒഴിച്ച് പ്രത്യക്ഷാനുഭൂതിസാമഗ്രി വേറെയില്ലാത്തതിനാൽ പൃഥ്വി ബഹിരിന്ദ്രിയങ്ങളാൽ കാണപ്പെടാതെ ആ അവസ്ഥയിൽ "ഇതു പൃഥ്വി"യെന്ന വ്യവഹാരബലംകൊണ്ട് പൃഥ്വീതത്ത്വം ബാധിക്ക പ്പെട്ടാലും "ഇതെ"ന്ന ഭാനം ബാധിക്കപ്പെടുകയില്ല. അപ്രകാരം പൃഥ്വീതത്ത്വം പ്രത്യക്ഷത്തിലല്ലാതെ ആകുമ്പോൾ, എല്ലായി ടത്തും ഗുണി ആധാരമായും ഗുണം ആധേയമായും, ആധാരം കൂടാതെ ആധേയം ഇരിക്കത്തക്കതല്ലാത്തതായും, സകല പ്രമാണങ്ങളാലും കാണപ്പെടുകയാൽ പൃഥ്വീതത്ത്വമാകുന്ന ഗുണി എന്ന ആധാരം പ്രത്യക്ഷത്തിൽ സിദ്ധിക്കായ്ക കൊണ്ട് ആ ഗുണങ്ങളും സിദ്ധിക്കത്തക്കതല്ലാത്തവ തന്നെയാണ്. മേലും പൃഥ്വി പ്രത്യക്ഷമായി പ്രകാശിക്കിൽ ആ ഗുണങ്ങളും പ്രകാശിക്കും. പൃഥ്വി മുൻപറഞ്ഞ പ്രകാരം ഇല്ലാത്തതുകൊണ്ട് വിഷയപ്പെടാതെ മറഞ്ഞുപോയാൽ ആ ഗുണങ്ങളും മറകതന്നെ ചെയ്യും.

എന്നാൽ ഗുണി അപ്രത്യക്ഷനായാലും ഗുണം പ്രത്യക്ഷമായിരിക്കകൊണ്ട് ഗുണിയും ഇരിക്കാമല്ലോ എങ്കിൽ, ഇതു പ്രത്യക്ഷമോ അനുമാനമോ? പ്രത്യക്ഷമെങ്കിൽ അനുമാനം ചേരുകയില്ല എന്ന പ്രമാണത്താൽ, "ഇതു പൃഥ്വി" എന്ന പ്രയോഗം നിഷേധിക്കപ്പെടും. അനുമാനമെന്നു വരുകിൽ പ്രത്യക്ഷാനുഭൂതിയെ ഇട്ട് (വിധിച്ച) പഞ്ചേന്ദ്രിയങ്ങളായ അഞ്ചു സാക്ഷികളിൽ ഒരോരോ സാക്ഷിയാൽ നിർണ്ണയിക്കപ്പെട്ടാലും നന്നാലു സാക്ഷികളാൽ ഗുണശേഷവും ബാധിക്കപ്പെടുക കൊണ്ട് ഗുണങ്ങളും സ്വയം സിദ്ധിക്കൽ കൂടാതെ ഗുണിയായും സാധിക്കാൻ ശക്തിയില്ലാത്തവനായിപ്പോകും.

എന്നാൽ ഗുണിയായ പൃഥ്വിയായും അതിൻ ഗുണമായ ഗന്ധാദിയായും പ്രകാശിച്ച ഭാനം അനുഭവിക്കപ്പെടുന്നല്ലോ? ആ വിധ ഭാനം ഏതു വസ്തുവിന്റേതായിരിക്കാം? അതും പൃഥ്വി, അതിൻ ഗുണം, ഇവ രണ്ടും ബാധിക്കപ്പെട്ടതുപോലെ ബാധിക്കപ്പെടുമോ എന്നു നോക്കിയാൽ, ഈ "പൃഥ്വി ഗന്ധഗുണമുള്ളതായി പ്രകാശിക്കുന്നു" എന്നുള്ള പ്രത്യക്ഷാനുഭൂതിയിൻ പ്രകാശബലം കൊണ്ടു ഒരു വസ്തു പ്രകാശിക്കയും പ്രകാശിക്കാതിരിക്കയും ചെയ്യേണ്ടതായിരിക്കയാൽ പൃഥ്വിയും തദ്ഗുണവും ബാധിക്കപ്പെട്ടതിനാൽ അവകളായി പ്രകാശിച്ച പ്രകാശം ബാധിക്കപ്പെടുകയില്ല. എങ്ങിനെയെന്നാൽ, സർപ്പമായി പ്രകാശിച്ച രജ്ജുവിൽ ഇതു സർപ്പമെന്ന വ്യവഹാരം കൊണ്ടു സർപ്പം പ്രകാശിച്ചുവെങ്കിലും വിവേകബലത്താൽ ഇതു സർപ്പമല്ലെന്നു സർപ്പം നിഷേധിക്കപ്പെട്ടാലും "ഇതെ"ന്ന ഭാനം രജ്ജുവെ സംബന്ധിച്ചു നിഷേധിക്കപ്പെടാതെ പ്രകാശിച്ചതു പോലെ, ഇവിടെയും "ഇതെ"ന്ന പ്രകാശം ബാധിക്കപ്പെടാതെ പ്രകാശിച്ചിരിക്കും. "ഇതെ"ന്നതു ജ്ഞാനരൂപമാകയാലും, "പൃഥ്വി" എന്നതും അതിൻ ഗുണമെന്നതും ജഡമാകയാലും, സർപ്പമായി പ്രകാശിച്ച സർപ്പഭാനം ആ ആരോപിതസർപ്പത്തെ ഇടവിടാതെ വ്യാപിച്ച് അതു ബാധിക്കപ്പെടുമ്പോൾ ഇതു സർപ്പമല്ലെന്നുള്ള വ്യവഹാരത്താൽ ഭവിച്ച സർപ്പാഭാവത്തെയും ഇടവിടാതെ വ്യാപിച്ചു പ്രകാശിക്കും പ്രതീതിയിനാൽ അവകളെ എതിരിടാതിരിക്കിൽ ഇതെന്ന പ്രകാശമാത്രമായി പ്രകാശിച്ചതു പോലെ, ഇവിടെയും, "ഇതെ"ന്ന ചിത്പ്രകാശം മാത്രമായി പ്രകാശിച്ചിരിക്കും.

എന്നാൽ രജ്ജുസർപ്പമെന്നപോലെ, ഗുണിയായ പൃഥ്വിയും അതിൻ ഗുണമായ ഗന്ധാദിയും പ്രത്യക്ഷാനുഭൂതിയിൽ ആരോപിതമായി പറയുന്നത് നീതിയാകുമോ എന്നാൽ,

പ്രത്യക്ഷത്തിൽ ബാധിക്കപ്പെട്ടും പ്രതീതിയിൽ കാണപ്പെട്ടും ഉള്ള വസ്തു ആരോപിതമായിട്ടുള്ളതാകുന്നു എന്നതു പ്രബലന്യായമായിരിക്കയാൽ, ആ വിധ ന്യായം എവിടെയിരിക്കുന്നോ അവയെല്ലാം ആരോപിതമാകുന്നു എന്നതിൽ ദോഷം സിദ്ധിക്കയില്ല. ആകയാൽ പ്രതീതി മാത്രമായി തോന്നിയ ഭാവാഭാവങ്ങളായ വിഷയങ്ങൾ പ്രകാശിക്കുമ്പോഴും നിഷേധിക്കപ്പെടുമ്പോഴും ആരോപിതമായ ജഡാംശം തോന്നിമറയും എന്നല്ലാതെ അപ്രകാരം പ്രകാശിച്ച പ്രകാശം "ഇതെ"ന്ന ജ്ഞാനരൂപമായിരിക്കയാൽ ബാധിക്ക പ്പെടുകയില്ല. ഇങ്ങനെയാകുമ്പോൾ പൃഥ്വിയായി പ്രകാശിക്കണ മെങ്കിലും നിഷേധിക്കപ്പെടുമ്പോൾ തദഭാവമായി പ്രകാശിക്കണ മെന്നു വരികിലും പൃഥ്വീതത്ത്വമായത് തനിക്കനന്യമായ പ്രകാശത്തിൻ ബലം കൊണ്ടുതന്നെ പ്രകാശിക്കണം. ആ പ്രകാശവും നീക്കമില്ലാതെ തന്നെ വ്യാപിച്ചിരിക്കണം. ഇപ്രകാരമേ മറ്റുള്ള ഭൂതങ്ങളും പ്രകാശിക്കണമെങ്കിൽ അന്യോന്യം വിരുദ്ധങ്ങളായ വികാരങ്ങളോടുകൂടിയതായിരിക്ക യാൽ അവകൾ വികാരികളായ

ഭേദത്തോടുകൂടിയവയായും അവയോടു കലർന്നു നിന്നു പ്രകാശിപ്പിച്ച നിർവികാരമായ ഭാനം ഏകമായും ഇരിക്കണം.

അപ്രകാരമാകയാൽ, ഭാനം ഏകമായും നിരാകാരമായുമിരി ക്കുന്നു. ഭൂതങ്ങൾ വികാരികളായും ഭിന്നങ്ങളായും ഇരിക്കുന്നു. അവകൾ എവിടെയും അണുമാത്രമെങ്കിലും താങ്കളിൻ പ്രകാശവ്യാപകം ഇല്ലാതെ പോയാൽ അവിടം പ്രകാശിക്കയില്ല. അഗ്നിയുടെ വ്യാപകത്തിൽ അതിന്നു വിരുദ്ധമായ തമോ വ്യാപകം സിദ്ധിക്കാത്തതുപോലെ, ജഡത്തിൽനിന്നും വേറായതുകൊണ്ട് സദ്രൂപമായ ചിത്പ്രകാശം ജഡമായ പൃഥ്വിയെ നിരന്തരമായി വ്യാപിച്ചിരിക്കുമ്പോൾ സവികാരമായ

ജഡമാകുന്ന അന്ധകാരം ഉദിപ്പാനിടമില്ലാതെ വിട്ടു പോകും. ജഡത്വം വിട്ടാൽ ആ ജഡത്വത്തെ ഒഴിച്ചു തനിക്കു വേറെ രൂപമില്ലാത്തതിനാൽ പൃഥ്വിയും സ്വരൂപം കൂടാതെ ഭാനമാത്രമായി നിശ്ശേഷമായി വിട്ടുപോകും. തദഭാവവും അപ്രകാരം തന്നെ നീങ്ങിപ്പോകും. തദ്ഗുണവും അപ്രകാരമേ ആകും. ഇങ്ങനെ പൃഥ്വീതത്ത്വം ഭാനമായി അനുഭവിക്കപ്പെട്ടാൽ അങ്ങിനെതന്നെ മറ്റുള്ള ഭൂതങ്ങളും ആയിപ്പോകും. അവിടെയും ഇതു പഞ്ചഭൂതം എന്ന വ്യവഹാരപ്രകാശബലത്താൽ "ഇതെ"ന്ന ജ്ഞാനപ്രകാശമാത്രം പഞ്ചഭൂതങ്ങളായി ഭവിച്ച വ്യാപക ത്തെയും അവ ബാധിക്കപ്പെടുമ്പോൾ അവയുടെ അഭാവമായി ഭവിച്ച വ്യാപകത്തെയും, തനതു വ്യാപകത്തിന്നു വേറില്ലാതെ സ്വവ്യാപകമാത്രമായി പ്രകാശിച്ച്, ഇതെന്ന ജ്ഞാനപ്രകാശ മാത്രം അഖണ്ഡവ്യാപകമായി അനുഭവത്തിൽ വരും.

ഈ വിധം ഇതെന്ന അഖണ്ഡ ചിത്പ്രകാശാനുഭൂതിയിൽ നിന്നും മുൻ പ്രതീതി മാത്രമായി തോന്നിയ ദൃശ്യമായ പഞ്ചഭൂതങ്ങളെയും അവറ്റിൻ ഗുണങ്ങളെയും കല്പനയാൽ എതിരിടുമ്പോൾ അവകളും "ഇതെ"ന്ന പൂർണ്ണചിത്പ്രകാശ ത്തിൽ ഭവിച്ചിരിക്കും. ആ വിധം പ്രതീതിയെ സങ്കല്പത്താൽ അഭിമുഖപ്പെടാതിരിക്കിൽ അവ തോന്നാതെ പ്രകാശമാത്രമായി സ്വരൂപം കൂടാതെ നീങ്ങിപ്പോകും. ഭവിച്ച അംശം ഭ്രാന്തിയെ സംബന്ധിച്ചതായും പ്രകാശിച്ച അംശം ഭാനത്തെ സംബന്ധിച്ചതായും ശോഭിക്കും. ഭാനം ആരോപിതമായ ഏതു വസ്തുവും രൂപീകരിച്ചു പ്രകാശിപ്പാൻ കാരണമില്ലായ്കയാൽ സകലത്തിനും ചിദ്രൂപഭാനം തന്നെയാണ് വാസ്തവമായ സ്വരൂപമാകുന്നത്. ഇങ്ങനെ പ്രകാശിക്കുന്ന രൂപം ഏതു വസ്തുവിനില്ലയോ, അതു വന്ധ്യാപുത്രനെന്നപോലെ അവസ്തു വെന്നായിപ്പോകും.

ഇപ്രകാരം "ഇതെ"ന്ന അഖണ്ഡചിദ്രൂപഭാനത്തിന് അന്യമായ ഏതും അവസ്തുവായി ഭവിക്കിൽ അവസ്തുവെ വസ്തുവെന്നപോലെ ഭവിപ്പിക്കാൻ കാരണമായിനിന്ന ഭ്രാന്തിയെ ശോധിക്കേണ്ടതായി വരും. ഭ്രാന്തിയെന്നതു ഒന്നിനെ മറ്റൊന്നായി കാണിക്കുന്ന ശക്തിയോടുകൂടിയ മനസ്സെന്ന കല്പനാവൃത്തിയാകും. ആ വിധ മനസ്സു "ഇതെ"ന്ന അഖണ്ഡ ചിദ്ഭാനത്തെ ഒഴിച്ച് അന്യമോ അതുതന്നെ താനോ? അതു എവിടെ നിന്നു ഏതുവിധം പ്രകാശിക്കുന്നു? ഈ ഭാനത്തെക്കൂടാതെ അതിന്നു വേറെ ആശ്രയമില്ലാത്തതിനാൽ ഇതിൽ നിന്നും തന്നെ പ്രകാശിക്കണം. അപ്രകാരം പ്രകാശിക്കിലും ഭാനത്തിന്നു അന്യമെന്നു വരികിൽ ജഡമായി മുൻപറഞ്ഞ പ്രകാരം അവസ്തുവാകും. ഭാനം തന്നെ രൂപമെങ്കിൽ ഭാനം നിർവികാരമാകയാൽ കല്പനയ്ക്കു ഇടയാകയില്ല. അതിനെ കല്പനാവൃത്തിയാകുന്ന മനസ്സെന്നും പറഞ്ഞുകൂടാ.

മേലും അഖണ്ഡചിദ്ഭാനത്തിൽ, ഊഹിച്ചു നോക്കുമ്പോൾ, "ഇതെ"ന്ന ഒരു ഉപാധി കാണപ്പെടുന്നു. അതു ഭാനത്തെ ചേർന്നതോ മനസ്സിനെ സംബന്ധിച്ചതോ? ഭാനത്തെ സംബന്ധിച്ചിരിക്കിൽ അതിനെയും പരിശോധിക്കേണ്ടതാണ്. "ഇതെ"ന്നു പ്രകാശിപ്പതിൽ "ഇതെ"ന്നു ചൂണ്ടപ്പെടുകയാൽ ചൂണ്ടപ്പെടുന്ന സ്വഭാവം ദൃശ്യമായ ജഡത്തിന്നല്ലാതെ ചിദ്ഭാനത്തിനു സിദ്ധിക്കയില്ല. എന്നാൽ ചിദ്ഭാനസംബന്ധത്താൽ പ്രകാശിക്കുന്നതാണെന്നു വരികിൽ നിർവികാരമായ ചിദ്ഭാനം അസംഗിയാകയാൽ തൽസംബന്ധവും ഇതിന്നു സിദ്ധിക്കയില്ല. ഇങ്ങനെയായാൽ അഖണ്ഡമായി പ്രകാശിക്കുന്ന ചിദ്ഭാനത്തിൽ ഇതെന്നു ചൂണ്ടപ്പെടുന്നതായ കുറിപ്പ് അഖണ്ഡമായിരിക്കയാൽ ആ അഖണ്ഡക്കുറിപ്പു തന്നെ ഇതെന്നു

ഉപാധിയായി കാണപ്പെടുകയാൽ, അതിനെയും സ്വയം ചിത്പ്രകാശത്താൽ വ്യാപിച്ചു നോക്കുകിൽ ഇദം വൃത്തിയില്ലാതെ ചിദ്ഭാനമാത്രമായി ശേഷിക്കും. അങ്ങിനെ നീങ്ങുകിൽ സ്വയംഭാനമായ ചിത്ത് അഖണ്ഡമായിട്ടെങ്കിലും കുറിക്കപ്പെടാതെ മഹാമൗനമായി പ്രകാശിക്കും. വ്യവഹാരത്താൽ മുൻപറഞ്ഞ ഇതെന്ന വൃത്തി പ്രതീതിമാത്രമായി ഉദിക്കുന്നതെന്നുവരുകിൽ സ്വരൂപത്തിൽ ഇതെന്ന വൃത്തിയില്ലായ്കയാൽ ഇതിന്റെ അഭാവത്തെത്തന്നെ സ്വപ്രകാശത്തിന്റെ അഭാവമായി കുറിക്ക (നിർണ്ണയിക്ക)പ്പെടുകിൽ അവിടെ അഹമെന്ന വൃത്തിയെ ഭവിപ്പിക്കും (ഉണ്ടാക്കും). അപ്രകാരം ഉദിച്ച് അഹന്താസംബന്ധത്താൽ ഞാൻ, എന്റേതു എന്നുള്ള രണ്ടു വിധമാകും. ഞാൻ, എന്റേതു എന്നുള്ള കല്പന വരണമെന്നു വരുകിൽ അതു മനസ്സിനെത്തന്നേ സംബന്ധിക്കൂ. ആകയാൽ നിർണ്ണയിപ്പാൻ കഴിയാതെ ശൂന്യം പോലുള്ള മനസ്സിന്റെ ഒരു ഭാഗമായ വൃത്തി അഹംകാരമെന്നും ബഹിർമുഖമായി കുറിക്കപ്പെടുന്ന ഒരു വൃത്തി ഇതെന്നും ആകുന്നു. മുമ്പ് "ഇതെ"ന്ന വൃത്തി ചിദ്ഭാനമാത്രമായി നിഷേധിക്കപ്പെട്ടതുപോലെ ശൂന്യം പോലുള്ള ഇദം വൃത്തിയുടെ അഭാവമായ അഹംവൃത്തിയേയും ജഡമായിക്കണ്ട് ആ വിധ ജഡത്വം സ്വപ്രകാശത്തിൽ ഉദിക്കാൻ അവസരമില്ലായ്കയാൽ അതിനെ കാലത്രയത്തിലും അവസ്തുവായി നിഷേധിക്കിൽ ഇദം വൃത്തിയായി ഭവിപ്പും ലയമെന്ന സ്വരൂപമറ്റ് ഉത്പത്തിനാശത്തിനു അവസരമില്ലാതെ കാലത്രയത്തിലും അവസ്തുവായി ഭവിച്ച്, സ്വപ്രകാശത്തിനന്യമായില്ലാതെ നീങ്ങിപ്പോകും. ഇപ്രകാരം അനുഭവിച്ചാലും.

(ഇപ്രകാരം ആചാര്യൻ അരുളിച്ചെയ്തപ്പോൾ ശിഷ്യൻ അപ്രകാരമേ പഞ്ചഭൂതങ്ങളെയും സ്വരൂപമില്ലാതെയാക്കിക്കണ്ട്,

അതിൽ ഉള്ളും വെളിയും വ്യാപിച്ചിരുന്ന സ്വപ്രകാശഭാനത്തെ പ്രത്യഗ്രൂപനായ താനായിക്കണ്ട്, തന്നിൽ ഇദമെന്നും അഹമെന്നും ഉള്ള ഉദയത്തിനു കാരണമായിരുന്ന അഖണ്ഡ വൃത്തിയാകുന്ന മനസ്സിനെ ലയരൂപമായും സ്ഫൂർത്തിരൂപമായും ഉള്ളതായിട്ടു നോക്കി, അതിനേയും സ്വസ്വരൂപത്താൽ നിഷേധിച്ച്, സ്വയം പ്രത്യഗ്ബ്രഹ്മപ്രകാശമായി പ്രകാശിച്ച്, കാലത്രയത്തിലും ഖണ്ഡാഖണ്ഡവിനിർമുക്തമായ ചിദ്ജ്യോതി യാകുന്ന തന്നെയൊഴിച്ച് രണ്ടാം വസ്തുവില്ലെന്നു ചിദാനന്ദ സുധാസിന്ധുവിൽ മുങ്ങിയവനായി ഭവിച്ചു.)

ആനന്ദാനുഭവ നിരൂപണപ്രകരണം

ശിഷ്യൻ അനന്തരം ആചാര്യപാദങ്ങളെ വണങ്ങി പറഞ്ഞു: നിന്തിരുവടിയുടെ അപാരമഹിമയുള്ള കൃപാകടാക്ഷത്താൽ അരുളിച്ചെയ്ത പ്രകാരം കൃതാർത്ഥനായേൻ. ആനന്ദാനുഭവ ത്തെയും ഉപദേശിച്ചരുളേണമേ!

ആചാ: "ഈ ഘടം എനിക്ക് ഏറ്റവും പ്രിയമുള്ളത്" എന്നതുപോലെ, പുത്രമിത്രകളത്രക്ഷേത്രാദികളിൽ, "ഇതെനിക്ക് ഇഷ്ടം" എന്നു ഏറിയ പ്രിയം കാണുന്നു. അതിനെ ശോധിക്കിൽ ഈ ബ്രഹ്മാണ്ഡം അശേഷവും സ്വയം ആനന്ദസ്വരൂപമായാകവേ കാണപ്പെടും. ഇഹം മുതൽ പരം വരെയുള്ള പ്രപഞ്ചത്തിൽ ആനന്ദപ്രാപ്തിയായത് വിഷയരൂപമായും ആത്മരൂപമായും രണ്ടുവകയായി കാണപ്പെടുന്നു. അവയിൽ വിഷയാനന്ദമായത് ഇഹത്തിൽ ഭാര്യ, പുത്രൻ, ധനം, ധാന്യം, യൗവ്വനം, രാജ്യം, സ്രക്, ചന്ദനം മുതലായവയുടെ ഭോഗങ്ങളെ മുന്നിട്ടുദിപ്പതും അപ്രകാരംതന്നെ സ്വർഗ്ഗാദി വിഷയഭോഗങ്ങളെ മുന്നിട്ടുദിപ്പതും ആകും. അത് ദൈവാനന്ദമെന്നും, ഇഹത്തിൽ ഉദിച്ചതിനെ മനുഷ്യാനന്ദം എന്നും പറയപ്പെടും. വിഷയഭോഗങ്ങളെ നീക്കി, കരണേന്ദ്രിയങ്ങളെയും നശിപ്പിച്ച്, ദൃശ്യം വിട്ടുപോയ ആത്മാപരോക്ഷാനുഭവത്തെ മുന്നിട്ടുദിക്കുന്നത് ആത്മാനന്ദം എന്നാകും.

ഇവയിൽ അന്തഃകരണത്തിൽ ആത്മാനന്ദം ഉദിക്കേണ മെങ്കിൽ, ആ ആനന്ദം എവിടെനിന്ന് ഉദിക്കുന്നതെന്ന് നോക്കിയാൽ, ഒരു വസ്തുവേ ഏകകാലത്തിൽ ഒരുത്തനു സുഖജനകമായും, മറ്റൊരുത്തനു ദുഃഖകാരിയായും ഇരിക്ക കൊണ്ടും, ക്ഷണഭേദത്താൽ ഒരു വസ്തുതന്നെ ഒരു പുരുഷന് സ്നേഹദ്വേഷങ്ങൾക്ക് കാരണമാകുന്നതിനാലും, വിഷയങ്ങൾ

പൂർത്തിയായിരുന്നിട്ടും താനില്ലെങ്കിൽ പ്രകാശിപ്പാൻപോലും ശക്തിയില്ലായ്കയാലും വിഷയസംബന്ധമില്ലാത്ത സുഷുപ്തി യിൽ താനേ സുഖമായി അനുഭവിക്കയാലും, വിഷയങ്ങളിൽ നിന്നും ഉദിക്കില്ല, ആത്മാവിങ്കൽ നിന്നു തന്നെ ഉദിക്കേണ്ടതാണ്. എന്നാൽ പരമാത്മാ എല്ലായിടത്തും എപ്പോഴും ഏകസ്വരൂപ നായി നിറഞ്ഞിരിക്കേ എല്ലായ്പോഴും ആ ആനന്ദം തോന്നിക്കൊണ്ടിരിക്കാമല്ലോ എന്നാൽ, ആ ആനന്ദസ്വരൂപനായ പരമാത്മാവ് സർവത്ര സദാ ഏകരൂപനായി വ്യാപിച്ചിരുന്നാലും, ഗോവിന്റെ ക്ഷീരം അതിന്റെ സർവാവയവങ്ങളിലും വ്യാപിച്ചി രുന്നാലും ആ ക്ഷീരത്തിന്റെ വ്യാപ്തി മുലദ്വാരത്തിൽ കൂടെ മാത്രം സിദ്ധിപ്പതുപോലെ, ഈ ആത്മാനന്ദവും ആനന്ദമയ കോശത്തൂടെ ഹൃദയത്തിൽ പ്രാപ്തിയാകും. ആകയാൽ ആനന്ദപ്രാപ്തിക്കായിട്ട് ആനന്ദമയകോശം സാദ്ധ്യമെന്നും, വിജ്ഞാനമയകോശം സാധനമെന്നും ആകും.

ഇഹപരങ്ങളായ വിഷയങ്ങളെ മുന്നിട്ട് ആനന്ദം പ്രാപ്തിയാകുന്നതായി പ്രത്യക്ഷപ്രമാണമാണത്താലും ശാസ്ത്ര പ്രമാണത്താലും കാണപ്പെട്ടിരിക്കേ, ആ ആനന്ദം എങ്ങിനെ ആത്മാനന്ദമായിട്ടു ചേരും? ആ ആനന്ദം ആത്മാവിന്റേതായാൽ പ്രപഞ്ചത്തിൽ ആനന്ദപ്രാപ്തിക്ക് കൃഷി, വാണിജ്യം, രാജ്യം, തപസ്സ്, യാഗാദികൾ മുതലായ കർമ്മങ്ങളെ ശ്രമത്തോടെ എന്തിനായിട്ടു ചെയ്യുന്നു എന്നാൽ, ആവിധം അവിവേകം ഹേതുവായിട്ടെന്നല്ലാതെ വിവേകത്തെ പറ്റി ചെയ്യുന്നതല്ല എന്നു ബോധമാകും. അതായത്, ഒരു വസ്തു രണ്ടുസ്വരൂപത്തോടു കൂടിയതായിരിക്കില്ല. ഒരു സ്വരൂപത്തോടുകൂടിയതായിട്ടേ ഇരിക്കൂ. രണ്ടു സ്വരൂപത്തോടുകൂടിയതായി കാണപ്പെട്ടാൽ ഒന്ന് അവിവേകം നിമിത്തമാകും. ഈ സ്ഥിതിക്ക് ഭാര്യ, പുത്രൻ, സ്ത്രീ, ധനം, ഇവറ്റിൽ ഏറ്റവും പ്രിയമുടയ ഒരുവൻ

വഴിപോകുമ്പോൾ അവരോടുചേർന്ന് നദീപ്രവാഹത്തെ സന്ധിച്ച്, വലുതായ പ്രാണഭയം നേരിട്ട്, അവകളെയും തന്നെയും രക്ഷിക്കുന്നതിനാലോചിച്ച്, കൈയ്യിൽ പിടിച്ചിരുന്ന കന്യകയെ വിട്ടേച്ച് അല്പം ദൂരെച്ചെന്നപ്പോൾ പിന്നും ശ്രമം ഉണ്ടായി തോളിൽ ഇരുന്ന കുഞ്ഞിനെയും തള്ളിയേച്ചു പോകുമ്പോൾ പിന്നീടും പ്രവാഹബാധയാൽ മറ്റൊരു കൈയ്യിൽ പിടിച്ചിരുന്ന ഭാര്യയേയും വിട്ടുകളഞ്ഞ്, പിന്നും ശ്രമം കൊണ്ട് അരയിൽ കെട്ടിയിരുന്ന ഘനമുള്ള ദ്രവ്യത്തെയും ശരീരമിരുന്നാൽ എത്രയോ ധനം സമ്പാദിക്കാമെന്നുറച്ച് തള്ളിയേച്ചുപോയി. ഇപ്രകാരം പോയവന് ആദ്യകാലത്തിൽ സുഖത്തെ കൊടുത്തിരുന്ന അവകളിൽ സംബന്ധം, പ്രവാഹ ബാധയിൽ പ്രാണഹാനിയെ ചെയ്യത്തക്ക അനിഷ്ടപദാർത്ഥ ങ്ങളായി കരുതി നീക്കപ്പെട്ടു.

മേലും, ചക്രവർത്തിയായ ഒരു രാജാവ് സാമന്തവത്തരാൽ കപ്പം വച്ചു കാണപ്പെടുമ്പോൾ അവരുടെ നമസ്കാരത്താലും സ്തോത്രങ്ങളാലും ഏറ്റവും ഗൗരവത്തോടുകൂടി അവരാൽ സ്തുതിക്കപ്പെട്ട് ബഹുനേരം അവരോടുകൂടി വലിയ സല്ലാപങ്ങളെല്ലാം സല്ലാപിച്ച്, ആ വിധം സന്തോഷത്തോടുകൂടി അനന്തരം അന്തഃപുരത്തിൽ ചെന്നു അവരോടു ക്രീഡിച്ച്, തന്റെ ചക്രവർത്തിത്വത്തെ മേലായ സുഖവിലാസമായി നിനച്ചു സുഖിച്ചിരിക്കുമ്പോൾ സുഷുപ്തിയെ പ്രാപിച്ചു. പിറ്റേ ദിവസം കാലാധികൃത്തിൽ എണീറ്റിരുന്നു. ഇത്രയും നേരം ചക്രവർത്തികൾ നിദ്ര ചെയ്യാമോ എന്നു ഇഷ്ടന്മാരാൽ ചോദിക്കപ്പെടവേ, ഇന്നലെ രാജ്യഭാരത്താൽ അധികശ്രമം നേരിട്ടതുകൊണ്ട് അവയെ നിവർത്തിക്കുന്നതിനു സുഖമാകും വണ്ണം അധികം ഉറങ്ങിയെന്നു പറഞ്ഞു. എല്ലാവരാലും തന്നാലും ഏറ്റവും പ്രിയപ്പെടത്തക്ക ചക്രവർത്തിത്വം

ഉത്തമസുഖത്തെ കൊടുക്കുന്നതാകയാൽ അതിനെ നീക്കുന്നതിനു സുഖമായുറങ്ങി എന്നു ചക്രവർത്തിത്വത്തെ നിന്ദിച്ചുപറയാനെന്ത്? ആ രാജാവുറങ്ങുമ്പോൾ ഉദയമായ സുഷുപ്ത്യാനന്ദം, ഒരു ചക്രവർത്തിത്വത്തെ തുച്ഛപ്പെടുത്തി കാട്ടണമെങ്കിൽ ആ സുഷുപ്ത്യാനന്ദം മേലായതായിരിക്കണമല്ലോ. ആ ആനന്ദത്തെ അപേക്ഷിച്ച് ചക്രവർത്ത്യാനന്ദം ദുഃഖം എന്നായിത്തീരും. ചക്രവർത്തിത്വത്തിന്റെ സ്വരൂപം ആനന്ദരൂപമായിരുന്നാൽ ഒരു സമയത്തും ദുഃഖരൂപമായി കണ്ടുകൂടാ. ആകയാൽ അവിവേകത്താൽ ചക്രവർത്തിത്വം ആനന്ദം പോലെയും അതില്ലായ്ക ദുഃഖം പോലെയും കാണപ്പെടുന്നു എന്നല്ലാതെ വിവേകിക്കിൽ ദുഃഖരൂപമേ ആകും.

അതു എങ്ങിനെയെന്നാൽ, കടകമകുടകുണ്ഡലാദികളെ ധരിക്കൽ ശിരസ്സ് മുതലായ അവയവങ്ങൾക്കു ദുഃഖത്തെത്തന്നെ ഉണ്ടാക്കും. രാജ്യഭാരത്തെ ഇടപര്യാലോചന[24] ബുദ്ധിക്കു പ്രയാസത്തെത്തന്നെ ഉണ്ടാക്കും. ഈർക്കിലിക്കൂട്ടങ്ങളെ ചൂലെന്ന് അഭിമാനിപ്പതുപോലെ, സൈന്യം, ആയുധം, വസ്ത്രം, ആഭരണം, ധനം, ധാന്യം, വിസ്താരമായ ഭൂമി, ധനകോശം ഇവകളെ സംബന്ധിച്ച വിധിനിഷേധങ്ങളായ അധികാരം, അതിന്നാധാരമായ രക്തം, മാംസം, ശുക്രം, മേദസ്സ്, ഞരമ്പ്, അസ്ഥി, തോൽ, മലം, മൂത്രം, കഫം, നഖം, രോമം ഇവകളാകുന്ന സ്വരൂപത്തോട് കൂടിയ യൗവനദേഹം ഈ സകലത്തേയും ചണ്ഡാലവീഥി പോലെ, വിവേകം കൂടാതെ കൂട്ടിച്ചേർത്ത്, "ഞാൻ ചക്രവർത്തി" "എന്റെ സാമ്രാജ്യം"

[24] രാജ്യഭരണത്തിന്റെ ഭാഗമായി മന്ത്രിമാരും മറ്റുമായുള്ള രാജാവിന്റെ കൂടിയാലോചന എന്നർത്ഥം.

എന്നഭിമാനിച്ച്, ഈ അഭിമാനത്താൽ സുഖം പോലെ തോന്നിയാലും വിവേകിച്ചാൽ ദുഃഖരൂപം തന്നെയായിരിക്കും.

സുഷുപ്ത്യവസ്ഥയിൽ രാജാവു മരിച്ചവനായി കാണപ്പെട്ടില്ല. അവിടെ അവൻ എങ്ങിനെയിരുന്നു എന്നു നോക്കിയാൽ കടകമകുടാദ്യാഭരണമാകട്ടെ, അവയെ ധരിക്കുന്ന ദേഹമാകട്ടെ, അവറ്റെ കണ്ടാനന്ദിക്കുന്ന കരണേന്ദ്രിയങ്ങളാകട്ടെ, അവയുടെ അധികാരമകട്ടേ, അതിന്നു വിഷയമായ രാജ്യമാകട്ടെ, ഇവറ്റെ തനതായി അഭിമാനിക്കുന്ന മഹാഹംകാരമാകട്ടെ, സകല ത്തേയും വിട്ട് സുഖകാരണമായി യാതൊരു കാരണവും കൂടാതെ താൻ തന്നെ തനിക്ക് ആനന്ദസ്വരൂപമായിരുന്നു. ആവിധ ആനന്ദരൂപം തന്നെ സ്വസ്വരൂപം എന്നുള്ള വിവേകം ഇല്ലായ്കയാൽ ഉണരുമ്പോൾ ഞാൻ സുഖമായുറങ്ങിയെന്ന തനതു സുഖസ്വരൂപത്തെ അഹംകാരത്തോടുകൂടി ചേർത്തു കണ്ട്, അഹംകാരിയായ തന്നെ ദേഹസംബന്ധത്താൽ ദേഹസ്വരൂപമായി നോക്കി, മകുടാദ്യാഭരണ സംബന്ധത്താൽ തന്നെ കിരീടിയാകുന്നുവെന്നാനന്ദിച്ച്, അപ്രകാരം തന്നെ മറ്റു രാജ്യങ്ങളെയും അഭിമാനിച്ച്, "ഞാൻ ചക്രവർത്തിയാകുന്നു" എന്ന് അവിവേകം ഹേതുവായിട്ട് ഏറ്റവും പ്രിയവിലാസത്തെ പ്രാപിക്കുമ്പോൾ, ഞാനോ എന്റെ രാജ്യമോ എന്റെ അധികാരമോ എന്ന് ആ വിഷയങ്ങളെ കണ്ട്, ചിത്തവൃത്തികൊള്ളാതെകണ്ട്, നിശ്ചലമായി അല്പനേരം നില്ക്കേ, ആ അവസ്ഥയിൽ ഇന്ദ്രിയം, വിഷയം ഇവകൾ വഴിയായി അന്തഃകരണം സത്ത്വാകാരമായി പരിണമിച്ച്, ആ ക്ഷണത്തിൽ അന്തഃകരണേന്ദ്രിയസംബന്ധമില്ലാത്ത സത്ത്വ വൃത്തി ആനന്ദമയകോശത്തിൽ ആഭാസമാകയാൽ അതിൽ ആത്മാനന്ദം ആനന്ദമയകോശത്തിൻ വഴിയായി ഉദിച്ചു നില്ക്കും. ആ ആനന്ദത്തെ ആത്മാനന്ദം എന്നറിയാതെ ആ

വിഷയമാർഗ്ഗമായുദിച്ചതായി ഭാവിച്ച അതിനെ വിഷയാനന്ദമെന്ന് അഭിമാനിക്കും. വിഷയം നീങ്ങുമ്പോഴും വിഷയം വിരോധപ്പെടുമ്പോഴുമ്, അവിവേകംകൊണ്ടു മൂഢവൃത്തിയുണ്ടായി, ആ മൂഢവൃത്തിയാൽ സത്ത്വവൃത്തി തിരോധാനപ്പെട്ട്, ആ ആനന്ദവും തിരോധാനപ്പെട്ട് "ഞാൻ ദുഃഖിയാകുന്നു"വെന്ന് വ്യവഹരിക്കും.

ആകയാൽ അവരുടെ അവിവേകത്തെ അപേക്ഷിച്ച് ദേഹസംബന്ധമായും മനോസംബന്ധമായും ഉള്ള വിചിത്രമായ കർമ്മങ്ങളെ ലോകപ്പഴക്കത്താലും ശാസ്ത്രപ്രമാണത്താലും വിധിക്കും. ആ വിധ കർമ്മങ്ങളെയറിഞ്ഞു ചെയ്യുന്നതിനുള്ള സാധനം ബുദ്ധിയെ ഒഴിച്ചു വേറെ ഇല്ലാത്തതിനാൽ അതിനെക്കൊണ്ടു തന്നെ ഇഹപരം രണ്ടും ബാധിക്കപ്പെടുക ഹേതുവായിട്ട്, വിജ്ഞാനമയകോശത്തെ സാധനമെന്നും, ഇഹത്തിലാകട്ടെ പരത്തിലാകട്ടെ ആനന്ദം ഉദിക്കണമെങ്കിൽ ആനന്ദമയകോശത്തിൽ നിന്നുദിക്കയാൽ ആ ആനന്ദമയ കോശത്തെ സാധ്യമെന്നും പറഞ്ഞ് ഈ വിജ്ഞാനമയകോശം സൂക്ഷ്മമായി എത്രത്തോളം വിസ്താരപ്പെട്ടതാകുന്നോ അത്രത്തോളം ആനന്ദവും വിസ്താരമായി പ്രാപ്തിയാകും.

ഇങ്ങനെയാകയാൽ പഞ്ചഭൂതങ്ങൾ തദ്ഗുണമായ ശബ്ദാദികൾ, തദ്വികാരങ്ങളായ ഇഹപരയെന്ന ലോകങ്ങൾ, ഇവ സമസ്തവും സത്ത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളിൽ വികാരങ്ങളാകും. വിഷയാനുഭൂതിദശയിൽ വിഷയങ്ങളെ ഇന്ദ്രിയങ്ങളാൽ ബുദ്ധി വ്യാപിക്കുമ്പോൾ വിഷയങ്ങളെ അശേഷവും വ്യാപിച്ചു ആ ബുദ്ധിയെ വിഷയാകാരങ്ങളായി ഭേദപ്പെടുത്തി, അവകളിൽ മോഹത്താൽ മയങ്ങി, ആ മയക്കം കൊണ്ട് ആ വിഷയങ്ങളെയും തന്നെയും തനതധിഷ്ഠാനമായ ആത്മാനന്ദത്തെയും വിവേകിപ്പാൻ ശക്തിയില്ലാതെ ക്ഷണമാത്രം

മൂർച്ഛിച്ചു നില്ക്കും. ആ അവസ്ഥയിൽ വിക്ഷേപമില്ലാത്തതു കൊണ്ട് സത്ത്വഗുണം അധികരിച്ചു അതിൻ വഴിയേ ആനന്ദം പ്രാപ്തിയാകും. വിഷയാകാരമായി ബുദ്ധിയെ ഭേദിപ്പിച്ചത് ബുദ്ധിയുടെയുമ് വിഷയങ്ങളുടെയും രജോഗുണമാകും. ആ വിഷയങ്ങളെയും ഈ ബുദ്ധിയേയും മോഹത്താൽ ഭേദപ്പെടുത്തി ഭേദഭാവം കൂടാതെ മൂർച്ഛിപ്പതു ബുദ്ധിയുടെയും വിഷയങ്ങളുടെയും തമോഗുണങ്ങളാകും.

എന്നാൽ, രജോഗുണത്താലും തമോഗുണത്താലും ബാധിക്കപ്പെട്ട ബുദ്ധിക്ക് സത്ത്വഗുണാധിക്യം സിദ്ധിപ്പാൻ കാരണമെന്തെന്നാൽ, രണ്ടു ഗുണത്താലും ബുദ്ധി മൂർച്ഛിക്കും. ആ അവസരത്തിൽ തന്റെ ശക്തി വിഷയത്തെ നാട്ടുന്നതിനു സാമർത്ഥ്യമില്ലാതെ സ്വകാരണമായ സത്ത്വവൃത്തിയ്യിൽ ഒടുങ്ങി നില്ക്കും. അപ്പോൾ ആനന്ദമയകോശമാർഗ്ഗമായി ആനന്ദം പ്രതിഫലിക്കും. ആ ആനന്ദാനുഭവത്തെ വിഷയമായി ഭാവിച്ച് മുൻപോലെ ബഹിർമുഖമായി ഉദിക്കും. അപ്രകാരം ഉദിക്കേ ആ ആനന്ദത്തെ ബുദ്ധിയോടു കലർന്നുനിന്ന് തമോഗുണവും രജോഗുണവും തങ്ങളുടെ ശക്തിയാൽ കലർന്ന വിഷയാകാര ങ്ങളായി അതിനെ ബുദ്ധിക്കു കാണിക്കും. ആ ആനന്ദത്തെ ബുദ്ധിയും വിഷയാനന്ദമെന്നു മതിക്കും. ആകയാൽ രജോഗുണത്തെയും തമോഗുണത്തെയും ബുദ്ധിയിലും വിഷയത്തിലും ഇരിക്കുന്ന പ്രകാരം അറിഞ്ഞ്, അവയെ തള്ളി അവകളിൽ മറഞ്ഞുനിന്ന് സത്ത്വഗുണത്തോടും രണ്ടുഗുണ ങ്ങളും വിട്ട് ബുദ്ധിയേയും വിഷയത്തേയും ഐക്യപ്പെടുത്തി യാൽ ആനന്ദമയകോശമാർഗ്ഗമായിത്തന്നെ ബുദ്ധിയുടെ ആദരവാൽ വിഷയങ്ങളിൽ പ്രതിഫലിച്ച ആനന്ദം അനുഭവി ക്കാറാകും. അവിടെ വിഷയാഭാവം ഇല്ലാത്തതിനാൽ ആ ആനന്ദം ആത്മാനന്ദമെന്നു അനുഭവിക്കപ്പെടും.

വിഷയം, ബുദ്ധി ഈ രണ്ടിനും രണ്ടു സ്വരൂപങ്ങൾ ഇരിക്കുന്നു. അവയിൽ ഒന്നു വികാരവും മറ്റൊരു നിർവികാരവുമാകും. തമോഗുണം വികാരങ്ങളെ ചേർന്നിരിക്കും. അതിനെ അറിയും പ്രകാരത്തെ വിചാരിക്കിൽ, ഈ നമ്മുടെ രാജ്യം നമുക്കു ഏറിയ ലാഭത്തെ തരത്തക്കതായുള്ള ഇഷ്ടവസ്തുവാകുന്നു എന്ന വൃത്തി ഉദിക്കുമ്പോൾ വിചിത്രങ്ങളായ ഗുണഭേദങ്ങളെ ഉടയ നാനാവസ്തു ക്കളോടുകൂടിയ രാജ്യം ആ വൃത്തിയിൽ ഉള്ള പ്രകാരം ചൂണ്ടി, അപ്പോൾ ഇഷ്ടവസ്തുവായിട്ടു രാജ്യം പ്രകാശിച്ച്, ഇങ്ങനെ ഇതു നമുക്കു ഇഷ്ടവസ്തുവെന്ന പ്രിയം നടിച്ച്. ആനന്ദിച്ച്, ആ പ്രിയത്താൽ മുൻപറഞ്ഞ പ്രകാരം ക്ഷണമാത്രം മൂർച്ഛിച്ച് വിഷയഭാവം കൂടാതെ ആനന്ദാനുഭവം ഉദിച്ച് അതോട് വിഷയവിഷയിയായി ഭേദാഭാവം കണ്ട്, ആ ആനന്ദത്തെ വിഷയങ്ങളിൽ ഉണർന്നു സന്തോഷിക്കുമാറു കാണപ്പെടുകയാൽ നാനാവിഷയങ്ങളായി തോന്നിയ രാജ്യരൂപമായ ഭിന്നഭിന്ന വിഷയങ്ങളും ആ വിഷയാകാരവൃത്തികളും ഖണ്ഡങ്ങളായിരു ന്നാലും അവയ്ക്കു ആധാരമായിരുന്ന വിഷയവും ആ വിഷയാകാരവൃത്തിയും അഖണ്ഡമായിരിക്കയാൽ ഖണ്ഡമായും അഖണ്ഡമായും രണ്ടു രൂപങ്ങളെ വിഷയവും വിഷയാകാരമായി പരിണമിച്ച വൃത്തിയും ഉള്ളവയാകും. അപ്രകാരം തന്നെ അതിനെ "ഇതു വിഷയം" എന്നു ചൂണ്ടിയ വൃത്തിയും ഖണ്ഡമായും അഖണ്ഡമായും രണ്ടു രൂപങ്ങളോടുകൂടിയതാകും. അപ്രകാരം തന്നെ "ഇത് നമ്മുടെ" എന്ന് ആത്മസത്തയാൽ ഖണ്ഡമായും അഖണ്ഡമായും അഹങ്കാരം പരിണമിച്ചു വ്യാപിച്ച് അവയെ സ്വന്തമായി ഭാവിക്കയാൽ ആ അഹംകാരോപാധി യോടുകൂടിയ ആത്മസത്തയും രണ്ടുരൂപത്തോടുകൂടിയതാകും. ഇവയിൽ ഖണ്ഡങ്ങളായ രൂപങ്ങൾ രജോഗുണവികാരങ്ങളാകും. അഖണ്ഡങ്ങളായ രൂപങ്ങൾ സത്ത്വഗുണവികാരങ്ങളാകും.

ഖണ്ഡാഖണ്ഡങ്ങളെ പിരിച്ചുകാണാൻ ഇടകൊടുക്കാതെ ഏകാകാരമായി സ്വന്തപ്പെടുത്തി മൂർച്ഛിപ്പതു തമോഗുണ വികാരങ്ങളാകും.

ആയതിനാൽ അഖണ്ഡവിഷയത്തിലുദിച്ച അഖണ്ഡങ്ങളായ വിഷയങ്ങളെ നിദാനിച്ചു അവയിൽ കാണപ്പെടുന്ന ഗുണ ങ്ങളെയും നിർണ്ണയിച്ച്, ആ ഗുണങ്ങളെയും ആ ഗുണികളാകുന്ന വിഷയങ്ങൾക്കു അന്യമായിട്ടു കണ്ട്, അവയെ പഞ്ചേന്ദ്രിയങ്ങളാൽ വിഷയീകരിക്കപ്പെടുമ്പോൾ അവിടെ വിഷയങ്ങളായുദിച്ച ആ ഗുണികൾ കാണപ്പെടാതെ ശൂന്യമായിട്ടു നീങ്ങിപ്പോകും. ഗുണികളായ വിഷയങ്ങൾ നീങ്ങുമ്പോൾ ആധാരമറ്റ് ആ ഗുണങ്ങളും വിട്ടുപോകും. ആ ഗുണികളായ വിഷയങ്ങളുടേയും ഗുണങ്ങളുടെയും അളവു പോലെയുള്ള വൃത്തികൾ മാത്രം ഖണ്ഡാഖണ്ഡങ്ങളായിട്ട് ആകാശത്തിൽ കുറിക്കുന്ന രേഖകൾ എന്നപോലെ ഭവിക്കപ്പെടും. അപ്രകാരംതന്നെ മുൻ ഖണ്ഡാഖണ്ഡങ്ങളായി ഭവിച്ച ഭൗതികങ്ങളായ വിഷയങ്ങൾക്കാധാരമായിനിന്ന ഭൂതങ്ങളായ അഖണ്ഡവിഷയങ്ങളെയും ഇല്ലാതെ കണ്ട് തള്ളുമ്പോൾ അവകളും നീങ്ങി അവകളുടെ അളവുേ പാലെയുള്ള രൂപാദി വികാരമറ്റ വ്യാപകവൃത്തി മാത്രമായി കാണപ്പെടും. ആ അവസ്ഥയിൽ ഖണ്ഡമായ വിഷയങ്ങളും അവയ്ക്കാധാരമായ അഖണ്ഡവിഷയങ്ങളും ഭൂതഭൗതിക വികാരങ്ങളെ വിട്ട് ഖണ്ഡാഖണ്ഡവൃത്തി മാത്രമായിരിക്ക കൊണ്ട് അവയെ ഇതെന്നു വ്യാപിച്ച ബുദ്ധിവൃത്തിയും ഭൂതഭൗതികവികാരങ്ങളെ അഭിമുഖപ്പെടാതെ ഖണ്ഡാഖണ്ഡ ങ്ങളായ വിഷയാകാരങ്ങളായി പരിണമിച്ച് വ്യാപിച്ച് സ്വശക്തി യാൽ ഇതെന്നു കുറിച്ചു നിൽക്കും.

അപ്രകാരം തന്നെ ആത്മസത്തയോടുകൂടിയ അഹംകാരവും അവയെ എന്റേതു എന്നു വ്യാപിക്കുമ്പോൾ ഖണ്ഡാഖണ്ഡ ങ്ങളായ ആ ആകൃതികളുടെ അളവിനൊത്ത പരിണാമത്തെ പ്രാപിച്ച് അവയെ വ്യാപിച്ച്, സ്വസ്വഭാവമായ സ്വശക്തിയിനാൽ ഭേദപ്പെടുത്തി നില്ക്കും. സ്വസ്വഭാവമായ അഹംകാരശക്തി, ആത്മശക്തിയാകയാൽ, ആത്മാവേ ആനന്ദസ്വരൂപമായിരിക്ക യാൽ, എല്ലാവർക്കും ആനന്ദമേ ഇഷ്ടവസ്തുവായി കാണപ്പെടുകയാൽ, ആ ഇഷ്ടവസ്തുവെത്തന്നെ സ്വന്തമെന്നു പറകയാൽ, ആ ആത്മശക്തിയായ സ്വന്തമെന്ന പ്രിയവൃത്തി ആ അഹംകാരവ്യാപകത്തോടും സകലതും കലർന്നു നില്ക്കും. ആവിധ പ്രിയവൃത്തി ആനന്ദസ്വരൂപമായ ആത്മശക്തിയാക യാൽ അതിൽ മാത്രമായി ആനന്ദവും അവയിൽ പ്രതിഫലിച്ചു ഉള്ളിലും വെളിയിലും നിരന്തരമായി പൂർണ്ണമായി പ്രകാശിക്കും.

ഈ ആനന്ദത്തെയും ഇതെന്ന ബുദ്ധിവ്യാപകത്തെയും ഖണ്ഡാഖണ്ഡങ്ങളായ വിഷയവൃത്തികളെയും വ്യാപിച്ച് അഭേദമായി കാട്ടി പ്രകൃതിജ്ഞാനത്തെ മറച്ച് മൂർച്ഛിച്ചത് അഹങ്കാരത്തിൻ തമോഗുണമാകയാൽ അതിനെ നീക്കിയാൽ ഖണ്ഡാഖണ്ഡങ്ങളായ ഈ അഹങ്കാരവും അതിനാൽ വ്യാപിക്കപ്പെട്ട ഇതെന്ന ബുദ്ധിവൃത്തിയും അതിനാൽ വ്യാപിക്കപ്പെട്ട ഖണ്ഡാഖണ്ഡങ്ങളായ വിഷയവൃത്തിയും അവയുടെ ഉള്ളും വെളിയും വ്യാപിച്ച് ആത്മാനന്ദത്തെ അവകളിൽ പരിപൂർണ്ണമാക്കിച്ചെയ്ത് പ്രകാശിച്ച ആത്മശക്തി യാകുന്ന സ്വസ്വഭാവമെന്ന പ്രിയവൃത്തിയും വിവേകജ്ഞാന ത്തോടുകൂടി അനുഭവത്തിനു സിദ്ധിക്കും. അവകളെ പറഞ്ഞ പ്രകാരം നിദാനത്തോടനുഭവിച്ച് രജോഗുണത്തെയും നീക്കേണ്ടതാണ്.

അതിന്നുപായമെങ്ങനെയെന്നാൽ ഭിന്നഭിന്നങ്ങളായി തോന്നിയ വിഷയവൃത്തികൾ ഭൗതികങ്ങളുടെ അളവിന് തക്കതായി ഉദിക്കയാൽ അവകൾ നീങ്ങുമ്പോൾ ആ അളവും വിട്ടുപോകും. അവകൾ വിട്ടേടം അവയുടെ അഭവമായിരിക്കും അവകളുടെ അഭാവത്തെ അവിടവിടെ അനുഭവിക്കുമ്പോൾ അവയുടെ അളവിനു തക്ക വൃത്തിയും അഭാവമായിക്കൊണ്ട് ഖണ്ഡവൃത്തികളശേഷവും വിട്ടുപോകും. അപ്രകാരം തന്നെ അഖണ്ഡവിഷയവൃത്തിയേയും നീക്കുകിൽ അവകളെ വ്യാപിച്ച് ബുദ്ധിവൃത്തിയും അതിനെ വ്യാപിച്ച അഹംകാരവൃത്തിയും ഖണ്ഡാഖണ്ഡവിനിർമുക്തങ്ങളായി നീങ്ങിപ്പോകും. അപ്പോൾ ഭാവാഭാവവിഷയം കൂടാതെ, ഖണ്ഡമെന്നും അഖണ്ഡമെന്നും നിർണ്ണയിച്ചുകൂടാതെ, അതിരറ്റ ആത്മശക്തിയാകുന്ന പ്രിയവൃത്തി മാത്രം ആനന്ദഘനമായനുഭവത്തിനു സിദ്ധിക്കും. അവിടെ ആ ഉപാധിയെ നീക്കിയാൽ ആനന്ദമാത്രമായി ശേഷിക്കും. മറുപടിയും പ്രിയവൃത്തി ഉദിക്കിൽ ആദ്യത്തെ പ്പോലെ സൂക്ഷ്മത്രിപുടിയോട് അനുഭവത്തിനു സിദ്ധിക്കും. തൽസ്വഭാവത്തെ അറിഞ്ഞ് വിഷയവൃത്തികളെ കല്പിച്ചു വ്യാപിക്കേ അവയിൽ ഈ ആനന്ദമേ നീക്കമറ്റു നിറഞ്ഞു നില്ക്കും. ഇതിനെ അറിയാതെ അവിവേകത്താൽ വിഷയാനന്ദ മെന്നു ഭാവിച്ചുകൊള്ളും. ആകയാൽ മുൻപറഞ്ഞ വിചാരണാ വിവേകത്താൽ ബ്രഹ്മാനന്ദമായനുഭവിച്ചാലും.

(ശിഷ്യൻ, പറഞ്ഞ പ്രകാരം ഉപാധികളെ നീക്കി, ശേഷിച്ച ആത്മാവാകുന്ന തന്നെ ആനന്ദരൂപനായനുഭവിച്ച്, തന്നിൽ ആരോപിതമായ സകലത്തേയും അസത്തെന്നും ജഡമെന്നും ദുഃഖമെന്നും നിർണ്ണയിച്ചു ബാധിച്ച ആനന്ദരൂപനായ താൻ, അവയെല്ലാം ബാധിക്കപ്പെട്ടിട്ടും ബാധിക്കപ്പെടാത്തതുകൊണ്ട് സത്തെന്നും, അവകൾ അവസ്തുവാകയാൽ പ്രകാശിക്കാതെ

ജഡമായാലും താൻ സ്വയംപ്രകാശിക്കയാൽ ചിത്തെന്നും, ശേഷിച്ചിടത്തു തനിക്കന്യമായി വേറൊരു വസ്തുവില്ലായ്ക യാൽ സത്തുതന്നെ ചിത്ത്, ചിത്തുതന്നെ ആനന്ദം, ആനന്ദമേ താനാകയാൽ സ്വയം സച്ചിദാനന്ദാഖണ്ഡൈകരസമെന്ന താനായ തന്മഹിമയെത്തന്നെ ഇഷ്ടവസ്തുവെന്നു ആനന്ദിച്ച് സ്വയം ആനന്ദക്കടലിൽ മുഴുകി.)

മനോനാശമാർഗ്ഗ നിരൂപണപ്രകരണം

ശിഷ്യൻ: പരമഗുരുവായ പ്രാണനാഥ, സകല ശാസ്ത്രങ്ങളിലും ആത്മജ്ഞാനത്തെ പ്രാപിച്ച മഹാന്മാരുടെ ചരിത്രങ്ങളിലും മനോനാശം കൂടാതെ മഹോപശാന്തപദവിയായ അഭയബ്രഹ്മപ്രാപ്തി സിദ്ധിക്കയില്ലെന്നും, ആ മനോനാശം നിമിത്തം വളരെ മഹാന്മാർ ഏറവും പ്രയാസപ്പെട്ടു എന്നും, ആ മനോനാശം അതികഠിനമെന്നും, ചിലേടത്തു അതിലഘുവെന്നും കാണപ്പെടുന്നു. അയതിനാൽ മനോനാശത്തെ പ്രാപിച്ച് ആനന്ദസിദ്ധിക്കുള്ള മാർഗ്ഗത്തെ അരുളിച്ചെയ്യേണമേ!

ആചാര്യൻ!: നീ ചോദിച്ചതു ഏറ്റവും രഹസ്യമായുള്ളതത്രേ. ആത്മാവെന്നവൻ ചരാചരങ്ങളായ അനേകകോടി ബ്രഹ്മാണ്ഡമണ്ഡലങ്ങളെ തന്റെ വിസ്താരമായ വ്യാപകത്തിലുദിച്ച മനസ്സിന്റെ ഒരു അണുമാത്രമായ അംശത്തിൽ ഉണ്ടോ ഇല്ലയോ എന്ന സ്ഥിതിയിൽ അടക്കി വച്ച്, ആ മനസ്സിനെ, രജ്ജുവിൽ തോന്നിയ സർപ്പത്തെപ്പോലെ, തന്നിൽ തോന്നിച്ചും, തോന്നിക്കാതെയും പ്രകാശിച്ചു നിൽക്കും. ഈ മനസ്സായതു സ്വസങ്കല്പത്താൽ കല്പിക്കപ്പെട്ട സ്ഥൂലസൂക്ഷ്മകാരണങ്ങളെന്ന മൂന്നു ശരീരങ്ങളെ സ്കന്ധമായുള്ള ചന്ദനവൃക്ഷത്തിന് അവസ്ഥാത്രയങ്ങളെന്ന ശാഖോപശാഖകളായി ചേർത്തു ശരീരത്രയത്തിൽ '"ഞാൻ"' "എന്റേത്" എന്നുള്ള അഭിമാനങ്ങളാകുന്ന മുന്നു ശിരസ്സുള്ള അഹംകാരമെന്ന കൊടിയ വിഷങ്ങളെ ഛർദ്ദിക്കുന്ന സർപ്പത്തെ സ്വസങ്കല്പത്താൽ ജനിപ്പിച്ച് അതിനെക്കൊണ്ട് ആ വൃക്ഷത്തെ ചുറ്റിച്ച് ആത്മവസ്തുവായ സർവ്വാധാര ബ്രഹ്മചൈതന്യമെന്ന മഹാസമ്പത്തായ ആനന്ദനിധിയെ ഭുജിക്കുന്നതിനു അവസരം കൊടുക്കാതെ തടുത്തുകൊണ്ടു നിൽക്കും. അല്ലാതെയും

മഹാമൂർഖമായ ഇരുതലമണിയനെന്ന സർപ്പംപോലെ ആവരണവിക്ഷേപങ്ങളാകുന്ന ക്രൂരമായ വിഷത്തെ അധികരിച്ചതായുള്ള രണ്ടു ശക്തികളെ തന്റെ രണ്ടു കോടികളിലും രണ്ടു ശിരസ്സുകളെന്ന പോലെ ഉദിപ്പിച്ച്, അവകളാലും ആ ആനന്ദനിധിയെ ആരും അനുഭവിക്കുന്നതിനു ഉപകാരപ്പെടാതെ വിജൃംഭിച്ചു നിൽക്കും. അല്ലാതെയും, തന്നിൽ വിക്ഷേപശക്തിയുടെ ചേഷ്ടയാൽ ചരാചരമായ അനേക കോടി ബ്രഹ്മാണ്ഡമണ്ഡലങ്ങളെന്ന പ്രപഞ്ചത്തെ, കണ്ണാടിയിൽ കാണുന്ന നഗരം എന്നപോലെ ക്ഷണമാത്രത്തിൽ തോന്നിപ്പിച്ച്, അതിനു പഞ്ചകൃത്യം[25] നടത്തിവരുന്ന ബ്രഹ്മാവിഷ്ണുരുദ്ര മഹേശ്വരസദാശിവന്മാരെന്ന പഞ്ചകർത്താക്കളെ ആ കൃത്യ ങ്ങളിൽ അഭിമാനിച്ചതുപോലെ ചെയ്ത് അതിനെ നീതിപോലെ നടത്തിച്ച്, ആരെയും ദ്വൈത പ്രപഞ്ചത്തെ സത്യമായി വിശ്വസിപ്പിക്കും. അല്ലാതെയും, തനതു സങ്കല്പത്തിലുദിച്ച സ്ഥൂലസൂക്ഷ്മകാരണങ്ങളായ പഞ്ചഭൂത ങ്ങളെ ഒരു ഭാഗം ശുദ്ധജഡംപോലെയും ഒരു ഭാഗം ചേതനം പോലെയും കാണിച്ച്, ഈ ജഡാജഡങ്ങളായ രണ്ടു വകുപ്പിനും സാക്ഷിയായി ചിന്മാത്രനായി പ്രകാശിക്കുന്ന സർവ്വാധിഷ്ഠാന ചൈതന്യത്തെ ഇവകൾക്കന്യമെന്നറിയപ്പെടു ത്താതെ നർത്തകിയെപ്പോലെ നർത്തിച്ചു നിൽക്കും. മേലും, ആകാശത്തിൽ ചൂഴന്നുവരുന്ന ഇടിത്തീയ് പോലെ, ജനനമരണമെന്ന രണ്ടു കോടിയിൽ പിടിച്ച കൊടിയ തോയോടുകൂടിയ ജീവന്മാരെ സംസാരമാകുന്ന പെരുവെളിയിൽ നിലയില്ലാതെ ഇട്ടു ചുഴറ്റി, അവർക്കു അതിനാലുണ്ടായ ദുഃഖങ്ങളെ നിവർത്തിക്കുന്നതിനു മാർഗ്ഗമറിയാതെ ദുഃഖിപ്പിക്കും.

---

[25] സൃഷ്ടി, സ്ഥിതി, സംഹാരം, തിരോഭാവം, അനുഗ്രഹം എന്നിവയാണ് പഞ്ച കൃത്യങ്ങൾ.

ഒരു കാലത്തിൽ ഈ പ്രപഞ്ചങ്ങളെ ശൂന്യമായി കാണിച്ച്, മറ്റൊരു കാലത്തിൽ ഒരു തനുവിൽ നഖം മുതൽ ശിരസ്സു വരെ ഉദിച്ച് സൂചികുത്തുവാൻ സ്ഥലമില്ലാത്ത വസൂരി ഉപദ്രവത്തെ പ്പോലെ, അവിടെയും നാമരൂപങ്ങളെക്കൊണ്ടു പരിപൂർണ്ണ മാക്കും. കാളകൂടമായുള്ള കാലമെന്ന ഒരു തത്ത്വത്തെ തനിക്കഭേദമായ ശക്തിയാക്കിക്കൊണ്ട്, ദേവതിര്യഗ് പശുപക്ഷി മൃഗാദികളായ ചരവസ്തുകളാകട്ടെ, സ്ഥൂലപഞ്ചഭൂതങ്ങളായ അചരവസ്തുക്കളാകട്ടെ, ഇവകളെ മഹാകാളരാത്രിയെന്ന മഹാന്ധകാരം ദൃശ്യങ്ങൾ തോന്നാത്ത വിധത്തിൽ വിഴുങ്ങു ന്നതുപോലെ, കബളീകരണം ചെയ്യലേ സഹജതൊഴിലായിട്ടു ആരെയും മൂർച്ഛിപ്പിച്ചുകളയും. അല്ലാതെയും തന്നാൽ കല്പിക്ക പ്പെട്ട ശ്രുതിസ്മൃതി ഇതിഹാസപുരാണാഗമങ്ങളെന്ന ശാസ്ത്ര ങ്ങളാൽ പറയപ്പെട്ട പുണ്യപാപങ്ങളെന്ന അശനിപാതത്താൽ ആരെയും തലപ്പൊക്കുവാൻ പാടില്ലാത്തവിധത്തിൽ ഇട്ടു തപിപ്പിക്കും. ഈ വിധമായ മനസ്സു ആർക്കും വശമായി നശിച്ചതെന്നുള്ള വ്യവഹാരം ദുർലഭം തന്നെയാണെങ്കിലും അതിനെ ജയിച്ച് ആ ആനന്ദനിധിയെ തടവുകൂടാതെ ഭുജിക്കുമാറ് ഉപായം പറഞ്ഞു തരാം.

അതിവിസ്താരമുള്ള ബ്രഹ്മാണ്ഡകോടികളെ തന്റെ അണുമാത്രത്തോളമുള്ള സങ്കല്പലേശത്തിലടക്കി, ഉണ്ടോ ഇല്ലയോ എന്ന് ശങ്കിക്കുമാറ് അളവില്ലാത്ത വ്യാപകമഹിമയോടു താൻ ചേർന്നിരുന്നാലും, വേദാന്ത ശാസ്ത്രങ്ങളാൽ പരിപൂർണ്ണമായ കരുണാനിധിയായ സദ്ഗുരുവിന്റെ ഉപദേശ മാഹാത്മ്യത്താൽ അതിനെ നോക്കിയാൽ അതിന്റെ ശക്തി അപ്രകാരം മോഹിപ്പിക്കുകയില്ല. ഘടപടാദിസത്തു മൃത്തിനെ ഒഴിച്ച് ഇല്ലാത്തതുപോലെ ഈ മനസ്സിന്റെ സങ്കല്പത്തെ ഒഴിച്ച് മുൻപറഞ്ഞ പ്രപഞ്ചം ഇരിക്കാൻ പാടില്ല. ഘടത്തെ കണ്ണു

കണ്ടാലും ആ കണ്ണിനെ മനസ്സു അറിയുന്നതുപോലെ, ഈ പ്രപഞ്ചമാകട്ടെ, അതിന്നാധാരമായ സങ്കല്പമാകട്ടെ, അതിൽ ഉദിക്കുന്നിടമായ കേവലം മനസ്സെന്നു പറയപ്പെട്ട നിർവികാരംപോലെയുള്ള കണക്കില്ലാത്ത വ്യാപകവൃത്തി യാകട്ടെ, ഇവകൾ ഏതുവിധം ഉണ്ടായി ശോഭിക്കുന്നു എന്ന് വിവേകാനുഭൂതിയാൽ നോക്കുകിൽ, ഉള്ളംകൈയ്യിലിരിക്കുന്ന കനിയെന്നപോലെ, നിസ്സംശയമായി ദൃഷ്ടാവിന്റെ ജ്ഞാന ദൃഷ്ടിയിൽ ദൃശ്യമായി നോക്കപ്പെട്ട്, മുൻപറഞ്ഞ ദൃഷ്ടാന്ത പ്രകാരം ഈ ദൃഷ്ടാവിന്റെ ജ്ഞാനദൃഷ്ടിയിലടങ്ങിയതും, ജഡമായും,സ്വപ്രകാശത്താൽ തോന്നി പ്രകാശിക്കുന്നതായും, അനുഭവത്തിനു വരും. ഘടത്തിനെ മൃത്തു വാപിച്ച് ആ ഘടം ഒരു വസ്തുപോലെ പ്രകാശിച്ചാലും അതു കാലത്രയത്തിലും തനിക്കു വേറായി തന്നിൽ വരാത്തതുപോലെ ആ ദൃഷ്ടിയിൽ അവ കാലത്രയത്തിലും ഇല്ലാത്തതായും വരും. അപ്രകാരം വന്നാൽ ആ അനുഭൂതിബലം കൊണ്ട് ഇടവിടാതെ അനുസന്ധാനം ചെയ്ത് അവയെ ഛേദിക്കിൽ വ്യാപക ജ്ഞാനദൃങ്മാത്രമായും, ഓരോരോ കാലത്ത് ഉണ്ടായി നശിച്ചാലും അവകൾക്ക് സാക്ഷിയായും, ഈ ആത്മ ജ്ഞാനാനുഭവം നഷ്ടപ്പെടാതെ പ്രകാശിച്ചു നിൽക്കും. ഈ വിവേകാനുഭുതിയാൽ ആ മനസ്സിനെ ജയിക്കണം.

അപ്രകാരം തന്നെ സ്ഥൂലസൂക്ഷ്മകാരണങ്ങളെന്ന ശരീരത്രയത്തെ ശാഖോപശാഖകളായി ചേർന്നതായുള്ള സംസാരചന്ദവൃക്ഷത്തിനെ ചുറ്റിക്കിടക്കുന്ന, ശരീരത്രയാഭിമാന ങ്ങളായ മൂന്നു ശിരസ്സുകളോടുകൂടിയ സങ്കല്പത്താൽ കല്പിക്കപ്പെട്ട അഹങ്കാരമെന്ന ആ സർപ്പം ആ സംസാരമായ ചന്ദനവൃക്ഷത്തെ വിട്ടു നീങ്ങി ഛേദിക്കപ്പെട്ട് ആ സുഖനിധിയെ നിരർഗ്ഗളമായി ഭുജിക്കുമാറുപദേശിക്കാം.

സ്ഥൂലദേഹം എന്നത് രക്തം, മാംസം, അസ്ഥി, ഞരമ്പ്, തോൽ, ജലം, മലം രോമം, ദന്തം കഫം, ഇവകളിൻ സംയോഗസമുഹമായുള്ളത്. അതിനെ വിവേകദൃഷ്ടിയാൽ പിരിച്ച്, തന്റെ മുൻവശത്തു എതിരായി ഒരു കയറു കെട്ടിയതായി ഭാവിച്ച് അതിൽ ഇതുകളെ വെവ്വേറെയായി തൂക്കിയിട്ടു നോക്കിയാൽ താൻ അശരീരിയായ ജ്ഞാനസ്വരൂപദൃക്കായും മുമ്പിൽ ശരീരംപോലെ തോന്നിയ തനുവ് മുമ്പിൽ തൂക്കപ്പെട്ട്, ആ വികാരങ്ങളാകുന്ന സംയോഗം നീങ്ങി വെവ്വേറെയായി അനുഭവിക്കപ്പെടുക കൊണ്ട്, ശരീരമെന്ന നാമത്തിന്റെ അർത്ഥത്തെ വിട്ടുപോകും. ഇപ്രകാരം ഇടവിടാതെ ദൃഢതരാഭ്യാസം ചെയ്കിൽ അതു ഒരിക്കലും ശരീരമായി തോന്നാതെ ഘടത്തിൽ ഞാൻ എന്ന അനുഭവം ആർക്കും ഉണ്ടാകാത്തതുപോലെ, തനുവിൽ ഞാനെന്ന അദ്ധ്യാസം ഭവിക്കാതെ തന്നെത്താനേ നീങ്ങിപ്പോകും. അപ്രകാരം തന്നെ ഈ ദ്രഷ്ടാവും തന്നിൽ തനുസംബന്ധം കാണപ്പെടാത്തതിനാൽ അശരീരിയായ ദ്രഷ്ടാവു മാത്രമായി പ്രകാശിച്ചു നിൽക്കും. ഈ അനുഭവം ദൃഢതരമായി സിദ്ധിച്ചാൽ ആ അഹംകാരമായ സർപ്പത്തിന്റെ ക്രൂരമായ ഒരു ശിരസ്സു വിവേകവാളാൽ വെട്ടപ്പെട്ട് നിർജ്ജീവമായിപ്പോകും. ആ സർപ്പത്തിന്റെ മറ്റുള്ള തലകളും നശിക്കുമാറ് ഉപദേശിക്കാം.

തനുസംബന്ധം നീങ്ങി അശരീരിയായ ഈ ആത്മാവ് ജ്ഞാനദൃഷ്ടിമാത്രാമായി പ്രകാശിക്കിൽ ശ്രവണശക്തി മുതലായ പതിനേഴു ശക്തി ചേർന്ന സൂക്ഷ്മശരീരം അവനോടു അഭേദമായി കലർന്നു നിൽക്കും. ഭിന്നഭിന്നലക്ഷണമുള്ള ആ പതിനേഴു ശക്തികളെയും സ്ഫുരിപ്പിച്ച് അവയെ ആകാശത്തിൽ ചിതറിയ ഭിന്നഭിന്ന ലക്ഷണമുള്ള നക്ഷത്രപ്പോലേ ദൃശ്യപ്പെടുത്തി, സൂര്യനെ കാണുന്ന ദൃക്കിനും ആ സൂര്യനും

ഉള്ള ദൂരത്തിന്റെ അളവിനെ ഇത്രമാത്രമെന്നു മതിക്കാൻ പാടില്ലാത്തതുപോലെ ആത്മദൃഷ്ടിക്കു ഈ പതിനേഴു തത്ത്വവും അതിദൂരത്തിൽ ദൃശ്യപ്പെടുമാറു നോക്കിയാൽ ആത്മ സംബന്ധത്തെ വിട്ടു നീങ്ങി ഘടാദികളെന്നപോലെ അനാത്മ വാസ്തുക്കളായി ഭവിക്കും. ഈ വിവേകാനുഭൂതിയാൽ അനവരതവും പറഞ്ഞപ്രകാരം അവകളെ നോക്കുന്ന ദൃഷ്ടിയിൽ ആത്മത്വേനാനുസന്ധാനവും ആ പതിനേഴു ദൃശ്യവസ്തുക്കളിൽ അനാത്മബുദ്ധ്യനുഭവത്താൽ നേരിട്ട അഹമദ്ധ്യാസനിവൃത്തിയും ദൃഢതരമായാൽ അഹമദ്ധ്യാസമുദിക്കയില്ല. ഇങ്ങനെ പറഞ്ഞ പ്രകാരം ദൃഢമായി സിദ്ധിച്ചാൽ ഈ വിവേകാനുഭൂതിയെന്ന വാളാൽ ഖണ്ഡിക്കപ്പെട്ടു നിർജ്ജീവനായി, ആ അഹംകാരമെന്ന സർപ്പത്തിന്റെ രണ്ടാമത്തെ തലയും നശിക്കും.

അപ്രകാരം തന്നെ അഹങ്കാരമെന്ന സർപ്പത്തിന്റെ മറ്റൊരു തലയും നശിക്കുമാറ് അനുഗ്രഹിക്കാം. ഈ പതിനേഴു തത്ത്വങ്ങളോടു വേർപെട്ട് അശരീരിയായ ജ്ഞാനദൃഷ്ടി മാത്രമായി ഈ ആത്മാവു പ്രകാശിച്ചാലും ഈ ലിംഗശരീരം ശുദ്ധമായി വിട്ടു നീങ്ങിയതുകൊണ്ട് ഒരു കാലത്ത് ത്രിപുടിശൂന്യമായി വൃത്ത്യഭാവമാകുന്ന സ്ഫൂർത്തിയില്ലാത്ത സുഷുപ്തിയെന്ന ഒരവസ്ഥയുണ്ടായി ആവിധ ജ്ഞാനദൃഷ്ടിയെ വിട്ടുപോയതുപോലെ തോന്നിപ്പിച്ചു നിൽക്കും. അതും ഈഷദ്വികാസത്തോടുകൂടിയ ജ്ഞാനദൃഷ്ടിയുടെ ഉണർവു വഴിയേ തന്നെയാണ്. ഇതിനെ പരിശോധിപ്പതു പരിപാകവും അതിസൂക്ഷ്മവിവേകവുമുള്ള അധികാരിയാൽ മാത്രം കഴിയും. ആയതു കൊണ്ട് അതിനെ കേട്ടാലും.

ഒരു തോന്നലുമില്ലാത്തതായും എങ്കിലും അവിടെ ജ്ഞാനദൃഷ്ടി ഇരിക്കുന്നില്ലയെന്നു നിർണ്ണയിപ്പാൻ പാടില്ലാ ത്തതായും, ആ അവസ്ഥ ഇരുന്നാലും യാതൊന്നുമറിയാതെ

സുഖമായുറങ്ങിയെന്നു ഇങ്ങിനെ എല്ലാവരും സാധാരണയായി പ്രതീതിയിൽ വ്യവഹരിക്കുകയാൽ ആ പ്രതീതിബലം കൊണ്ട് വിവേകത്താൽ യാതൊരു തോന്നലും ഇല്ലാത്ത പ്രകാരം ആ അനുഭൂതിയെ ഉള്ള മട്ടിൽ ഈ അവസ്ഥയിൽ വിഷയീകരിച്ചാൽ അപ്രകാരമേ ഒരനുഭവം ഉദിച്ചു നിൽക്കും. ആ അനുഭൂതിയെ അതിസൂക്ഷ്മമായ വിവേകവൃത്ത്യനുഭവത്താൽ നോക്കി അവിടെത്തന്നെ സങ്കല്പസത്താസംബന്ധം കൂടാതെ നോക്കിയ ദൃഗനുഭവത്താൽ അതിനെ ദൃശ്യപ്പെടുത്തിയാൽ അതു ദൃശ്യത്വത്തെ ചേർന്നു അനാത്മവസ്തുവായി, മുമ്പിൽ സൂര്യമണ്ഡലദൃഷ്ടാന്തം പറഞ്ഞതുപോലെ, ബഹുദൂരത്തിൽ വിലകി നിൽക്കും. അപ്രകാരമേ ഈ ആത്മാവിന്റെ ദൃഗനുഭൂതിയും യാതൊരു തോന്നലുമില്ലാതെയും ത്രിപുടി ശൂന്യമായും ജ്ഞാനദൃഷ്ടി ഇരിക്കുന്നില്ലെന്നു നിർണ്ണയിക്കാൻ പാടില്ലാത്തതു ആയും ഉള്ള ആ അവസ്ഥയെ, ആ രണ്ടവസ്ഥയെ ദൃശ്യമായി തോന്നിപ്പിച്ച് താൻ ജ്ഞാനദൃഷ്ടി മാത്രമായി നിന്നതുപോലെ മൂന്നാമത്തെ അവസ്ഥയ്ക്കും സൂക്ഷ്മമായി ത്രിപുടിശൂന്യ ജ്ഞാനസ്വരൂപമാത്രമായി പ്രകാശിച്ചു നിൽക്കും. ഈ അനുഭവം അതിസൂക്ഷ്മമാകയാൽ അതിനെ സ്വാനുഭവത്താൽ അവലംബിക്കയെന്നുള്ളതു ഏറ്റവും ദുർലഭം. എന്നാലും അതിൽ അതിന്നഭിന്നമായി ഒരു സാക്ഷി ധർമ്മത്തെ ആരോപിച്ച് മുൻപറഞ്ഞ അവസ്ഥാനുഭൂതി ദൃശ്യപ്പെടുന്നതുകൊണ്ടും, ഈ ജ്ഞാനദൃഗനുഭൂതി ദൃശ്യ മായിരിക്കകൊണ്ടും, തന്നെ സാക്ഷിയായനുഭവിച്ചു അതിനെ സാക്ഷ്യമായ അനാത്മവാകയാൽ അത് ഒരിക്കലും ഒരു അഹം വസ്തുവാകയില്ല എന്നു കണ്ടാൽ അതിൽ അടിക്കടി ആത്മാധ്യാസം നിവൃത്തിയാകും. ആ അവസ്ഥാനിഭൂതിയാകുന്ന, ഒന്നും, അറിയായ്മയായ അജ്ഞാനം തന്നെ കാരണശരീര മാകയാൽ അതു ഈ ആത്മാവിന്റെ ജ്ഞാനദൃക്കിനെ

മറച്ചുവെന്നുള്ളതു ചേരുകയില്ല. എന്തെന്നാൽ, ഈ അജ്ഞാനം എന്തുസ്വഭാവത്തോടുകൂടിയത്, ഏതിനെ കാരണമായി ചേർന്നത്, ഏതു ശക്തിയാൽ മറച്ചത് എന്നു വിവേകാനുഭൂതി യാൽ നോക്കുകിൽ അതിന്നു കാരണം, അന്ധകാരത്തിനു സൂര്യൻ കാരണമാകാത്തതുപോലെ, ചിദാത്മാവാകയില്ല. ആ അജ്ഞാനം തന്നെ സകല ദ്വൈതപ്രപഞ്ചത്തിനും കാരണ മാകാൻ പാടില്ല. നിർഹേതുകമായൊരു വസ്തു സിദ്ധിപ്പാനും പാടില്ല. അതല്ല, സിദ്ധിക്കിൽ, അതു സ്വയംപ്രകാശവസ്തു വായിരിക്കേണ്ടതാണ്. അപ്രകാരം സ്വയംപ്രകാശമായി പറഞ്ഞാൽ, സകലത്തേയും പ്രകാശിപ്പിക്കുന്ന ആദിത്യങ്കൽ മറയ്ക്കുന്ന ശക്തിയുള്ള അന്ധകാരം സിദ്ധിക്കാത്തതുപോലെ, ആവരണരൂപമായുള്ള മറയ്ക്കുന്ന ശക്തി നശിച്ച് തന്റെ നാമത്തിന്റെ അർത്ഥത്തോടു ചേരാത്തതായി ആത്മജ്ഞാന ദൃഷ്ടിക്കന്യമായില്ലാതെ അവസ്തുവായിപ്പോകും. അങ്ങിനെയില്ല. അതു ഏതിനേയും മറയ്ക്കുന്ന ശക്തിയോടുകൂടിയ ജഡവസ്തു തന്നെ. ജ്ഞാനപ്രകാശസഹായം കൊണ്ടു തന്നെ തനതു ശക്തിയെ ചെലുത്തികൊണ്ടു നിൽക്കും. എങ്കിൽ, ഘടാദികളെപ്പോലുള്ള ഈ അജ്ഞാനം മറയ്ക്കുന്ന ശക്തിയുള്ളതായി ഭവിക്കുമ്പോൾ ആ ശക്തികളെ അറിയുമാറ് പ്രകാശിപ്പിക്കുന്ന സാധനമായ ആ ജ്ഞാനപ്രകാശത്തെ മറയ്ക്കേണമെങ്കിൽ തന്നെ പ്രകാശിപ്പിക്കുന്ന അതിന്റെ സാന്നിദ്ധ്യം ഇരിക്കുന്നതുവരെ അതിനെ മറപ്പാൻ ഉപകാരപ്പെടുകയില്ല. ആ ഉപകാരത്തെ വിട്ടുനീങ്ങിയ കാലത്തു മറയ്ക്കാമല്ലോ എന്നാൽ, അവിടെ തനിക്ക് സ്വതന്ത്രമായി പ്രകാശം ഇല്ലാത്തതുകൊണ്ട് ഘടംപോലെ താനേ ഇരിക്കുന്നു, ഇല്ല എന്ന പ്രതീതിക്കു പോലും വിഷയമില്ലാതെ ശൂന്യം പോലെ ഭവിച്ചു നിൽക്കും. അല്ലാതെയും യാതൊരു ലക്ഷണത്താലും കുറിക്കാൻ പാടില്ലാത്ത സ്വഭാവത്തോടുകൂടിയ

താകയാൽ യുക്തിക്കു അനർഹമായതുകൊണ്ടു കർത്തും, അകർത്തും അന്യഥാകർത്തും[26] ശക്തി മുതലായതെല്ലാം ക്രീഡിച്ചു നിൽക്കും. അതിനെ ആരാണു നിർണ്ണയിച്ചു പറവാൻ ശക്തന്മാർ? എന്നാൽ അപ്രകാരമായാലും പറഞ്ഞപ്രകാരം ഒരു സത്ത് അതിനു സിദ്ധിക്കാതിരുന്നാൽ അവസ്തുവായിപ്പോകും. പ്രകാശിക്കാതിരുന്നാലും അപ്രകാരം തന്നെയാകും. ഈ രണ്ട് സ്വഭാവവും അതിൽ ഇരിക്കുന്നതായി സമ്മതിക്കിൽ ഘടമിരിക്കുന്നു പടമിരിക്കുന്നു പ്രപഞ്ചമിരിക്കുന്നു അജ്ഞാന മിരിക്കുന്നു, അപ്രകാരം തന്നെ ഇവകൾ ശോഭിക്കുന്നു എന്ന വ്യവഹാരബലത്താൽ ശോഭിക്കുമ്പോൾ ഭിന്നഭിന്ന വികാരങ്ങളാകും. അപ്രകാരം തന്നെ, ഇവകളിൽ കാണപ്പെട്ടി രിക്കുന്ന ഇരിക്കുന്നു, ശോഭിക്കുന്നു എന്ന വാക്കുകൾ മാർപ്പെടാതെയിരിക്കയാൽ ഇവകളുടെ അർത്ഥം അവകളിൽ നിന്നു അന്യങ്ങളാകണം. അങ്ങിനെയായൽ അവയുടെ വിലക്ഷണത്വത്തെ ചേർന്നിരിക്കും. അതും അവകൾ ഭിന്നഭിന്നങ്ങളായ വികാരങ്ങളോടു ചേർന്നിരിക്കയാൽ ആ വികാരത്വത്തിനു വിലക്ഷണമായ നിർവികാരത്വത്തെ ചേർന്നിരിക്കും. ഇപ്രകാരം വിവേകാനുഭൂതിയാൽ, കണ്ട ഒരു പർവ്വതത്തിൽ വിസ്താരമുള്ള ഗുഹയിന്നു വെളിയിൽ ശിലയുടെ കാഠിന്യം കാണപ്പെടാത്തതുപോലെ, അരൂപമായും നിർവികാര മായുള്ള കാഠിന്യം ആ രണ്ടു സ്വഭാവത്തേയും അനുഭവത്താൽ നോക്കി അവകളെ ആ അജ്ഞാനം വരെയുള്ള മുൻപറഞ്ഞ വസ്തുക്കളിൽ കോർത്തിട്ടു നോക്കിയാൽ അവകൾ തനതു വികാരങ്ങളെയും തനതു രൂപങ്ങളെയും വിട്ടുനീങ്ങി ഇല്ലാത്തതായി ഭവിക്കും. ആ അനുഭവങ്ങളെയും ആ

[26] കർത്തും – ചെയ്യാൻ; അകർത്തും – ചെയ്യാതിരിക്കാൻ; അന്യഥാ കർത്തും – മറ്റൊരുവിധത്തിൽ ചെയ്യാൻ.

സ്വഭാവതിൽ തന്നെ നോക്കിയാൽ ആത്മജ്ഞാനാനുഭൂതിക്കു വേറായില്ലാതെ അതു മാത്രമായി ശേഷിച്ചു നിൽക്കും. ഇപ്രകാരം സത്തിനെ അവകൾക്കു വ്യസ്ഥാപിക്കാഞ്ഞാലും സത്തയില്ല!കയാൽ അപ്രകാരം തന്നെ അവസ്തുവാകും.

ഇപ്രകാരം ഇക്കാരണശരീരമായ അജ്ഞാനത്തെ വിവേകാനു ഭൂതിയാൽ അവസ്തുവായി നിരാകരിച്ച്, അപ്രകാരംതന്നെ മുൻപറഞ്ഞ അനുസന്ധാനവിശേഷത്താൽ ഭവിച്ച സുഷുപ്തി യാകുന്ന കാരണശരീരമെന്ന ദൃശ്യവസ്തുവായ അനാത്മവസ്തു ആത്മസംബന്ധംകൂടാതെ ബഹുദൂരത്തിൽ പ്രത്യക്ഷപ്പെട്ട്, അതിൽ അഹമദ്ധ്യാസത്തെ വിവേകാനുഭൂതിയാൽ ദൃഢതര മായിട്ടു നീക്കി, ഏതുകാലത്തും അതിൽ അഹമദ്ധ്യാസം ഉദിക്കാതിരിക്കുമാറ് ആക്കി, ഈ മൂന്നു ശരീരങ്ങളേയും കടന്ന് അസംഗോദാസീനനായി പ്രകാശിക്കുന്ന അദ്വിതീയവസ്തുവായ അഹംപദത്തിന്റെ യഥാർത്ഥമായ സാക്ഷിയാകുന്ന ഈ ആത്മജ്ഞനത്തിൽ അഹമർത്ഥജ്ഞാനം ഏതു കാലത്തും വിട്ടുപോകാതെ ഇരിക്കുമാറ് വൃത്തിസംബന്ധം കൂടാതെ വിവേകാനുഭൂതിബലംകൊണ്ട് നിരന്തരം അഭ്യസിക്കുന്ന അഭ്യാസദാർഢ്യത്താൽ പറഞ്ഞ സ്വാനുഭവം സിദ്ധിക്കും. അപ്രകാരം സിദ്ധിച്ചാൽ ആ വിവേകാനുഭൂതിയാകുന്ന വാളാൽ ആ അഹംകാരമാകുന്ന സർപ്പത്തിന്റെ മൂന്നാമത്തെ തലയും ഖണ്ഡിക്കപ്പെട്ട് നിർജ്ജീവനായി പുനരുത്ഥാനത്തിനു ഹേതു വില്ലാതെ പോകും.

അക്കാലത്തു ഒന്നും അറിയാതെ ഉറങ്ങിയെന്ന പ്രതീതിയോടും സുഖമായുറങ്ങിയെന്ന ആനന്ദാനുഭവം കാണ പ്പെടുകയാൽ ആനന്ദമേ ബ്രഹ്മം എന്ന ശ്രുതിപ്രമാണത്താൽ ആനന്ദസ്വരൂപം ആ ബ്രഹ്മത്തിനല്ലാതെ മറ്റൊരു വസ്തുവിനും സിദ്ധിക്കയില്ല. അപ്രകാരമായാലും വിഷയാനന്ദമെന്നും

സുഷുപ്ത്യാനന്ദമെന്നും പറയപ്പെട്ട ആനന്ദം ഈ ആവരണ വിക്ഷേപശക്തികളാൽ ബാധിക്കപ്പെട്ടതുകൊണ്ട്, വിഷമിശ്രക്ഷീര മെന്നപോലെ, ആത്യന്തിക ദുഃഖനിവൃത്തിയെ കൊടുക്കുന്ന നിത്യാനന്ദമായി ഭവിക്കുന്നില്ല. ഈ ആവരണ വിക്ഷേപങ്ങൾ അഹംകാരത്തോടുകൂടി നീങ്ങി നിഷ്പ്രപഞ്ചാദ്വിതീയ ആത്മ ചിന്മാത്രമായ മഹാ ഉപശാന്തപദവിയായി സിദ്ധിച്ചതുകൊണ്ട് ത്രിവിധ പരിച്ഛേദശൂന്യമായി സദാ നിജാനന്ദമായി പ്രകാശിക്കും.

(ശിഷ്യൻ, ഉപദേശിച്ച പ്രകാരം സമാധി ചേർന്നു ദേഹത്രയാദ്ധ്യാസം വിട്ടു പ്രകാശിച്ചു.)

ആവരണവിക്ഷേപ നിവൃത്തിപ്രകരണം

(സ്വാത്മാനന്ദരസാംബുധിയിൽ മുഴുകിയിരുന്ന ശിഷ്യനെ ആചാര്യൻ ആലിംഗന വിശേഷത്താൽ ബഹിർമുഖപ്പെടുത്തി. പ്രദക്ഷിണനമസ്കാരപൂർവ്വമായി തന്റെ ഗുരുവിന്റെ മഹാകരുണ യെ ശിഷ്യൻ പലവിധമായി പുകഴ്ന്നു.)

ശിഷ്യൻ: സ്വാമി, ദീനരക്ഷക, ദേഹത്രയാഭിമാനമായ മൂന്നു തലകളുള്ളതായും ഇരുതലമണിയനെന്നപോലെ ആവരണ വിക്ഷേപങ്ങളായ രണ്ടു തലകളുള്ളതായും വർണ്ണിച്ചതിൽ മുൻപറഞ്ഞ മൂന്നു തലകളേയും ഛേദിക്കുമാറ് ഉപായം അനുഗ്രഹിച്ചതുപോലെ, മറുള്ളവയെ നീക്കുന്ന മാർഗ്ഗത്തെയും ഉപദേശിച്ചരുളേണം.

ആചാര്യൻ: ഇരുതലമണിയനോട് സമാനങ്ങളായ വിക്ഷേപാവരണങ്ങളെന്ന ശക്തികൾ രണ്ടു കോടിയിലുള്ള തനതു ശക്തിയാൽ ആനന്ദനിധിയെ ആർക്കും അടുക്കാൻ പാടില്ലാത്ത വിധത്തിൽ ആക്കിചെയ്താലും, അതിനെയും ജയിപ്പാനുപായമുണ്ട്.

ഇരുതലമണിയനെന്ന സർപ്പം ബഹുദൂരദൃഷ്ടിയുള്ളത്. അതിന്റെ ദൃഷ്ടിയിൽ ഏതൊരു വസ്തു എതിരിട്ടാലും നീറിപ്പോകും. അതിനേയും അധികരിച്ചതായ, കാളകൂടവിഷ ത്തെക്കാൾ മേലായ കഠിനമുള്ള, ആവരണവിക്ഷേപങ്ങളായ ശക്തികൾ ഏറ്റവും കഠിനമുള്ളത്. അവയിൽ വിക്ഷേപ ശക്തിയെന്നത് തന്നാൽ ഉണ്ടായ ദർപ്പണനഗരമെന്നപോലെ എണ്ണമില്ലാത്ത ചരാചരങ്ങളായ അനേകബ്രഹ്മാണ്ഡകോടികളെ സൃഷ്ടിക്കുമെന്നതിൽ, ഇന്ദ്രജാലവിദ്യയാൽ അനേക ഗജരഥ തുരഗപദാദികൾ കല്പിക്കപ്പെട്ട് ഏവരാലും പ്രത്യക്ഷമായനുഭവി

ക്കപ്പെട്ടാലും ആ ഇന്ദ്രജാലക്കാരൻ അതു മിഥ്യയെന്നും ഇന്ദ്രജാലവിദ്യയാൽ കല്പിതമെന്നും അറിവുള്ളതുപോലെ തന്നാൽ കല്പിക്കപ്പെട്ട പ്രപഞ്ചത്തെ മിഥ്യയെന്നാകട്ടെ തന്നാൽ കല്പിക്കപ്പെട്ടതെന്നാകട്ടെ വിവേകം കൂടാതെ, അതിനെ വൃദ്ധിയാക്കുന്നതിനു നോക്കിനിൽക്കും. അതിൽ ഉപഹിത ജീവചൈതന്യങ്ങൾക്കു വൃത്തിവിവേകങ്ങളെക്കൂടാതെ സ്വന്ത മായി വികാരങ്ങൾ പാടില്ലാത്തതിനാൽ ആ വിക്ഷേപ ശക്തിയിലുദിച്ച ദുഃഖസാഗരത്തിൽ മുങ്ങിമുങ്ങി, സ്വഭാവമായി അവിനാശിയാകയാൽ മരിക്കുന്നതിനു കഴിയാതെ, സഹിപ്പാൻ വയ്യാത്ത വിധത്തിൽ വിശ്രാന്തി പ്രാപിപ്പാൻ ഇടമില്ലാതെ ഭുജിക്കുന്നു. ഇങ്ങിനെയിരുന്നാലും, ഈ വിക്ഷേപശക്തി അളവില്ലാത്ത പ്രപഞ്ചാകാരമായി ഭവിക്കണമെങ്കിൽ നിർനിമിത്തമായി ഭവിക്കയില്ല. ആ നിമിത്തത്തെ നോക്കിയാൽ പുറക്കരണങ്ങളുടെ പഞ്ചഭൂതപാഞ്ചഭൗതികപഞ്ചവിഷയങ്ങളെ പ്രത്യക്ഷത്തിൽ സ്വീകരിച്ച്, സംസാരത്തെ മുന്നിട്ട്, ആ വിഷയാകാരങ്ങളായി താനേ പരിണമിച്ച്, അവകളെ ആ പരിണാമത്തിൻ വഴിയായി അതാതു നാമരൂപങ്ങളോടുംകൂടി നിർണ്ണയപ്പെടുത്തി, തന്നിൽ ഉപഹിതമായ പ്രത്യഗ്ചൈതന്യ പ്രകാശബലത്താൽ പ്രകാശിച്ചു നിൽക്കും. ഇങ്ങിനെയായാൽ ഈ പുറക്കരണങ്ങൾക്കു പ്രത്യക്ഷപ്പെട്ട വിഷയങ്ങൾ അതാതു നാമരൂപങ്ങളോടും കൂടി വിഷയപ്പെടാതെ, അപ്രകാരമേ അകക്കരണമാകുന്ന വിക്ഷേപശക്തിക്കും തനിക്കുള്ള പ്രകാരം വ്യവഹാരത്തിൽ സിദ്ധിച്ച ലക്ഷണത്താൽ ആ വിഷയങ്ങൾ വിഷയപ്പെടുകയില്ല. എന്നാൽ അന്തഃകരണത്തിന്ന്, സാളീക നേത്രത്തിന്[27] പുസ്തകാവലോകനവിഷയത്തിൽ ഉപനേത്രം[28]

[27] സാളീകനേത്രം കാഴ്ചയ്ക്കു തകരാറുള്ള കണ്ണ്
[28] കണ്ണട

ഉപകാരപ്പെടുന്നതുപോലെ, ഈ ബഹിഷ്ക്കരണ[29] സഹായത്താൽ ഈ വിഷയങ്ങൾ വിഷയപ്പെടാമെന്നാൽ, അന്ധന്ന് ഉപനേത്രം ഉപകാരപ്പെടാത്തതുപോലെ, ഈ രണ്ടുകരണങ്ങളും ജഡമാകയാൽ ഉപകാരപ്പെടുകയില്ല. ഇവ ജഡങ്ങളായിരുന്നാലും ചൈതന്യബലംകൊണ്ട് ഇവകൾക്കു വിഷയങ്ങൾ വിഷയമാകാമെന്നാൽ ആ ചൈതന്യത്തിൽ ഏതും വിക്ഷേപശക്തിയോടുകൂടി വാസ്തവത്തിൽ കല്പിതമാകയാൽ, രജ്ജുവിനു തന്നിൽ കല്പിതമായ സർപ്പത്തിന്റെ സ്ഥിതിനാശങ്ങൾ ഇല്ലാത്തതാകയാൽ അതു പാടില്ല. ആകയാൽ ഇപ്രകാരം ആലോചിച്ച് ഉദിച്ച അനേക ബ്രഹ്മാണ്ഡങ്ങളേയും ബഹിഷ്കരണങ്ങളേയും ആ ബ്രഹ്മാണ്ഡത്തെ ഉദിപ്പിച്ച വിക്ഷേപശക്തിയേയും ഇന്ദ്രജാല ദൃഷ്ടാന്തത്താൽ പറഞ്ഞ അതിന്റെ വിവേകത്തെയും അതിന്റെ ജഡത്വത്തെയും, ബഹിഷ്കരണം, വിക്ഷേപശക്തി, പ്രത്യഗ് ചൈതന്യം ഇവകൾക്കു മുൻ പറഞ്ഞ പ്രകാരം കല്പിതപ്രപഞ്ചം വിഷയപ്പെടായ്കയേയും വിവേകാനുഭവത്താൽ നോക്കിയ പ്രതീതിദശയിൽ മുമ്പ് സൂക്ഷ്മശരീരത്തെ അനാത്മാവാകുമാറാക്കി അതിൽനിന്നും അഹമദ്ധ്യാസനിവൃത്തി ചെയ്യപ്പെട്ടിരിക്കുന്നതുപോലെ ഇവകൾ വിവേകാനുഭൂതികൊണ്ട് ഭിന്നഭിന്ന ലക്ഷണത്തോടുചേർന്ന് ദൃശ്യവസ്തുവായ അനാത്മവസ്തുവായി ആത്മസംബന്ധം നീങ്ങി ബഹുദൂരം ഇരിക്കകൊണ്ട് അവയിൽ അഹമദ്ധ്യാസത്തെ നിവർത്തിച്ച പ്രത്യഗ്ചൈതന്യത്തിൽ ദൃഢതരമായി വൃത്തിസഹായം കൂടാതെ അഹമനുഭവം സിദ്ധിച്ചാൽ ഈ ചൈതന്യത്തിന്നു വേറായിട്ടില്ലാതെ താനും തന്റെ കാര്യമായ പ്രപഞ്ചവും ശേഷിച്ച് മഹാ ഉപശാന്തസ്ഥാനമാകുന്ന വിശ്രാന്തി ഭൂമികയെ പ്രാപിച്ച് ഈ

---

[29] ബഹിഷ്കരണം – ബാഹ്യകരണം, ബഹിരിന്ദ്രിയം.

ജീവന്മാരും, ഇന്ദ്രജാലത്തിൽ കണ്ട വസ്തുക്കളെ മിഥ്യയെന്നു ഇന്ദ്രജാലക്കാരൻ കണ്ടിരിക്കുന്നതുപോലെ, തന്നിൽ കാലത്രയത്തിലും മുൻപറഞ്ഞവയില്ല എന്നിങ്ങനെ അദ്വിതീയ നിജാനന്ദ സുധാസിന്ധുവായി പ്രകാശിച്ചു നിൽക്കും.

ശിഷ്യൻ: എന്നാൽ മുൻപറഞ്ഞ ലിംഗശരീരാദികളെപ്പോലെയല്ല ഈ സപ്തസമുദ്രങ്ങളെയും ഒരു സാധനവും കൂടാതെ ഒരു ജലകണം പോലും ശേഷിക്കാതെ ചുഴറ്റി ആകാശത്തിൽ വീശിയെറിയുകയും, അഷ്ടകുലാചലങ്ങളും സപ്തമേഘങ്ങളും പഞ്ചഭൂതങ്ങളും ധൂളിധൂളിയായി നിലനില്ക്കാതെ ചുഴലുകയും, ചന്ദ്രസൂര്യനക്ഷത്രാദികൾ സ്ഥാനം വിട്ട് അവശമായി ചിതറുകയും, ഇപ്രകാരമെല്ലാം ചെയ്യുന്ന, മഹാപ്രളയവാതംപോലെ ആർക്കും ഭയങ്കരമായി ചലിച്ചു കൊണ്ടിരിക്കുന്ന, ഈ വിക്ഷേപശക്തിയെ ജയിക്കുന്നതും അതിന്റെ ചലനത്തെ നിറുത്തുന്നതും എങ്ങിനെ ശരിയിടും?

ആചാ: നീ ഭയന്നു ശങ്കിച്ചതു ശരി തന്നെ. എന്നാലും ഒരു ദാസിയായവൾ ഭരതശാസ്ത്രപ്രകാരം രാഗബന്ധ അടവുകളെ അഭ്യസിച്ചു താളം മുതലായവയോടു ചേർന്നു സഭയിൽ നടിക്കുമ്പോൾ അവളുടെ നേത്രം, ഹസ്തം, മുതലായ അവയവങ്ങൾ ഭാവനാസുചനാനിമിത്തം ക്ഷണത്തിൽ ബഹുവക്ത്രങ്ങളായ ചുഴൽച്ചകളെ പ്രാപിച്ചാലും അതിനെ കണ്ടുകൊണ്ടു നിന്ന ദ്രഷ്ടാവിന്റെ ദൃഷ്ടി മന്ദമായാകട്ടെ അതിവേഗമായാകട്ടെ ചലിപ്പാൻ കാരണമില്ല. ഇപ്രകാരം ധീരനായി, വിക്ഷേപശക്തിയുടെ ചേഷ്ടയെ നോക്കിക്കൊണ്ടിരുന്നാൽ ആ ആത്മചൈതന്യത്തിനു അന്യങ്ങളെന്ന പോലെ തോന്നി പ്രകാശിക്കുന്ന ചരാചരമായ പ്രപഞ്ചങ്ങളെയും അഖിലത്തെയും നശിപ്പിച്ചും ഉദിപ്പിച്ചും, ക്ഷണത്തിൽ തൊഴിൽ കൂടാതെ നീങ്ങിപ്പോകും. വിവേകാനുഭൂതിയാൽ അവയുടെ

ശ്രമത്തെയും ഉൽപത്തിനാശങ്ങളെയും ദർശിച്ച് തന്നെ അവിനാശിയായും, അതിന്റെ കഠിനതയോടു ചേർന്ന് ചലനശക്തിയെന്ന്, ചരാചരങ്ങളായ ജഡവസ്തുക്കളുടെ നന്മതിന്മകളെന്ന്, ഇവകൾ തന്നെ സംബന്ധിക്കാത്തതുകൊണ്ട് അപരോക്ഷമായിത്തന്നെ അസംഗോദാസീനനായും നോക്കി ആനന്ദിച്ച്, പ്രേതസമാനമായി ജഡമായി ദൃശ്യമായി അനാത്മവസ്തുവായി കല്പിതമായിരിക്കുന്ന വിക്ഷേപശക്തി മുതലായവകളിൽ പറഞ്ഞ പ്രകാരം അദ്ധ്യാസം നിശ്ശേഷമായി നീങ്ങിപ്പോയതുകൊണ്ട്, ഘടമഠാദികളെ മൃദ്ദൃഷ്ടിയായി നോക്കിയാൽ അവകൾ കാണപ്പെടാത്തതുപോലെ, ആ ആത്മദൃക്കാൽ അവകളെ സകലത്തെയും നോക്കിയാൽ അദ്വിതീയമായ ആ ദൃക്കിൽ ലയിച്ച് ഇല്ലാതെയായി അദ്വിതീയ നിജാനന്ദസ്വരൂപമായിട്ടു തന്നെ അപരോക്ഷമായി സിദ്ധിക്കും. അക്കാലത്തു മനസ്സിന്റെ ഒരു കോടിയെ അവലംബിച്ച് വിക്ഷേപശക്തിയാകുന്ന ഒരു തല വെട്ടുപട്ട് നശിക്കും.

മറ്റൊരു തലയായ ആവരണശക്തിയെന്നത്, മുൻപറഞ്ഞ വിക്ഷേപശക്തിയേയും അതിലുദിച്ച പ്രപഞ്ചത്തേയും തനിക്കന്യ മായിട്ടില്ലാത്ത വിധത്തിലാക്കി, അന്ധകാരം പോലുള്ള തനതാ വരണശക്തിയാൽ പ്രപഞ്ചസ്ഫൂർത്തിയെ കബളീകരിച്ചതു പോലെ[30] അധിഷ്ഠാന പ്രത്യക്കിനെ ജഡംപോലെ ആരും നിനയ്ക്കുമാറ് ആക്കിച്ചെയ്യും. അപ്രകാരമുള്ള ആവരണശക്തി സുഷുപ്തി, മൂർച്ഛ, പ്രളയം മുതലായവയിൽ പറഞ്ഞപ്രകാരം അനുഭവിക്കപ്പെടും. അതിനെ പരിശോധിക്കുക എന്നുള്ളത് ഏറ്റവും ദുർലഭം. സുഷുപ്തിയിൽനിന്നും ഉത്ഥാനത്തെ പ്രാപിക്കുമ്പോൾ, ഒന്നുമറിയാതെ സുഖമായുറങ്ങി എന്നു

---

[30] കബളീകരിച്ചതുപോലെ ഭക്ഷിച്ചതുപോലെ, വിഴുങ്ങിയതുപോലെ

പറയുന്നു. മൂർച്ഛ തെളിയുമ്പോൾ എതൊരു ഭയം കൊണ്ട് മൂർച്ഛിച്ചോ ആ ഭയകമ്പരോദനാദികളോടുകൂടിതന്നെ ഉണർന്ന് എണീക്കുന്നു. അപ്രകാരം തന്നെ മരണാവസ്ഥയിലും ജീവന്മാർ ആ ആവരണശക്തിയിലടങ്ങി ക്ഷണമാത്രത്തിൽ പരലോക യാതന, ജനനം ഇവകൾക്കാധാരമായ കർമ്മവാസന ഉത്ഥാന ദശയോടുണ്ടായി, അതിനു തക്കതായ സുഖദുഃഖാദികളെ ആ അന്തഃകരണോപാധിയിൽ പ്രതിബിംബിച്ചിരിക്കുന്ന ചൈതന്യ ത്തിൽ കല്പിക്കപ്പെട്ട്, ആ വാസനപരമ്പരയാൽ അനേകകോടി ജനനമരണങ്ങളെ വെളിയിൽ പറ്റിപ്പിടിച്ചവനെന്ന പോലെ ഭുജിക്കുന്നു. സമാധിയിൽ നിന്ന് ഉത്ഥാനം ചെയ്ത മഹാ പുരുഷൻ സർവ്വാധിഷ്ഠാനപ്രത്യഗഭിന്നനിഷ്പ്രപഞ്ചാദ്വിതീയാത്മ ചൈതന്യത്തിൽ[31] ആരോപിതമായ സകലപ്രാപഞ്ചങ്ങ ളെയും വിവേകാനുഭൂതിയാൽ ഇല്ലാത്തതായി നിരാകരിച്ച് സമാധിയെ പ്രാപിച്ച പ്രകാരം, അവിടെ ത്രിപുടിയില്ലാതെ പോയാലും ആ അനുഭൂതിമാനായി ഉത്ഥാനം ചെയ്യുന്നു. ഇപ്രകാരം അതിവിരുദ്ധമായ ഭിന്നഭിന്ന വിചിത്രകാര്യങ്ങൾക്കു താൻ ഏക കാരണമായിരുന്നു നടത്തിക്കുന്നു. ആ ശക്തികളെ ശ്രുതിയുക്ത്യനുഭവങ്ങളോടുകൂടിയ സദ്ഗുരുകൃപയാൽ വിവേകാനുഭൂതികൊണ്ടു നോക്കിയാൽ, സൂര്യ സന്നിധിയിൽ ഹിമകണങ്ങളെന്നപോലെ, നീങ്ങിപ്പോകും. ഇതിൽ താഴെ പറയപ്പെടുമവസ്ഥകളിൽ ആവരണശക്തിയിൽ ലഭിച്ചുദിച്ചതായി പറഞ്ഞുവെങ്കിലും അതിനെ വിട്ടുനീങ്ങി കൂടസ്ഥ പരമാത്മാവിൽ ഐക്യപ്പെട്ട്, പിന്നീടു ആവരണശക്തി വഴിയാൽ ഉദിച്ചതെന്നു ഊഹിച്ചു കൊൾക. ഇവകളെ പരിശോധിക്കുന്ന വിവരം ഏതെന്നാൽ, സുഷുപ്ത്യവസ്ഥയിൽ കർത്താഭോക്താവായി

---

[31] എല്ലാറ്റിനും ആധാരമായതും പ്രത്യഗാത്മാവിൽനിന്നു വ്യത്യസ്തമല്ലാത്തതും പ്രപഞ്ചമില്ലാത്തതും രണ്ടാമതൊന്നില്ലാത്തതുമായ ആത്മചൈതന്യത്തിൽ.

ശോധിച്ച വിജ്ഞാനമായ ആത്മാ വിഷയഗ്രഹണസാമഗ്രികളായ കരണങ്ങളെ വിട്ടുനീങ്ങി തനതുപാധിയായ വിജ്ഞാനവൃത്തി യേയും വിട്ടുനീങ്ങുമ്പോൾ ജ്ഞേയം, ജ്ഞാനം എന്നീ ഉപാധികൾ അവനിൽ അഭാവമാകയാൽ ജ്ഞാതൃമാത്രോപാധി യോടു തനിച്ചു ജ്ഞേയജ്ഞാനങ്ങളില്ലാതെ ജ്ഞാത്രുപാധി താൻ ഇരുന്നിട്ടു ഇല്ലാത്തപോലെ നിരുപകാരമായി ഭവിച്ച്, അതും നിരാലംബമായി നീങ്ങിപ്പോകും. അക്കാലത്ത് അതിലുപഹിതചൈതന്യം തനതു സ്വരൂപമായ, പ്രതിബിംബ മായ കൂടസ്ഥബ്രഹ്മചൈതന്യമാത്രമായി ശേഷിച്ചുനിന്ന് പ്രാരബ്ധ കർമ്മവശത്തൽ ജാഗ്രദവസ്ഥയെ പൂർവമടങ്ങിയ നീതിപോലെ ജ്ഞാത്രോപാധി മുതൽ ക്രമമായി വിഷയ സാമഗ്രികളായ കരണാന്തം ഉപാധികളോടു പ്രാപിച്ചു നിൽക്കും. ഇതിനെ വിവേകാനുഭൂതികൊണ്ടു നോക്കിയാൽ, കരണം മുതൽ ജ്ഞാതൃത്വാന്തം ഉപാധികളോടു സംബന്ധിക്കുമ്പോൾ, ജാഗ്രത്, സ്വപനം എന്നിവകളെ വിട്ടു നീങ്ങുമ്പോൾ സുഷുപ്തിയെന്നും ആകും. എന്നാൽ ഒന്നും അറിയാതെ ഉറങ്ങിയെന്നു പ്രതീതിയിൽ ആവരണശക്തി അവിടെ ഉള്ളതായി കാണപ്പെടുന്നല്ലോ എന്നാൽ, ഈ ഉപാധികളോടു കൂടിയ അവസ്ഥയിൽ അനുഭവിക്കപ്പെട്ട് വൃത്തിജ്ഞാനത്തെ അത്രേ ജ്ഞാനമെന്നും, വൃത്തിയില്ലാത്തിടത്ത് സ്വരൂപജ്ഞാനം സ്വപ്രകാശമായിരുന്നിട്ടും, അവിവേകമില്ലാത്തതിനാൽ അതിനെ അജ്ഞാനമെന്നും ധരിച്ച്, വാസനയാൽ ആ ആവരണശക്തി ഉദിച്ചതല്ലാതെ വേറില്ല. മേലും ആ ആവരണാനുഭൂതിയോടും കൂടി സുഖമായുറങ്ങി എന്നൊരു പ്രതീതി കാണപ്പെടുകയാലും, രണ്ടും ഒരവസ്ഥയെ പറ്റിയിരിക്കയാലും, ഈ സുഖാനുഭൂതിയെ ഒഴിച്ച് മറ്റുള്ള യാതൊന്നിനേയും അറിഞ്ഞില്ല എന്ന് ഒന്നും അറിയായ്കയാകുന്ന ആവരണശക്തിക്ക് അർത്ഥം പറയ പ്പെടേണ്ടതായിവരും. അപ്രകാരം പറയപ്പെട്ടാൽ ഈ ആവരണ

ശക്തി തനതു ചേഷ്ടയെ വിട്ടു നീങ്ങി താനും സ്വരൂപമറ്റ് അവസ്തുവായി ഭവിക്കും. അപ്രകാരംതന്നെ അജ്ഞാനാനുഭൂതി യെ മാത്രം സ്ഥാപിച്ച് നിരൂപിക്കിലും ആ അജ്ഞാനമാകുന്ന, ഒന്നും അറിയായ്കയാകുന്ന, ഒരു ജ്ഞാനം കൂടിച്ചേർന്ന് അതിനെ പ്രകാശിപ്പിച്ചുകൊണ്ട് അബാദ്ധ്യമാന മായി കാണപ്പെടുകയാൽ, അതിനാലും തന്റെ ശക്തിയെ വിട്ട് അവസ്തുവാകേണ്ടതാണ്. എന്നാൽ ഈ ആവരണശക്തി അവസ്തുവെന്നു വരികിൽ, എല്ലാവരാലും ഒരു പോലെ അനുഭവിക്കപ്പെടാൻ കാരണമെന്ത് എന്നാൽ, ഈ ആത്മചൈതന്യം നിത്യ നിർവികാരത്രിപുടിരഹിത കൂടസ്ഥ ചൈതന്യമാകും. അപ്രകാരം തന്വാദികർതൃത്വാന്തം ഉപാധികൾ ത്രിപുടിശൂന്യജഡവസ്തുക്കളാകും. ഇവയിൽ ആത്മചൈതന്യം പ്രതിബിംബിക്കുമ്പോൾ ഇവകൾ തന്നെ ചേതനവസ്തുപോലെ പ്രകാശിക്കും. കൂടസ്ഥന്റെ സ്വരൂപവിവേകമില്ലായ്കയാൽ ഇവയിൽ പ്രതിബിംബിച്ച ചിദാഭാസൻ ഇവകളെ വിട്ടുനീങ്ങി, കൂടസ്ഥമാത്രമായി ശേഷിച്ച ഇവ ത്രിപുടിയില്ലാത്തതിനാൽ ജഡംപോലെ തോന്നുന്ന ആത്മസ്വരൂപവും, ജ്ഞാനമില്ലയ്ക കൊണ്ട് കരണാദികളോട് സമാനമെന്ന പോലെ തോന്നാം. ആകയാൽ ഉത്ഥാനദശയിൽ വാസനാരഹിത നിരാകാര ത്രിപുടിശൂന്യവൃത്തിയിൽ ആത്മചൈതന്യം പ്രതിബിംബിച്ച്, ആ വൃത്തിയിൽ അതിൽ നിന്നു ഭിന്നപ്പെടാതെ അതിസൂക്ഷ്മമായി വാസന ഉദിച്ച് ആ വാസനാവൃത്തിയിൽ ചൈതന്യം പ്രതിബിംബിച്ച് ആ വൃത്തിയിൽ അതിൻ ബലത്താൽ തനിക്കു പൂർവമായ വൃത്തിയും

ഉപഹിതചൈതന്യാനുഭൂതി പ്രകാശിച്ചു കൊണ്ടിരുന്നിട്ടും അതിനെയും അതിന്നാധാരമായ നിർവിശേഷകൂടസ്ഥനേയും വിവേകശൂന്യമായ ഈ വാസനാജ്ഞാനം അവകളിൽ തനതു

വികൃതിസംബന്ധം ഇല്ലായ്കകൊണ്ട് ജ്ഞാനാഭാവമാകുന്ന ആവരണശക്തിയെ ആരോപിച്ച് തനതു വികൃതിസംബന്ധ ത്താൽ തന്നെത്തന്നെ പ്രജ്ഞാരൂപമായി അഭിപ്രായപ്പെട്ടു വിജൃംഭിച്ചു നിൽക്കും. ഇതു തന്നെയാണ് ആവരണശക്തിയുടെ ആരോപബീജമാകുന്നത്. ഇത് അനാദിയായുള്ളത്. ഇതു സൂക്ഷ്മവാസനയാൽ ആരോപിക്കപ്പെട്ടാലും തനതു നിലയില്ലാത്ത് പൂർവാവസ്ഥയെ സംബന്ധിച്ചു വന്നതിനാൽ, സ്വപ്നത്തിലുദിച്ച പുരുഷൻ സ്വപിതാവിനെ തന്റെ കാരണമായി ഭാവിക്കുന്നതുപോലെ, ഈ ആവരണശക്തി സകലത്തിനും കാരണമാകും. മേലും വാസനയിൽ പ്രതിബിംബിച്ച ജ്ഞാനം വികൃതിയോടു കൂടിയിരുന്നാലും, അതിനു മുൻപെട്ട വൃത്തിയിലുദിച്ച ജ്ഞാനം വികൃതിയെ വിട്ടുനീങ്ങിയിരുന്നാലും, കൂടസ്ഥ പരമാത്മസ്വരൂപജ്ഞാനം ശുദ്ധനിരുപാധികമായി രുന്നാലും, ഇത്രയും സ്ഥലങ്ങളിൽ ശ്രുതിയുക്ത്യനുഭവങ്ങൾ കൊണ്ട് ജ്ഞാനസ്വരൂപം അലുപ്തമാകുംവണ്ണം അനുഭവിക്ക പ്പെടുകയാൽ അതിനെ ഖണ്ഡിക്കുന്നതിന് ആരും ശക്തന്മാരാകയില്ല. ഏതു പ്രകാരത്തിലും വിചാരസഹനീയമായ ഈ ആവരണശക്തി വിചാരിക്കപ്പെട്ടാൽ അവസ്തുവായിത്തന്നെ സിദ്ധിക്കും. ഇപ്രകാരം വിവേകാനുഭൂതിയാൽ നിഷേധിച്ച്, വന്ധ്യാപുത്രനിൽ അന്യപുരുഷൻ ഞാനെന്ന അദ്ധ്യാസം വരുവാൻ പ്രശക്തിയില്ലാത്തതുപോലെ, അവസ്തുവായ ഈ ആവരണശക്തിയിലും അദ്ധ്യാസം വരാൻ പ്രശക്തിയില്ല യെന്നും, അദ്ധ്യാസത്തെ വിട്ടുനീങ്ങി അപ്രകാരംതന്നെ ഇതിനെ നിഷേധിപ്പാൻ കാരണമായി പറഞ്ഞ സോപാധിക നിരുപാധികസ്ഥലങ്ങളിൽ പറഞ്ഞ പ്രകാരം ജ്ഞാനദൃഷ്ടിയെ ഉള്ളപടി അനുഭവിച്ച്, ഈ ആവരണവൃത്തി സ്വപ്നത്തിൽ പോലും ഉദിക്കാൻ അവസരമില്ലാതെ ക്ഷയിച്ച്, ആ അനുഭവബലത്താൽ നിരാവരണപരബ്രഹ്മചൈതന്യമാത്രമായി

സിദ്ധിക്കിൽ, ആ വിവേകാനുഭൂതിയാകുന്ന വാളുകൊണ്ട് വെട്ടുപെട്ട് പുനരുത്ഥാനരഹിതമായി മനസ്സർപ്പത്തിന്റെ രണ്ടാം തലയും നശിച്ചുപോകും.

ശി: മൂർച്ഛ, മരണം, പ്രളയം, സമാധി ഇവകളിലും ആ ആവരണശക്തിയുടെ പ്രവേശമിരിക്കേ സുഷുപ്ത്യവസ്ഥയുടെ ഒന്നിന്റെ മാത്രം അനുഭൂതിബലം കൊണ്ട് അതു മരിച്ചു വെന്നുള്ളത് എങ്ങിനെ ശരിയായിട്ടു ചേർന്നു?

ആചാ: മൂർച്ഛാവസ്ഥയിലും അതിഭയത്തോടുകൂടിയ മനോ വാസന തന്റെ അക്കാലത്തുള്ള സ്വഭാവത്തോടു യാതൊന്നി നെയും അഭിമുഖപ്പെടാതെ വാസനാതീതജ്ഞാന ത്തോടെ മൂഢമായി ആവരണശക്തിയിൽ ലയിച്ച്, ആ വൃത്തിയും വിട്ടു നീങ്ങി, ചിദാഭാസൻ കൂടസ്ഥമാത്രമായി ശേഷിച്ച്, ഉത്ഥാനദശയിൽ ഭയകമ്പാദികളോടു ചേർന്നവനായി, പൂർവ വാസനാവിശേഷത്താൽ കാണപ്പെട്ടാലും, മൂർ!ച്ഛാവസ്ഥയിൽ എപ്രകാരം ഇരുന്നുവെന്നു ചോദിച്ചാൽ സുഷുപ്ത്യവസ്ഥാനു ഭൂതിയോടു സമാനമായിട്ടു തന്നെ പറയും. അപ്രകാരം തന്നെ പ്രളയാവസ്ഥയും മരണാവസ്ഥയും ഭവിക്കും. സമാധ്യവസ്ഥയോ എന്നാൽ, ആരോപിതമായ സകല ദ്വൈതത്തെയും സർവാധിഷ്ഠാനമായ പ്രത്യഗഭിന്ന പരമാത്മ സ്വരൂപത്തിൽ അതീന്നുവേറായിട്ടില്ലാതെ നിഷേധിച്ച്, സ്വരൂപമാത്രമായി പ്രകാശിക്കും. ആ അവസ്ഥയിൽ ദൃശ്യവിഷയം, വിക്ഷേപം ഇവ ഇല്ലാത്തതിനാലും ത്രിപുടി യില്ലാത്തതിനാലും, ഈ രണ്ടു ഗുണങ്ങളും ഈ ആവരണ ശക്തിക്കും, ആ സമാധ്യനു ഭവത്തിനും സമാനമായിരിക്കയാൽ അപ്രകാരം പറഞ്ഞുവെന്ന ല്ലാതെ ആ ആവരണവൃത്തിക്കു അവിടെ പ്രവേശം സിദ്ധിക്കയില്ല.

ശിഷ്യൻ: സുഷുപ്തി മുതൽ മുൻ പറയപ്പെട്ട അവസ്ഥകളിൽ ജീവനായത് അവസാനത്തു കൂടസ്ഥബ്രഹ്മത്തിനു വേറായിട്ടി ല്ലാതെ ലയിക്കപ്പെട്ടു എന്നതിനാൽ ആത്മപ്രാപ്തി എല്ലാ വർക്കും ശരിയായിരിക്കുമ്പോൾ ജ്ഞാനി ഒരുത്തൻ മാത്രം ബ്രഹ്മപ്രാപ്തി ഉള്ളവനെന്നും, അവൻ മാത്രം ജനിക്കയില്ലെന്നും, മറ്റുള്ളവർ ബ്രഹ്മപ്രാപ്തി കൂടാതെ ജനിക്കുമെന്നും ഉള്ളതു എങ്ങിനെ ചേരും?

ആചാ: ആ അവസ്ഥകളിൽ ജീവന്മാർ ബ്രഹ്മപ്രാപ്തിയെ പ്രാപിച്ചിരുന്നിട്ടും ബ്രഹ്മജ്ഞാനം കൊണ്ട് അവരുടെ കർമ്മങ്ങൾ ദഗ്ദ്ധമാകാത്തതിനാൽ, വിചിത്രശക്തിയോടു ചേർന്ന് ആ കർമ്മവാസനയാൽ ബ്രഹ്മവിലക്ഷണരായിട്ട് ആ ജീവന്മാർ ഉത്ഥാനദശയിൽ ഭവിക്കുന്നു. എന്നാൽ മരണദശയെന്നതിൽ ഉത്ഥാനത്തിനു ഹേതുവില്ലായ്കയാൽ അവർക്കും എങ്ങിനെ ജനനം വരാം എന്നാൽ, വ്യവഹാരോപയോഗിയായ ഉത്ഥാനമില്ലായ്കയാൽ മരണമെന്നു പറയപ്പെട്ടു എന്നല്ലാതെ ലിംഗശരീരം, കാരണ ശരീരം ഇവകൾ ബ്രഹ്മജ്ഞാനം കൊണ്ട് വിട്ടുനീങ്ങാതിരിക്കുന്ന കാലമത്രയും ആ ഉപാധിയോടു ചേർന്ന ജീവൻ, ദേശാന്തരം പോയ പുരുഷൻ അവിടെ ജീവിച്ചിരിക്കേ അവൻ ചിലരുടെ ദൃഷ്ടിക്കു മാത്രം കാണപ്പെടാതെയിരിക്കേ അതുകൊണ്ട് അവൻ മരിച്ചവനാകാത്തതുപോലെ, മരിച്ചവനാകയില്ല. ഇപ്രകാരം ബ്രഹ്മജ്ഞാനി ഒരുത്തൻ തന്നെ മുക്തനാകും. ഇപ്രകാരം തെളിഞ്ഞാലും.

(അപ്രകാരം തന്നെ ശിഷ്യൻ തെളിഞ്ഞു. ആചാര്യൻ അനന്തരം സംശയമുദിക്കാതെ കാത്തുരക്ഷിക്കും നിമിത്തം ചില രഹസ്യങ്ങളെ അരുളിച്ചെയ്യുന്നു.)

മനോനാശാർത്ഥമായി, ബദ്ധകങ്കണനായി നിൽക്കുന്ന ശുദ്ധവീരാ, മുമ്പിൽ വിക്ഷേപശക്തി ബാധിക്കപ്പെട്ടതുപോലെ ഇപ്പോൾ ആവരണശക്തിയും ബാധിക്കപ്പെട്ടതിനാൽ ദ്വൈതപ്രപഞ്ചം ദർപ്പണ നഗരം പോലെ ഉദിക്കൽ, അതിനെ അഭിമാനിച്ച് പഞ്ചകർത്താക്കൾ നീതിയായി നടത്തുന്നതു പോലെ കാണിച്ച് ദ്വൈതത്തെ വിശ്വസിപ്പിക്കൽ, ഇതുകൾ യാതൊന്നും സിദ്ധിക്കുകയില്ല. എന്നാൽ നീതിയായി നീതിയായി എന്നതു വ്യവസ്ഥയെ സ്ഥാപിച്ച് ന്യായവിരോധ മില്ലാതെ ഇരിക്കുന്നതാകുന്നു നടത്തി മയക്കുന്ന സ്വഭാവത്തെ സകല സന്ദേഹനിവൃത്ത്യർത്ഥം ഇനിയും കുറഞ്ഞൊന്നാ ലോചിക്കാം.

ജാഗ്രത്തു വിട്ടുനീങ്ങി സ്വപ്നം അനുഭവിക്കപ്പെട്ടതായും ഈ രണ്ടും സുഷുപ്തിയിൽ മറയുന്നതായും അനന്തരം ഉണരു മ്പോൾ പ്രപഞ്ചം ഉദിക്കുന്നതായും കാണപ്പെടുന്നതിൽ വ്യവസ്ഥയുണ്ടോ ഇല്ലയോ? ഈ മൂന്നവസ്ഥകൾക്കും ഭേദം എന്ത്? എന്നു നോക്കിയാൽ ജാഗ്രത്, സ്വപ്നം ഈ രണ്ടിലും അനുഭവിക്കപ്പെടുന്ന വസ്തുക്കളിൽ ഭേദപ്പെടുന്നില്ല. എന്നാൽ അനുഭവം കൊണ്ടു ഭേദമുണ്ട്. സ്വപ്നത്തിൽ ഒരു ദേശത്തിൽ ചെന്ന് അവിടെ ചിലരാൽ സ്രക്ചന്ദനാദികൊണ്ട് ഉപചരിക്കപ്പെട്ടാൽ ആ അടയാളം ഉണർന്ന ശേഷം അവന്റെ സ്ഥൂലദേഹത്തിൽ കാണയ്കയാൽ ഈ രണ്ടവസ്ഥകൾക്കും ഭേദം സിദ്ധിക്കാമെന്നാൽ, സ്വപ്നം വാസനാമയമാകയാൽ, വാസനയെന്നത്ജാഗ്രദനുഭൂതിയുടെ ദാർഢ്യമാകയാൽ, അതു സത്യമാകയില്ല. എന്തെന്നാൽ ഗജതുരഗരഥപദാദികൾ മുതലായ വസ്തുക്കൾ സ്വപ്നാവസ്ഥയിൽ അനുഭവിക്കപ്പെട്ട് ഉത്തരക്ഷണ ത്തിൽ തിരോധാനപ്പെടുന്നു. നന്നായി ആലോചിക്കുമ്പോൾ അവ കല്പനാമാത്രമെന്നല്ലാതെ സത്യമാകയില്ല. അസത്യമായ

വസ്തുക്കളുടെ അനുഭവത്തെ ഒരവസ്ഥയായിട്ടു പറയുന്നത് നീതിയാകയില്ല. ഈ സ്വപ്നാവസ്ഥ അസത്യവും ജാഗ്രദവസ്ഥ സത്യവുമായതു കൊണ്ട് ഈ രണ്ടവസ്ഥകൾക്കും ഭേദമുള്ളതായിട്ടുണ്ട് എന്നു പറയാമെങ്കിലും ജാഗ്രദവസ്ഥ സത്യമായി സിദ്ധിച്ചാൽ അതു ശരി. സിദ്ധിച്ചില്ലെങ്കിൽ ഭേദവും സിദ്ധിക്കയില്ല. അതു എങ്ങിനെയെന്നാൽ, ജാഗ്രദവസ്ഥയിൽ അനുഭവിക്കപ്പെട്ട വസ്തുക്കൾ സ്വപ്നാവസ്ഥയിൽ കണ്ട വസ്തുക്കളെക്കാളും ഭിന്നപ്പെടായ്കയാൽ പദാർത്ഥഭേദം സിദ്ധിക്കയില്ല. അനുഭവഭേദം സിദ്ധിക്കാമെന്നാൽ, അനുഭവം എന്നതു ഏതിന്റെ വ്യാപാരമെന്നു നോക്കിയാൽ, കേവലം ബഹിഷ്കരണങ്ങളു ടേതുമല്ല, അന്തഃകരണങ്ങളുടേതുമല്ല. രണ്ടിന്റെയും സംബന്ധബലത്താൽ ആകുന്നുവെന്നാൽ, ഇതുകൾ സകലതും ജഡമാകയാൽ ആത്മപ്രകാശത്തെ അപേക്ഷിച്ചു തന്നെ മുൻപറഞ്ഞ അനുഭൂതി സിദ്ധിക്കേണ്ടതാണ്. അവനോ ദ്രഷ്ടാ; മറ്റുള്ള സകലതും ദൃശ്യം; ദൃശ്യമശേഷവും ഘടതുല്യമാകയാൽ, ഘടത്തിന് ജാഗ്രദാദ്യവസ്ഥകൾ സിദ്ധിക്കാത്തതു പോലെ, ഇവകൾക്കും സിദ്ധിക്കയില്ല. ദ്രഷ്ടാവിന്റേതാകാമെന്നാൽ, അവസ്ഥകളെ കടന്ന് സാക്ഷിയായിരിക്കുന്നവനെ എങ്ങിനെ സംബന്ധിക്കും? മേലും ഈ അവസ്ഥകൾ സുഷുപ്തിയിൽ കാണപ്പെടായ്കയാൽ ആത്മസംബന്ധം ഇല്ലെന്നുമാകും. ഈ ആത്മസംബന്ധത്തെ വിട്ടു നീങ്ങി ഒരു വസ്തുവും ഒരിടത്തും ഇരിക്കുമെന്നു സിദ്ധിക്കായ്കയാൽ അവസ്തുവുമാകും. അതോ, തോന്നിയും കാണാതെ മറഞ്ഞും വിവേകത്താൽ ബാധിക്കപ്പെടും. ഉള്ളത് അധിഷ്ഠാനത്തീന്നു കാലത്രയത്തിലും വേർപെടാതെ അധിഷ്ഠാനമായിത്തന്നെ സിദ്ധിക്കും. സ്വപ്നദ്രഷ്ടാവായ ആത്മാവിനെ ഒഴിച്ച് സ്വപ്നോത്ഥാനസമയത്തിൽ സ്വപ്നപ്രപഞ്ചമശേഷവും വേർപെടാതെ ആത്മമാത്രമായി

ശേഷിക്കുന്നതുപോലെ, അവസ്ഥാത്രയ സാക്ഷിയായ ദ്രഷ്ടാവിനെ ഒഴിച്ചു അവസ്ഥാത്രയം അശേഷവും വേർപെടാതെ ദ്രഷ്ടാവിന്റെ ദൃഗ്ധർമ്മമാത്രമായി ശേഷിച്ചു നിൽക്കും. പൂർവമീമാംസക മതത്തിൽ പറയപ്പെട്ട സ്വർഗ്ഗാദി ഫലഹേതുവായ അപൂർവവും ഈ ദൃഗ്ധർമ്മത്തിലടങ്ങി, ജാഗ്രത്ത് സ്വപ്നാവസ്ഥ കൾക്കും ഭേദത്തെ കല്പിക്കാൻ ശക്തിയില്ലാതെ നീങ്ങിപ്പോകും. ആകയാൽ വിവേകിക്കിൽ ഈ ദ്വൈതപ്രപഞ്ചത്തേയും മനസ്സായ തന്നെയും മിഥ്യയെന്ന് വിശ്വസ്സിപ്പിച്ചു നിൽക്കും പ്രകാരംതന്നെ മൃത്തിക മൃത്തികയിൽ ഭവിച്ച, ലോഷ്ടം[32], രത്നം ഈ രണ്ടും ഏതവസ്ഥകൊണ്ടു സമാനമായിട്ടില്ലാതെ ഭിന്നപദാർത്ഥങ്ങളെന്നപോലെ തോന്നി യാലും അതിപ്രകാശം കൊണ്ട് രത്നം വിവേകബുദ്ധിയിൽ പ്രതിവ്യവഹാരത്തിന് വേറാവാൻ പാടില്ലാത്തതുപോലെ, അജഡ മായി ഒരു ഭാഗവും ദൃശ്യപ്രകൃതിയിലടങ്ങി അനാത്മവസ്തു വായിക്കൊണ്ട് വിവേക ബുദ്ധിയിൽ ആത്മാവ് ഇതുകൾക്കന്യ മെന്നറിയുമാറ് സ്ഫുരിച്ചു നിൽക്കും.

ഇപ്രകാരം ജീവന്മാർ സദ്ഗുരുകൃപയാൽ സിദ്ധിച്ച വിവേകം കൊണ്ട് കർമ്മകാണ്ഡത്തിൽ പറഞ്ഞ പുണ്യപാപങ്ങളോടു ചേർന്ന് അനേകകോടി ജനനമരണങ്ങൾ ജീവനോടു ചേർന്നിരുന്നതായി പറയുന്നതിനാൽ, അവസ്ഥകളെപ്പോലെ ജനനമരണങ്ങളും നിലയില്ലാതെ വന്നുപോയവയായിരിക്കെ അവയോടു ചേർന്ന ജീവൻ അവിനാശിയായും അതുകളുടെ സംബന്ധവിയോഗങ്ങളാൽ വികാരമില്ലാത്തവനായും, അവയ്ക്കു സാക്ഷിയായും അല്ലെങ്കിൽ, അവനും അവകളെപ്പോലെ ഒരു വസ്തുവായി

[32] ലോഷ്!ടം – മണ്ണാങ്കട്ട

നശിക്കും. അങ്ങിനെയായാൽ അവകളും ജീവനും സിദ്ധിക്കാതെ നീങ്ങിപ്പോകും. അതോ ശ്രുതിയുക്ത്യനുഭവം ഈ മൂന്നിനും ചേരുകയില്ല. ആ നിമിത്തം അവനെ മുൻപറഞ്ഞ പ്രകാരം വ്യവസ്ഥാപിച്ചാൽ ആകാശത്തിൽ പെയ്യുന്ന വർഷത്താലും ദഹിക്കുന്ന സൂര്യകിരണതാപത്താലും ആകാശ ത്തിനു ശീത ഉഷ്ണസംബന്ധം സിദ്ധിക്കാത്തതു പോലെ, ഈ ആത്മാവിനും മുൻപറഞ്ഞ സംബന്ധം സിദ്ധിക്കുകയില്ല. തോന്നുന്നല്ലോ എന്നാൽ, അളവില്ലാതെ പ്രവാഹം പോലെ കാണപ്പെട്ടാലും മരുമരീചികാപ്രവാഹത്താൽ ഭൂമി നനകയില്ലാ ത്തതുപോലെ, ഇവകളുടെ സംബന്ധം ആത്മാവിനു സിദ്ധിക്കുകയില്ല. ഇപ്രകാരം ആലോചിക്കിൽ ജനനമരണങ്ങൾ നീങ്ങി ജീവന്മാർക്കു മോക്ഷമാർഗ്ഗം വെളിപ്പെടും. അപ്രകാരം തന്നെ കരയില്ലാത്ത സമുദ്രം കാറ്റിന്റെ ചലനവിശേഷത്താൽ അല, നുര, കുമിള മുതലായവകളാൽ വികാരത്തോടു ചേർന്നതായിട്ടും അതു അടങ്ങിയേടം നിർവികാരമായും കാണപ്പെട്ടാലും ജലം ജലമായിട്ടുതന്നെ സിദ്ധിച്ചിരിക്കുമ്പോലെ, വിക്ഷേപം, വിക്ഷേപത്തിന്റെ നീക്കം സാക്ഷിചൈതന്യത്തിനു സിദ്ധിക്കയില്ല എന്നു ആലോചിക്കു മ്പോൾ നീങ്ങിപ്പോകും. കാലതത്ത്വം തനിക്കന്യമായ പ്രപഞ്ചത്തെ അശേഷത്തേയും പ്രമാണപ്പെടുത്തുകകൊണ്ട് പ്രപഞ്ചത്തിന്നന്യമായും, സാക്ഷിയാൽ മാത്രം പ്രകാശിക്കയാൽ ചിദ്വിലക്ഷണമായും, സർവ്വസംഹാരമായിരിക്കകൊണ്ട് തനതു സംഹാരശക്തിയാൽ പ്രപഞ്ചത്തെ വ്യാപിക്കുമളവിൽ സമസ്തവും തൻ പരിണാമത്തെ വിട്ടുനീങ്ങി ഭാവാഭാവ സ്ഫൂർത്തിയില്ലാത്ത് മഹാശൂന്യസദൃശമായ മഹാകാലതത്ത്വ ത്തിന് വേറായിട്ടില്ലാതെ നീങ്ങിപ്പോകും. അപ്രകാരം സർവ്വസംഹാരകാലതത്ത്വാനു ഭോഗവൃത്തി ഉദിക്കുമ്പോൾ, തന്നിലുദിച്ച മഹാകാലതത്ത്വ ത്തിന്റെ സംഹാരശക്തികൊണ്ട് പ്രവേശിക്കുമ്പോൾ, കർപ്പൂരമല

തീപ്പെട്ടപോലെ, വസ്തുക്കൾ അശേഷവും അങ്ങനെയങ്ങനെ അഴിയുന്നതിനോട് ഇന്ന വിധമെന്നു പറയത്തക്കതല്ലാത്ത വ്യഥയേയും വ്യസനത്തെയും ഭയകമ്പാദിയേയും പ്രാപിച്ച് അപ്രകാരം തന്നെ നശിച്ച്, കാലതത്ത്വമായ തനതനുഭൂതിയിൽ നിന്നു സർവ്വസംഹാരകാരകത്വം പ്രപഞ്ചവിലക്ഷണമായും ചൈതന്യത്തീന്യമായും സർവ്വസംഹാരശക്തിയോടു ചേർന്ന തായും അനുഭൂതിയിൽ ഉദിച്ച പ്രകാരം നോക്കപ്പെട്ടാൽ അപ്രകാരം ഉദയമായ അനുഭൂതിവൃത്തിയുടെ ഗുണത്തിൽ നിന്നു വേറില്ലാത്തതായും ജഡമായും ഭവിച്ച്, മുൻപറഞ്ഞ പ്രകാരം ദൃഗ്ധർമ്മത്തിൽ അടങ്ങി,അതിൽ നിന്നു വേറെയില്ലാതെ നീങ്ങി നിൽക്കും. ആ ആത്മദൃഷ്ടി തന്നെ കാലത്തെ കടന്നിരിക്കയാൽ കാലാകാലനായ പ്രത്യക്കിനെ കാലതത്ത്വം ഒരിക്കലും സംബന്ധിക്കയില്ല. ഇങ്ങനെ വിവേകിച്ച് അനുഭവിച്ചാൽ സകല ദ്വൈതത്തെയും സംഹരിച്ച്, ആത്മസ്വരൂപത്തിൽ, അതിൽ നിന്നും അന്യമായിട്ടില്ലാതെ ആ ആത്മദൃക്കാൽ ഭുജിക്കപ്പെട്ട്, അതുമാത്രമായി ശേഷിച്ചു നിൽക്കും. അവിടെ ചോറുരുളപോലുള്ള ദ്വൈതപ്രപഞ്ചവും ഉപകരണം പോലുള്ള കാലതത്ത്വവും ഭക്ഷിക്കപ്പെട്ട മാത്രത്തിൽ പ്രത്യഗേകരസമായി വിലാസിക്കും. ആ അനുഭൂതി നിലയെ മതിക്കത്തക്കവരാര്? നോക്കത്തക്കവരാര്? ഇങ്ങനെ കാലതത്ത്വത്തെ ജയിച്ചാൽ അവിടെ ത്രിപുടി ഇല്ലായ്കയാൽ മനസ്സും നശിച്ചുപോകും. അതിനാൽ വന്ന ജനനമരണാദി സകല ദുഃഖങ്ങളും നീങ്ങിപ്പോകും. അപ്രകാരം തന്നെ സകല വിധിനിഷേധങ്ങളായ ശാസ്ത്രങ്ങളാൽ പറയപ്പെട്ട ബഹുവിധ പുണ്യപാപങ്ങൾ സ്വർഗ്ഗനരകാദികൾ, ഉച്ചനീചങ്ങളായ ജനനാദികൾ, ഇനിയും സമ്പത്ത്, ദാരിദ്രം, രോഗം മുതലായവകൾ, അശേഷവും കർമ്മത്തിൻ ഫലമായി കർത്താവെ സംബന്ധിച്ചതായി പറയപ്പെട്ടിരുന്നാലും അവകൾ ജാതിവർണ്ണാശ്രമധർമ്മനീതികുല

ഗോത്രാദികൾക്കു ആശ്രയമായ പ്രേതസമാനശരീരാദ്ധ്യാസത്തെ സംബന്ധിച്ച് സിദ്ധിച്ചിരിക്കയാൽ, ശരീരാദ്ധ്യാസം നീങ്ങിപ്പോയാൽ കർമ്മബന്ധവും നീങ്ങിപ്പോകും. കർമ്മബന്ധം നീങ്ങിയാൽ കർമ്മബോധകമായ അതിഭയങ്കരശാസ്ത്ര നിമിത്ത മായ ഭയവും നീങ്ങിപ്പോകയാൽ കുംഭീപാകാദി നരകമാകട്ടെ, അസിപത്രാദി ഘോരവനങ്ങളാകട്ടെ, ബ്രഹ്മാദി സ്തംബ[33]പര്യന്ത മുള്ള യോനികളിലെ ജനനമാകട്ടെ, ഇവ അശേഷവും ദേഹാദ്ധ്യാസത്തെ വിട്ടു നീങ്ങി, ദേഹസാക്ഷിയായ പ്രത്യഗഭിന്ന പരമാത്മസ്വരൂപത്തെ അനന്യമായനുഭവിച്ചാൽ ആ ആത്മ സ്വരൂപം ജാതിഗുണക്രിയാശൂന്യമായി ത്രിവിധപരിച്ഛേദശൂന്യ മായി, സജാതീയ വിജാതീയ സ്വഗതഭേദശൂന്യമായി, അദ്വൈത മായി, ചിന്മാത്രമായ അഖണ്ഡൈകരസ അപരോക്ഷ സാക്ഷാത്കാരമായി, പ്രകാശിക്കയാൽ, ആകാശത്തിൽ മേട്, പള്ളം[34] ഇവയെപ്പോലെ, സ്വരൂപത്തിൽ ഈ പ്രപഞ്ചം, ഇതു പ്രപഞ്ചകല്പകമായ മനസ്സ് ഇവ സകലവും കാലത്രയത്തിലും ഉണ്ടാകാനവസരമില്ലയെന്ന് ആത്മാനുഭൂതിയുണ്ടായി, തൽക്ഷണം മനോനാശം സിദ്ധിക്കും. ഇത്രത്രേ മുഖ്യാധികാരി കളുടെ മനോനാശമാർഗ്ഗ നിരൂപണം.

മദ്ധ്യമാധികാരികൾ മനോനാശാർത്ഥം ഹഠയോഗങ്ങളാൽ നിമിത്തമായിരിക്കും. ഈ രണ്ടു മാർഗ്ഗങ്ങൾ കൊണ്ടല്ലാതെ മനോനാശമാർഗ്ഗമായി മാർഗ്ഗാന്തരമില്ല. ആത്മാവു താനയിരിക്കകൊണ്ട് മനോജയം സുലഭമായും മുമുക്ഷുവിനാൽ ആത്മാവ് ശ്രവണാദി സാധനം കൊണ്ട് മറപ്പോടു കൂടി

[33] സ്തംബം – പുൽക്കൊടി
[34] പള്ളം – പടുകുഴി

അന്വേഷിക്കയാൽ മനോജയം കഠിനമായും ഭവിച്ച് ഇപ്രകാരം തെളിഞ്ഞാലും.

(ശിഷ്യൻ അങ്ങനെ തന്നെ ആചാര്യകരുണാകടാക്ഷമാകുന്ന വാളായുധത്തെ വിവേകമാകുന്ന കൈയ്യിൽ പിടിച്ചുകൊണ്ട് ജ്ഞാനശൂരനായി അന്തർമുഖപ്പെട്ട് ദേഹത്രയാദ്ധ്യാസമായ മൂന്നു തലയും ആവരണവിക്ഷേപമാകുന്ന രണ്ടു തലയും, അവകളോടുകൂടിയ മനസ്സാകുന്ന മൂർഖസർപ്പവും രജ്ജുസർപ്പമെന്നപോലെ കാണാതൊഴിഞ്ഞപ്പോൾ "ഓഹോ! നിനച്ച മാത്രത്തിൽ കിടുകിടത്തക്കതായ മനസ്സെവിടെ? ലോകമെവിടെ? കാലനെവിടെ? മാതാവിന്റെ ഉദരമെവിടെ? എന്താശ്ചര്യം! ആശ്ചര്യം!!" എന്നാനന്ദിച്ച് മനോജയംകൊണ്ട് നിഷ്ഠകൂടി. അനന്തരം ബഹിർമുഖനായി ആചാര്യരെ വണങ്ങി, "സച്ചിദാനന്ദ അഖണ്ഡൈകരസമായ എന്നിൽ നിന്ന് വേറായിട്ടൊന്നും കാണുന്നില്ല. രജ്ജുസർപ്പമായ മനസ്സ് എന്നെ എങ്ങനെ തീണ്ടും? ഞാനേ സർവകാലത്തും ഉള്ളവൻ" എന്നു ശിഷ്യൻ ആനന്ദപരവശനായി നിൽക്കുമ്പോൾ പ്രതിബന്ധ ധ്വംസാർത്ഥമായോ ബ്രഹ്മാനന്ദലഹരിയിനാലോ കരുണാധിക്യ വിശേഷത്താലോ ആചാര്യൻ മറുപടിയും മുമ്പിലരുളിച്ചെയ്തവ യുടെ സാരത്തെ അതിസംഗ്രഹമായിട്ട് അരുളിച്ചെയ്യുന്നു.)

ആചാര്യൻ: ദൃശ്യം, ദൃക് എന്ന രണ്ടു വസ്തു, അവയിൽ ദൃശ്യത്തെ ജഡം എന്നു പറയും. ദൃക് ചിത്ത് എന്നും പറയപ്പെടും. ജഡമായ ദൃശ്യവും, ദൃക്കിന്റെ ഉപാധിയായും ദൃശ്യത്തിന്റെ ഉപാധിയായും രണ്ടു പിരിവോടുകൂടിയതായി ഭാവിച്ച്, ആത്മാനാത്മവസ്തുക്കൾ പോലെ ഭവിച്ചു നിൽക്കും. വിധ ദൃക്കിന്റെ ഉപാധിയും കർത്താ ഭോക്താ ജ്ഞാതാ സുഖീ എന്ന ജീവോപാധികളായും അസംഗോദാസീനസാക്ഷി

കൂടസ്ഥബ്രഹ്മ പരമാത്മാവെന്ന പ്രത്യഗ്ബ്രഹ്മങ്ങളെ ബഹിർ മുഖമായാകട്ടെ, വിഷയീകരിക്കുമ്പോൾ വിഷയാകാരങ്ങളായി പരിണമിച്ചു ഭവിച്ചു വൃത്തികൾ ഫലമെന്നു പറയപ്പെടും. അവയോടു കൂടി ഘടം, പടം, മഠം എന്ന കൽപനയോടെ വിഷയങ്ങളിൽ മുങ്ങിയ ബുദ്ധി ചിദാഭാസവൃത്തിയെന്നു പറയപ്പെടും. ഈ പല ചിദാഭാസവൃത്തികൾ ഉദിച്ചും മറഞ്ഞും അവകളെ കുറിക്കാതെ പ്രകാശിപ്പിക്കാൻ കാരണമായി നിന്ന നിർവികാരവൃത്തി സാക്ഷിവൃത്തിയാകും. ഈ സാക്ഷി വൃത്തിയിൽ പ്രകാശിക്കകൊണ്ടു

പരമാത്മാവിന് സാക്ഷിയെന്നും, കല്പനാവൃത്തിയിൽ പ്രകാശിക്കകൊണ്ട് ചിദാഭാസനെന്നും, ഫലവൃത്തിയിൽ പ്രതിഫലിക്കകൊണ്ടു വിഷയമെന്നും, ചിദാഭാസവൃത്തി ഉദിക്കുമ്പോഴും അതിന്നാധാരമായിരുന്ന നിരാകാരസാക്ഷി വൃത്തിയിൽ പ്രതിഫലിച്ച ചൈതന്യത്തെ തനതു സ്വരൂപമായി കണ്ട് തന്റെ സാക്ഷിസ്വഭാവം മറഞ്ഞതിനാൽ അന്തര്യാമി യെന്നും, തന്റെ മറവിൽ അവൻ കാണപ്പെടാത്തതു കൊണ്ട് ആ അന്തര്യാമിയായ ഈശൻ പരോക്ഷൻ എന്നും, വിവേകാനു ഭൂതിയാൽ അവനെ താനായി അനുഭവിക്കുമ്പോൾ താൻ തന്നെ അപരോക്ഷമായ ബ്രഹ്മസ്വരൂപമെന്നും ശ്രുതിയുക്തികളെ നിരന്തരാനുഭവമായി പറയത്തക്കതായിരിക്കും.

ഇപ്രകാരമറിഞ്ഞ്, ബന്ധമോക്ഷവ്യവഹാരത്തിന്ന് ആധാര മായ ദ്വൈതാദ്വൈത വികാസഭേദമെല്ലാം മുൻപറഞ്ഞ വൃത്തിഭേദത്തെ ഒഴിച്ചു വേറേയില്ലായ്കയാൽ, ആ വൃത്തിയും കല്പിതമായതു കൊണ്ട് വാസ്തവത്തിൽ ഇല്ലായ്കയാൽ ഘടപടാദി ഇഹപരങ്ങളായി പരിണമിച്ച ഫലവൃത്തിയെ അതിനെ ചൂണ്ടി നിന്ന് ചിദാഭാസ വൃത്തിയിലും, അതിനെ അതിൽനിന്നു മറഞ്ഞും അതിനെ അറിയുന്ന

സാക്ഷിവൃത്തിയിലും ആയിട്ടു ലയിപ്പിച്ചു സാക്ഷിവൃത്തി മാത്രമായി നിൽക്കുമ്പോൾ ദൃശ്യങ്ങൾ അശേഷവും ദൃക്കായിട്ടു മാത്രം കാണും. ആ ദൃഗുപാധിയിൽ ദൃശ്യം വിട്ടുനീങ്ങിയിരുന്നാലും അവിടെ ഉദിക്കുന്ന വിവേകത്താൽ ആ ദൃഗുപാധി ദൃശ്യമായി നിരുപാധികദൃങ്മാത്രമായി ശേഷിച്ച്, സ്വയം താനായി പ്രകാശിക്കും. ഇതാകുന്നു സകല വേദാന്തങ്ങളുടേയും ചുരുക്കം.

ദ്വൈതം ദൃശ്യമായിരിക്കും. ദൃക്ക് തന്നെ അദ്വൈത മായിരിക്കും. അതേ സ്വയംവസ്തു, ആത്മാവിനെ ചിന്തിച്ചാലും ജഗത്തെ ചിന്തിച്ചാലും സ്വയം വസ്തുവായി ഭവിക്കിൽ പ്രത്യഗഭിന്ന ബ്രഹ്മമാകുന്ന കൂടസ്ഥനായി താനായിട്ടു തന്നെ സമസ്തവും പ്രകാശിക്കും. അതു എങ്ങിനെയെന്നാൽ, സ്വയം ഗോപുരമെന്നിടത്ത് അതിൽ കാണപ്പെടും ചിത്രങ്ങളെ ഗോപുരമല്ലെന്നു നിഷേധിക്കുമ്പോൾ ആ ഉപാധിയെ വിട്ട് നീങ്ങി നിൽക്കും. അപ്രകാരമേ, ഓരോ ഉപാധികളെയും നീക്കിക്കണ്ടാൽ നിരുപാധികമായി ദൃശ്യാദൃശ്യ വിഷയം കൂടാതെ, ഭേദിക്കപ്പെടാതെ, സ്വയം താനായിതന്നെ പ്രകാശിക്കും. അപ്രകാരം സ്വയം ജഗത്തെന്ന് നോക്കിയാൽ ഈ ജഗത്തും തന്റെ ഉപാധികളെ വിട്ടു നീങ്ങി ദൃശ്യാദൃശ്യ ത്തോന്നലറ്റ് സ്വയം താനായിത്തന്നെ പ്രകാശിക്കും. ആകയാൽ നീ, ഞാൻ, അത്, ഇത്, ജഗത്ത്, ഈശൻ, ജീവൻ, ഗുരു, ശിഷ്യൻ, ബന്ധം, മോക്ഷം മുതലായ ഭേദം, ഇവകൾ വിട്ടു നീങ്ങിയ അഭേദം, ഈ സകലവും തന്നെ ഒഴിച്ചു വേറേയില്ല. താൻതന്നെ ത്രിവിധ പരിച്ഛേദരഹിത അസഹായശൂരനായ, സ്വയം പ്രകാശമഹത്വമായ, സ്വയംപ്രഭു ആകയാൽ ഇപ്രകാരം പ്രാകാശിക്കുന്ന നിനക്കു ഇനി എന്തോന്നു ഉപദേശിക്കു വാനുള്ളത്

ഇപ്രകാരം അരുളിച്ചെയ്ത് രണ്ടുപേരും താനായി സ്വയം പ്രകാശമായി പ്രകാശിച്ചു.